# ജീവദീപ്തി

jeevadeepthi@gmail.com

*August 2025 Book 08 Volume 15*





മാമംഗലം മൗണ്ട് കാർമ്മൽ ദേവാലയത്തിൽ
പരിശുദ്ധ കർമ്മല നാഥയുടെ
തിരുനാൾ മഹോത്സവം
2025 ആഗസ്റ്റ് 12 മുതൽ 15 വരെ
• തിരുനാൾ പ്രസുദേന്തിമാർ •
JUBILEE 2025
PILGRIMS OF HOPE
മഹാജൂബിലി
2025
വികാരി
റവ. ഫാദർ സേവ്യർ സാജൻ
പടിയാരംപറമ്പിൽ

*കവിത*



**ഫാ. എബിജിൻ**
**അറക്കൽ**

# പടിഞ്ഞാറുദിച്ച സൂര്യൻ

സൂര്യൻ കിഴക്കുദയം ചെയ്തിരുന്നകാലം
നാട്ടുരാജ്യങ്ങളും രാജാക്കളും ചക്രവർത്തിമാരും – പിന്നെ
പാവം പ്രജകളും നിശ്ചിത വലയങ്ങളിൽ
ജീവിച്ചു തീർന്ന ജീവിതങ്ങൾ ധന്യം നിശ്ചയം.
കറുത്ത പൊന്നും വിഭവ സമ്പത്തും
നാടിന്റെ ഉള്ളറകളിൽ നിറഞ്ഞിരുന്ന കാലം
മണ്ണിന്റെ മണമുള്ള മനുഷ്യരുണ്ടായിരുന്നു
മണ്ണാണു മനുഷ്യനെന്ന അറിവുണ്ടായിരുന്നു.
നന്മയുടെ നിറമുള്ള പൂക്കൾ വിരിഞ്ഞിരുന്നു.
പിന്നെയെപ്പോഴൊ പാശ്ചാത്യരെത്തി
കിഴക്കുദിച്ച സൂര്യനെ കട്ടോണ്ടുപോയി.
സൂര്യൻ പിന്നെ പടിഞ്ഞാറുദിക്കാൻ തുടങ്ങി.
കിഴക്കിന്റെ സൂര്യൻ അസ്തമിച്ചു പോയി.
പിന്നെ നഷ്ടവെട്ടം തിരിച്ചു കിട്ടാൻ പോരാട്ടമായി.
പടിഞ്ഞാറുദിച്ച സൂര്യൻ ഒരുപാട് പൊള്ളിച്ചു
കറുത്ത പൊന്നും വിഭവ വൈവിധ്യവും
ഊറ്റിയെടുത്തോടി പാശ്ചാത്യരപ്പോഴും!
പാറിപ്പറന്ന പാവം ചെല്ലക്കിളിക്കൂട്ടം
കൂട്ടിലടച്ചപോൽ ചട്ടക്കൂടിലായ്!
പോരാട്ടം തുടർന്നും ചോരച്ചാലൊഴുക്കിയും
കിഴക്കുനിന്നൊരു സൂര്യോദയത്തിനായവർ കാത്തിരുന്നു.
ഒരു മഹാത്മാവിന്റെ വാക്കിലും മരുവിലും
ചോരചിന്താത്ത, ഹിംസയില്ലാത്ത പോരാട്ടം ഉയരവെ
പടിഞ്ഞാറുദിച്ച സൂര്യനെ കിഴക്കോട്ട് വലിച്ചെടുത്തു.
സൂര്യൻ കിഴക്കുദിക്കാൻ തുടങ്ങി.
വീണ്ടും പ്രഭാതമായി, നഷ്ടവെട്ടം തിരികെ വന്നു.
കൂട്ടിലെ കിളികൾക്ക് ആകാശം സ്വന്തമായി.
ഇനിയും ഓർമ്മകളുണ്ടാകണം –
കിഴക്കുദിക്കുന്ന സൂര്യനെ ദിശ മാറ്ററുതൊരിക്കലും,
ഒരുപാടു പൊള്ളിക്കുന്ന രശ്മികൾ പൊഴിക്കരുതൊരു നാളും,
കിട്ടിയ വെട്ടം കളയാതെ കാക്കണം
കരുതണം വെട്ടം നാളെയ്ക്കായ് നിശ്ചയം.



# ജീവദീപ്തി
JEEVADEEPTHI

August 2025 Vol 15 Book 08



<u>രക്ഷാധികാരി</u>
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

<u>സഹരക്ഷാധികാരി</u>
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

<u>മാനേജിംഗ് എഡിറ്റർ</u>
ഫാ. യേശുദാസ് പഴമ്പിള്ളി

<u>പത്രാധിപർ</u>
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

<u>സഹപത്രാധിപർ</u>
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

<u>സർക്കുലേഷൻ മാനേജർമാർ</u>
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

<u>രൂപകല്പന</u>
ടാബി ജോർജ്ജ്

<u>ടൈപ്പ് സെറ്റ്</u>
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

<u>ഓഫീസ് മാനേജർ</u>
മാനുവൽ പൊടുത്തോർ


<u>പത്രാധിപസമിതി</u>
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com



08




04


## ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക്

*‘അർദ്ധരാത്രിയുടെ നിശ്ശബ്ദയാമത്തിൽ, ലോകം ഉറങ്ങുമ്പോൾ, ഇന്ത്യ ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരും...’ – ജവഹർലാൽ*



## പരീക്ഷണ വിധേയമാകുന്ന പൗരോഹിത്യം


*ദിവംഗതനായ ബെനഡിക്ട് പതിനാറാമൻ പാപ്പയാണ് 2009–2010 കാലയളവ് 'പുരോഹിതരുടെ വർഷം' (Year of*



06

## ഊന്നുവടികളായ് മാറുന്ന പുരോഹിത ജീവിതങ്ങൾ

*എന്റെ പൗരോഹിത്യകാലത്ത് എന്നെ സ്വാധീനിച്ച ചില പുരോഹിതരുടെ ജീവിതത്തെ അനുസ്മരിക്കുവാനാണ്.*





## പടിഞ്ഞാറുദിച്ച സൂര്യൻ

*സൂര്യൻ കിഴക്കുദയം ചെയ്തിരുന്നകാലം നാട്ടുരാജ്യങ്ങളും രാജാക്കളും ചക്രവർത്തിമാരും – പിന്നെ*

01


നിശബ്ദമായ ഭാരം.......... 10
വൈകി വന്ന പിടിവാശികൾ.......... 12
മനോഹരമായ കൈകൾ.......... 14
വെള്ള കുപ്പായമണിഞ്ഞ.......... 15
കുഞ്ഞിക്കുരുവിയും.......... 17
ചരിത്രത്തിലെ മായാത്ത മുഖങ്ങൾ.......... 18
സ്വാതന്ത്ര്യത്തിൽ നിന്ന് .......... 21
പുതിയ ഇന്ത്യ.......... 22
മാതൃഭക്തനായ ഇടയശ്രേഷ്ഠൻ.......... 24
സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം.......... 26
പനാമ മിഷൻ.......... 28
കൂട്ടിനുള്ളിലെ പുള്ളിപ്പുലി.......... 30
സ്വർഗ്ഗാരോപണം.......... 31
വാർത്തകൾ.......... 35
ബൈബിൾ വിചിന്തനം.......... 38
പിൻമൊഴി.......... 40

# ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക് ഉണർന്ന രാത്രി



**ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്**

*'അർദ്ധരാത്രിയുടെ നിശ്ശബ്ദയാമത്തിൽ, ലോകം ഉറങ്ങുമ്പോൾ, ഇന്ത്യ ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരും...' - ജവഹർലാൽ നെഹ്റു, ഇന്ത്യൻ പ്രധാനമന്ത്രി*

**പ്രഭാതത്തിന്റെ വക്കിൽ ഒരു ദേശം**

1947 ഓഗസ്റ്റ് 14-ന്, നിശബ്ദവും വിറയാർന്നതുമായ ആ രാത്രിയിൽ, ഇന്ത്യൻ ഉപഭൂഖണ്ഡം വിധിയുടെ വക്കിൽ നിന്നു. ഏകദേശം 200 വർഷത്തെ കൊളോണിയൽ ഭരണം അവസാനിക്കാൻ പോവുകയായിരുന്നു. വിദേശാധിപത്യത്തിൽ നിന്ന് മാത്രമല്ല, സ്വയംഭരണത്തിന്റെയും ഉത്തര വാദിത്തത്തിന്റെയും പ്രത്യാശയുടെയും അനിശ്ചിതത്വങ്ങളിലേക്കാണ് ഇന്ത്യ ഉണർന്നത്.

പ്രതീക്ഷയുടെ കനം അന്തരീക്ഷത്തിൽ നിറഞ്ഞുനിന്നു. വീടുകളിൽ എണ്ണവിളക്കുകൾ മിന്നി, തെരുവുകളിൽ തീക്കുണ്ഠങ്ങൾ പ്രകാശിച്ചു, ആളുകൾ തെരുവുകളിലും ക്ഷേത്രങ്ങളിലും ഒത്തുകൂടി. ദീർഘകാലം നിശ്ശബ്ദരാക്കപ്പെട്ട ഒരു ജനത സ്വന്തം ശബ്ദത്തിൽ സംസാരിക്കാൻ തയ്യാറെടുക്കുകയായിരുന്നു.

**നിയമപരമായ മാറ്റം: ഒരു നിശ്ശബ്ദ വിപ്ലവം**

ഇന്ത്യയുടെ സ്വാതന്ത്ര്യം ഒരു രാജകീയ പ്രഖ്യാപനത്തിലൂടെയോ, അർദ്ധരാത്രിയിലെ രക്ത ച്ചൊരിച്ചിലിലൂടെയോ ആയിരുന്നില്ല ലഭിച്ചത്; മറിച്ച്, ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ ഇന്ത്യൻ സ്വാതന്ത്ര്യ നിയമം 1947 വഴിയായിരുന്നു. ഓഗസ്റ്റ് 15 മുതൽ ഇന്ത്യയും പാകിസ്ഥാനും ബ്രിട്ടീഷ് കോമൺവെൽത്തിന് കീഴിലുള്ള രണ്ട് പ്രത്യേക ഡൊമിനിയനുകളായിരിക്കുമെന്ന് അത് പ്രഖ്യാപിച്ചു.

അധികാരം കൈമാറുന്നതിനുള്ള ചുമതല അവസാനത്തെ ബ്രിട്ടീഷ് വൈസ്രോയിയായ ലോർഡ് ലൂയിസ് മൗണ്ട്ബാറ്റനായിരുന്നു. ഇന്ത്യയുടെ ആദ്യത്തെ ഗവർണർ ജനറലായി അദ്ദേഹം കുറച്ചുകാലം തുടർന്നെങ്കിലും, യഥാർത്ഥ അധികാരം ഇന്ത്യൻ കൈകളിലേക്ക് മാറിയിരുന്നു, മാറ്റാനാവാത്ത വിധം.

**അർദ്ധരാത്രിയിലെ സമ്മേളനം**

കൃത്യം രാത്രി 11:00-ന്, ന്യൂഡൽഹിയിലെ ഭരണഘടനാ നിർമ്മാണ അസംബ്ലി ഹാളിൽ, ഇന്ത്യയുടെ നേതാക്കൾ പ്രത്യേക അർദ്ധരാത്രി സമ്മേളനത്തിനായി ഒത്തുകൂടി. രാജ്യത്തിന്റെ പ്രതീകാത്മകവും ആത്മീയവുമായ ജനനം.

രാത്രി 11:58-ന്, ജവഹർലാൽ നെഹ്റു സംസാരിക്കാൻ എഴുന്നേറ്റു. അദ്ദേഹത്തിന്റെ വാക്കുകൾ ഒരു പ്രഖ്യാപനം മാത്രമായിരുന്നില്ല; മറിച്ച് ഒരു പ്രതിജ്ഞയും കൂടിയായിരുന്നു:

'വർഷങ്ങൾക്കു മുൻപ് ഞങ്ങൾ വിധിയുമായി ഒരു കൂടിക്കാഴ്ച നടത്തി, ഇപ്പോൾ ആ പ്രതിജ്ഞ നിറവേറ്റാനുള്ള സമയമായിരിക്കുന്നു... ദീർഘകാലം അടിച്ചമർത്തപ്പെട്ട ഒരു രാഷ്ട്രത്തിന്റെ ആത്മാവ് ഇപ്പോൾ ഉണർന്നിരിക്കുന്നു."

ഒരു കാലത്ത് പോരാട്ടങ്ങൾ നിറഞ്ഞ ആ മുറി ഇപ്പോൾ അഭിമാനത്താൽ മുഴങ്ങി. ചരിത്രം ആർക്കും കൈമാറപ്പെട്ടതായിരുന്നില്ല അത് അവകാശപ്പെടുകയായിരുന്നു.

**മൗണ്ട്ബാറ്റന്റെ പ്രസംഗം**

അന്ന് വൈകുന്നേരം ലോർഡ് മൗണ്ട്ബാറ്റൻ ശാന്തമായ അസംബ്ലിയെ അഭിസംബോധന ചെയ്തു:(സ്വരത്തിൽ)

'ഇന്ന്, ഇന്ത്യ സ്വതന്ത്രമാകുന്നു. ഈ ഗംഭീര നിമിഷത്തിൽ, ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് പ്രകാശഗോപുരമായി മാറിയ മഹാത്മാഗാന്ധിക്ക് കൃതജ്ഞതകൾ അർപ്പിക്കുന്നത് ഉചിതമാണ്...' ഗാന്ധിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശം ഒരു സത്യത്തിന് അടിവരയിട്ടു: ഇന്ത്യയുടെ സ്വാതന്ത്ര്യം യുദ്ധക്കളങ്ങളാലായിരുന്നില്ല

നേടിയെടുത്തത്, മറിച്ച് ആശ്രമങ്ങളിലും, ജയിൽ മുറികളിലും, പൊടിപിടിച്ച വഴികളിലും അസാധാരണമായ മനസ്സാക്ഷിയുടെ ശക്തിയാൽ നയിക്കപ്പെട്ട സാധാരണ ജനങ്ങളുടെ ജനകീയ പ്രസ്ഥാനങ്ങളിലുമായിരുന്നു.

**ആഘോഷവും സങ്കീർണ്ണതയും**

അർദ്ധരാത്രി സമയം കൃത്യം 12 ആയപ്പോൾ, യൂണിയൻ ജാക്ക് താഴ്ത്തപ്പെടുകയും, ആദ്യമായി, അശോകചക്രമുള്ള ഇന്ത്യൻ ത്രിവർണ്ണ പതാക സ്വതന്ത്ര ഇന്ത്യക്ക് മുകളിൽ ആകാശത്ത് പറക്കുകയും ചെയ്തു. രാജ്യം മുഴുവൻ ആഘോഷങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ജനക്കൂട്ടം ഒത്തുകൂടി, ദേശഭക്തി ഗാനങ്ങൾ ആലപിച്ചു, നൃത്തം ചെയ്തു. വീടുകൾ വിളക്കുകളും മെഴുകു തിരികളും കൊണ്ട് പ്രകാശിച്ചു. പഴയ സ്വാതന്ത്ര്യസമര സേനാനികളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകി. ചിലർ അപരിചിതരെ കെട്ടിപ്പിടിച്ചു; മറ്റുള്ളവർ നിശ്ശബ്ദമായി നന്ദി പ്രകടിപ്പിച്ചു.

എന്നിട്ടും, ഈ ആഘോഷം ദുഃഖപൂരിതമായി. തിടുക്കത്തിൽ നടപ്പിലാക്കിയ വിഭജനം, അപ്പോഴേക്കും അക്രമത്തിനും, പലായനത്തിനും, ഭിന്നതയ്ക്കും തിരികൊളുത്തിയിരുന്നു. ഇന്ത്യയ്ക്കും പുതുതായി രൂപീകരിച്ച പാക്കിസ്ഥാനുമിടയിലുള്ള ട്രെയിനുകൾ അഭയാർത്ഥികളെയും മൃതദേഹങ്ങളെയും വഹിച്ചു. ഏകദേശം 15 ദശലക്ഷം ആളുകൾ കുടിയിറക്കപ്പെട്ടു; ഒരു ദശലക്ഷത്തിലധികം ആളുകൾ വർഗീയ കലാപങ്ങളിൽ മരിച്ചു. ഇന്ത്യ ജനിച്ചത് വെളിച്ചത്തിലായിരുന്നു എന്നാൽ ഇരുട്ടിലുമായിരുന്നു.

**ഗാന്ധിയുടെ അസാന്നിധ്യവും സാന്നിധ്യവും**

ഭാരത സ്വാതന്ത്ര്യത്തിനു നേതൃത്വം നൽകിയ മഹാത്മാഗാന്ധിയുടെ സാന്നിദ്ധ്യം ഡൽഹിയിലെ ആഘോഷങ്ങളിൽ ഇല്ലായിരുന്നു. അക്രമാസക്തമായ കലാപങ്ങൾക്കിടയിൽ സമാധാനത്തിനായി ഉപവസിച്ചും പ്രാർത്ഥിച്ചും അദ്ദേഹം രാത്രി കൊൽക്കത്തയിൽ ചെലവഴിച്ചു. ഇന്ത്യ മുഴുവൻ ആഹ്ളാദിച്ചപ്പോൾ, ഗാന്ധി ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കുമിടയിൽ നടന്ന് സമനിലയ്ക്കും അനുരഞ്ജനത്തിനും വേണ്ടി അപേക്ഷിച്ചു.

അദ്ദേഹത്തിന്റെ നിശ്ശബ്ദമായ പ്രതിഷേധം ഒരു ഓർമ്മപ്പെടുത്തലായിരുന്നു: രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെടുത്തെങ്കിലും, സാമൂഹിക സൗഹാർദ്ദം ഇനിയും സാക്ഷാത്കരിക്കപ്പെടാത്ത ഒരു സ്വപ്നമായി അവശേഷിച്ചു.

*ഉപസംഹാരം:*

**78 വർഷങ്ങൾ കഴിഞ്ഞു ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചിട്ട്. നാം ഒത്തിരി മുന്നേറി, പക്ഷേ, നമുക്കു ലഭിച്ച, സ്വാതന്ത്ര്യവും ജനാധിപത്യവും വീണ്ടും ചോദ്യം ചെയ്യപ്പെടുകയാണ്. ഒരിക്കൽ ഒരു കുട്ടി ഗാന്ധിജിയോട് ചോദിച്ചു: 'എന്താണ് ജനാധിപത്യം'. ഗാന്ധിജി പറഞ്ഞു: 'നിങ്ങൾ ഒരു ഓട്ടമത്സരത്തിൽ പങ്കെടുത്ത് ജയിച്ചു കഴിയുമ്പോൾ നിങ്ങൾ ജയിച്ചു എന്ന**

**ത്രം ധരിക്കാതെ കൂടെ ചിലർ ഓടിയിരുന്നുവെന്ന് ഓർക്കുന്നതാണ് ജനാധിപത്യം. ഒറ്റയ്ക്ക് ഓടിയാൽ ആരും ജയിക്കില്ല. അതുകൊണ്ട് നിങ്ങൾ ജയിച്ചത് കൂടെ ഓടി തോൽക്കുവാൻ ചിലർ ഉണ്ടായിരുന്നതുകൊണ്ടാണ്.' പരാജിതരെയും പാവപ്പെട്ടവരെയും പരിഗണിക്കുന്ന ഒരു ജനാധിപത്യ ഇന്ത്യയാണ് സ്വതന്ത്ര ഭാരതത്തിനുവേണ്ടത് എന്ന് ഗാന്ധിജി എന്നും ആവേശത്തോടെ പറഞ്ഞിരുന്നു. പക്ഷെ, ഇന്ന് പരാജിതരെയും പാവപ്പെട്ടവരെയും അവഗണിക്കുന്ന ഒരു ഇന്ത്യൻ ഭരണത്തിനും സ്വാതന്ത്ര്യത്തിനും പ്രസക്തി നഷ്ടപ്പെടുന്നില്ലേ? നമുക്കു സ്വാതന്ത്ര്യം ലഭിച്ചത് 1947 ഓഗസ്റ്റ് 15-ാം തീയതി അർദ്ധരാത്രിയാണ്. അർദ്ധരാത്രിയായതുകൊണ്ടുതന്നെ അന്ധകാരത്തിന്റെ നിഴലുകൾ ഇന്നും നമുക്കു ചുറ്റും വ്യാപിക്കുന്നുണ്ട്.**



# ഊന്നുവടികളായ് മാറുന്ന പുരോഹിത ജീവിതങ്ങൾ



**ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ**

*ഓഗസ്റ്റ് നാലാം തീയതി വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ ഓർമ്മദിനമാണ്. വൈദികരുടെ അഭിമാനവും, സന്തോഷവുമാണ് വിയാനി പുണ്യവാളൻ. അദ്ദേഹത്തിന്റെ ദിവ്യശോഭ വിളങ്ങിയ ഏതാനും വൈദികരെ സ്വജീവിതാനുഭവത്തിൽനിന്നും അനുസ്മരിക്കുകയാണ് നമ്മുടെ പ്രിയ വാലുങ്കൽ പിതാവ്.*

## അജപാലകശ്രേഷ്ഠനായ ഡേവിഡ് വടശ്ശേരിയച്ചൻ

.

എന്റെ ജീവിതത്തിൽ ആദ്യം അനുസ്മരിക്കുന്ന വൈദികൻ ഡേവിഡ് വടശ്ശേരിയച്ചനാണ്. കാക്കനാട് സെന്റ്. മൈക്കിൾ പള്ളി വികാരിയായിരിക്കുമ്പോൾ തുതിയൂർ പള്ളിയും, എരൂർ പള്ളിയും അച്ചന്റെ മേൽനോട്ടത്തിലായിരുന്നു. രാവിലെ തുതിയൂർ പള്ളിയിൽ കുർബാന ചൊല്ലിയ ശേഷം വൈറ്റില, തൃപ്പൂണിത്തുറ വഴി കൃത്യം 9.30ന് തന്റെ വേസ്പ സ്കൂട്ടറിൽ എരൂർ എത്തുന്ന ഡേവിഡച്ചൻ ഞങ്ങളുടെ ആരാധ്യപുരുഷനായിരുന്നു. തിരുനാൾ ദിവസം മാത്രമേ എരൂർക്കാരായ ഞങ്ങൾക്ക് വികാരിയച്ചന്റെ സാന്നിധ്യം കൂടുതൽ ലഭിക്കൂ. തിരുനാൾ പ്രദക്ഷിണം കഴിഞ്ഞ് പള്ളിമുറ്റത്തുള്ള കടകളിൽനിന്ന് ചുവപ്പും, വയലറ്റും മിഠായി വാങ്ങി കുട്ടികളായ ഞങ്ങൾക്കായി പങ്കിട്ടു




തരുന്ന ആ ശ്രേഷ്ഠ വൈദികനെക്കുറിച്ചുള്ള ഓർമ്മ ഒരു പുരോഹിതൻ തന്റെ ജനങ്ങൾക്കായി ഏറ്റെടുക്കുന്ന കൃത്യബാഹുല്യത്തെയാണ് അനുസ്മരിപ്പിക്കുന്നത്.



## സ്നേഹമൂർത്തിയായ ക്ലീറ്റസച്ചൻ

ഞങ്ങൾ മൈനർ സെമിനാരിയിൽ ചേർന്ന സമയം റെക്ടർ ബഹുമാനപ്പെട്ട ക്ലീറ്റസ് പറമ്പലോത്ത് അച്ചനായിരുന്നു. 25 പേരടങ്ങുന്ന ഞങ്ങളുടെ ബാച്ചിന് അത്യാവശ്യം കൂടുതൽ കുസൃതികളുണ്ടായിരുന്നു. ഒരിക്കൽ ഞങ്ങളുടെ സീനിയർ ബാച്ചുകാർ ക്ലാസ്സ് കഴിഞ്ഞ് മടങ്ങവേ സെമിനാരിയിലേക്കുള്ള

ചുറ്റിവളഞ്ഞുള്ള നടപ്പ് ഒഴിവാക്കാനായി കോളേജ് മതിൽ ചാടിക്കടന്നു. ഇക്കാര്യം ശ്രദ്ധയിൽപെട്ട കോളേജ് മാനേജർ റെക്ടറച്ചനെ വിവരമറിയിച്ചു. റെക്ടറച്ചൻ വൈകുന്നേരം എല്ലാവരെയും ഒരുമിച്ചുകൂട്ടി ശകാരിച്ചു. ശകാരിക്കുമ്പോഴും ദേഷ്യത്തേക്കാൾ ഉപരി റെക്ടറച്ചന്റെ മുഖത്തു നിഴലിക്കുന്ന ദുഃഖമാണ് സെമിനാരിക്കാരായ ഞങ്ങൾക്ക് പ്രയാസകാരണമായത്. ഞങ്ങളുടെ ബാച്ചിൽ 25 പേരിൽ 17 പേരും വൈദികപട്ടം സ്വീകരിക്കാൻ ഇടയാക്കിയത്, ശിക്ഷണത്തേക്കാൾ സ്നേഹത്തോടെയുള്ള അച്ചന്റെ തിരുത്തലുകളായിരുന്നു. സ്നേഹത്തോടെയുള്ള പുരോഹിതരുടെ ശിക്ഷ നന്മ പ്രദാനം ചെയ്യും എന്നതിന്റെ ഉത്തമ ഉദാഹരണമാണ് മോൺ. ക്ലീറ്റസിന്റെ ജീവിതം.



**.സർവ്വംസഹയായ പള്ളനച്ചൻ**

.

ഞാൻ വൈദികനായ ശേഷം അഞ്ചു വർഷത്തോളം ബഹുമാനപ്പെട്ട റൈമണ്ട് പള്ളനച്ചന്റെ കൂടെയാണ് വിയാനി ഹോം സെമിനാരിയിൽ കഴിഞ്ഞത്. ഒരിക്കൽ ഞാനും പള്ളനച്ചനും കൂടി എന്റെ സൈക്കിളിൽ പുറത്തു പോയി തിരിച്ചു വരികയായിരുന്നു. ഒരു കാറ് ഞങ്ങളുടെ സൈക്കിളിന്റെ പിറകിൽ ഇടിച്ചു. സൈക്കിളിൽനിന്ന് തെറിച്ച് പള്ളനച്ചൻ ഇടിച്ച കാറിന്റെ ബോണറ്റിലും ഞാൻ റോഡിലും വീണു. വീഴ്ചയിൽ നിന്ന് എഴുന്നേറ്റപ്പോൾ എന്റെ കൈയിലും കാലിലും തൊലി മൊത്തം പോയിരുന്നു. പള്ളനച്ചൻ ഓടി എന്റെ അടുക്കൽ വന്നു പറഞ്ഞു ഉടൻതന്നെ ഹോസ്പിറ്റലിൽ പോകാമെന്ന്. അച്ചനോട് ഞാൻ വിവരം തിരക്കിയപ്പോൾ എന്റെ കാലിന് ചെറുതായൊരു വേദന മാത്രമേയുള്ളൂവെന്ന് പറഞ്ഞു. എന്നാൽ ഡോക്ടർ പരിശോധിച്ചപ്പോൾ എനിക്കല്ല കൂടുതൽ പരിക്ക് പള്ളനച്ചനായിരുന്നുവെന്ന് മനസ്സിലായി. തന്റെ തുടർന്നുള്ള എല്ലാ ശാരീരിക വേദനകൾക്കും ആദ്യകാരണമായത് ഈ വീഴ്ചതന്നെയായിരുന്നു. പക്ഷേ തന്റെ വേദനയെക്കാളും മറ്റുള്ളവരുടെ വേദനയ്ക്ക് പരിഗണന നല്കുന്ന പള്ളനച്ചൻ വിശുദ്ധിയുടെ പാതയിലൂടെയാണ് മുന്നേറുന്നത് എന്നതിന്റെ തെളിവാണ് ഈ അപര പരിഗണന.

എൻ.എൽ. കക്കാടിന്റെ സഫലമീയാത്രയിലെ വരികൾ അനുസ്മരിക്കയാണ്

*കാലമിനിയുമുരുളും*
*വിഷുവരും*
*വർഷം വരും തിരു*
*വോണം വരും*
*പിന്നെയോരോ തളിരിനും*
*പൂവരും*
*കായ് വരും*
*അപ്പോളാരെന്നുമെ*
*ന്തെന്നുമാർക്കറിയാം*
*നമുക്കിപ്പൊഴി ആർദ്രയെ*
*ശാന്തരായ് സൗമ്യരായെ*
*തിരേൽക്കാം!*
*വരിക സഖി, അരികത്ത്*
*ചേർന്നു നിൽക്കൂ,*
*പഴയൊരു മന്ത്രം അനു*
*സ്മരിക്കാം*
*അന്യോന്യം ഊന്നുവടിക*
*ളായ് നിൽക്കാം.*

പുരോഹിതൻ മറ്റുള്ളവർക്കു ഊന്നുവടികളാകാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ്. പുരോഹിത വഴികളിലൂടെ നമുക്ക് വഴിയൊരുക്കിയ ചില പുരോഹിതരെ അനുസ്മരിച്ചുവെന്ന് മാത്രം. ഇവരുടെ ജീവിതം നമ്മെ അനുസ്മരിപ്പിക്കുന്നത് നമ്മുടെ സമീപെയുള്ള മനുഷ്യജന്മങ്ങൾക്ക് സ്നേഹമേകുന്ന, സാന്ത്വനമാകുന്ന, വളർത്തുന്ന, അദ്ധ്വാനിക്കുന്ന പുരോഹിതരാകാം എന്നുള്ള ജീവിതാഹ്വാനമാണ്.

**ചിന്താകവിത; കവിതാ ചിന്ത**

***ക്ലെയിം ചെയ്യുന്നില്ല!***

ക്ലാസ്സെടുത്തുകൊണ്ടിരിക്കേ,
ഉഴപ്പൻമാർ സെറ്റു കൂടിയിരിക്കുന്ന
ബാക്ക് ബെഞ്ചേഴ്സിന്റെ
അരികിലൂടെ റോന്തു ചുറ്റുകയായിരുന്നു ബാബു സാർ.
പെട്ടെന്നാണ് സാറിന്റെ
കഴുകൻ കണ്ണിൽ അതു പെട്ടത്.
ഒരിഞ്ചു നീളം മതിക്കാവുന്ന
ഒരു സിഗരറ്റ് കുറ്റി!

കത്തിയുയർന്ന ധാർമ്മികരോഷം
ഒരു കണക്കിന് ഊതിക്കെടുത്തി
കടുത്ത പുകവലി
വിരുദ്ധനായ ബാബു സാർ
ക്വസ്റ്റിൻ ചെയ്തു:
ആരുടേതാണ് ഈ സിഗരറ്റു
കുറ്റി? സത്യം പറഞ്ഞോളൂ;
അതാണു നല്ലത്.
ഇതു ഞാനങ്ങനെ
വെറുതെവിടാൻ ഉദ്ദേശിക്കുന്നില്ല.

ക്ലാസ്സിൽ കൊടിയ നിശ്ശബ്ദത
പടർന്നു. ആരും കുറ്റം ഏറ്റെടുത്തില്ല. അപ്പോൾ ആ നിശ്ശബ്ദത
ഭഞ്ജിച്ചുകൊണ്ട് ജോസ് കുട്ടൻ
പറഞ്ഞു:

ഞങ്ങളത് പ്രശ്നമാക്കാൻ
ഉദ്ദേശിക്കുന്നില്ല സാർ. നമുക്ക്
ഒരു ഒത്തുതീർപ്പിന്റെ പാത സ്വീകരിക്കാം. സാറല്ലേ, ആദ്യം കണ്ടത്.
സാറു തന്നെ എടുത്തോളൂ;
ഞങ്ങളാരും അതു ക്ലെയിം
ചെയ്യുന്നില്ല സാർ.

എന്നാറേ, ബാബു സാറിന് നടാടെ
ഒരു തല ചുറ്റൽ അനുഭവപ്പെടുക
യുണ്ടായി.

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# പരീക്ഷണ വിധേയമാകുന്ന പൗരോഹിത്യം



**ഡോ. ജോർജ് തയ്യിൽ**



*ദിവംഗതനായ ബെനഡിക്ട് പതിനാറാമൻ പാപ്പയാണ് 2009-2010 കാലയളവ് 'പുരോഹിതരുടെ വർഷം' (Year of Priest) ആയി ആചരിക്കുവാൻ ആഹ്വാനം ചെയ്തത്. പുരോഹിതൻ 'in persona Christi' ആണ്-ഇഹലോകത്ത് ക്രിസ്തുവിന്റെ ദൗത്യം പൂർത്തീകരിക്കുവാൻ നിയോഗിക്കപ്പെട്ടവൻ എന്നർത്ഥം.*

പുരോഹിതൻ തന്റെ പ്രവർത്തനങ്ങളിൽ ഒറ്റയ്ക്കല്ല, ക്രിസ്തുവിൽ പൂർണ്ണമായി ജീവിക്കുന്നവനാണ്. പൗരോഹിത്യം നിസ്വാർത്ഥമായ ഒരു ആത്മത്യാഗം ആണ്. ഇത് സമർപ്പണത്തിന്റെ വഴികളിലൂടെ സൃഷ്ടികളെ സ്രഷ്ടാവിലേക്കടുപ്പിക്കുന്നു. ഈ ആധുനിക കാലഘട്ടത്തിൽ സാധാരണ സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് ഒരു ത്യാഗത്തിന് തയ്യാറെടുക്കുകയാണ് പുരോഹിതൻ; അതൊരു സാക്ഷ്യജീവിതമാണ്, ദൈവപ്രഭാവമുള്ള സത്യസാക്ഷ്യം. പുരോഹിതൻ വിശുദ്ധിയിലേക്കുള്ള തന്റെ വിളി ആഴത്തിലുള്ള ആത്മശുദ്ധിയിലൂടെ സാധ്യമാക്കുന്നു.

ഇരുളടഞ്ഞ ലോകത്ത് ഒരു ആത്മീയ മരുഭൂമി നമ്മുടെ ചുറ്റും വളർന്നു വരികയാണ്. മതനിസ്സംഗത മുഖമുദ്രയാക്കിയിരിക്കുന്ന ആധുനിക സംസ്കാരത്തിൽ ദൈവവിശ്വാസത്തെയോ മതജീവിതത്തെയോ നേരിട്ട് എതിർക്കുന്നവർ ആധുനികമല്ലെങ്കിലും, ജീവിതത്തിൽനിന്നും മനുഷ്യമനസ്സാക്ഷിയിൽ നിന്നും ദൈവത്തെ ഭാഗികമായോ പൂർണ്ണമായോ ഒഴിവാക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. ദൈവവിസ്മൃതി ആധുനിക മനുഷ്യനെ ഗ്രസിച്ചിരിക്കുന്നു. സെക്കുലറിസ്റ്റു ചിന്താഗതിയുടെ ഫലമായി ക്രൈസ്തവ ജീവിതത്തിൽപ്പോലും ഒരുതരം നിസ്സംഗത കടന്നു കൂടിയിട്ടുണ്ട്. ഇതോടൊപ്പം ജീവിതത്തിന് വ്യക്തമായ ബോധ്യങ്ങളോ സ്പഷ്ടമായ പ്രതീക്ഷകളോ, ഇല്ലാതാകുന്ന സാഹചര്യത്തിൽ മനുഷ്യാസ്ഥിത്വത്തിന്റെ സമഗ്രമായ അർത്ഥം തേടിയുള്ള സത്യാന്വേഷണത്തിൽ യുവതലമുറ പതറുന്നു. മനുഷ്യബന്ധങ്ങൾ ഉപരിപ്ലവവും ഉപഭോഗതാല്പര്യവും മാത്രം ലക്ഷ്യമുള്ളവരുമായി അധപതിക്കുന്ന അവസരത്തിൽ വിശ്വാസവും ജീവിതവും തമ്മിലുള്ള ദൂരം വർദ്ധിക്കുന്നു. ഇവിടെ പുരോഹിതൻ ദൈവത്തിനും ദൈവജനത്തിനുമിടയിലെ

അനിഷേധ്യനായ വക്താവായി മാറുന്നു. പുരോഹിതൻ ജനസേവകനും ശുശ്രൂഷകനുമായി പരിണമിച്ച്, അവരുടെ ദുരിതങ്ങളും ദുഃഖങ്ങളും ശ്രവിച്ച് അവരിലൊരാളായി മാറി മനുഷ്യഗണത്തെ ദൈവത്തിലേക്ക് അടുപ്പിക്കുന്നു.

ഇവിടെയാണ് വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ ജീവിതസാക്ഷ്യം പ്രസക്തമാകുന്നത്. ഫ്രാൻസിലെ പാവപ്പെട്ട കർഷക കുടുംബത്തിൽ ജനിച്ച ജോൺ മരിയ വിയാനി(1786-1859) ചെറുപ്രായത്തിൽ തന്നെ വൈദികനായി. വൈദിക വിദ്വേഷത്തിന്റേയും മതവിരോധത്തിന്റെയും ഒരു കാലഘട്ടമായിരുന്നു അത്. ലിയോൺസിനു സമീപത്തുള്ള അജ്ഞാതമായ ആർസ് ഗ്രാമത്തിലാണ് ആദ്യ വൈദിക സേവനം. മണിക്കൂറുകളോളം വിശുദ്ധ കുർബാനയുടെ മുമ്പിൽ മുട്ടുകുത്തി, അവിടത്തെ പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിച്ചു. ആർസിലെ വികാരിയെന്ന നിലയിൽ കൂടുതൽ സമയവും ചെലവഴിച്ചത് കുമ്പസാരക്കൂട്ടിലായിരുന്നു. കുറ്റബോധവും പശ്ചാത്താപവുമില്ലാത്ത മനസ്സിൽ ദൈവസാന്നിദ്ധ്യമുണ്ടാകില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അതുകൊണ്ട്, അതിശൈത്യവും അത്യുഷ്ണവും സഹിച്ച് പതിനാലും പതിനെട്ടും മണിക്കൂർ തുടർച്ചയായി അദ്ദേഹം കുമ്പസാരക്കൂട്ടിൽ തന്നെ ചെലവഴിച്ചു. 1859 ൽ അദ്ദേഹം അന്തരിച്ചു. പയസ് പതിനൊന്നാമൻ പാപ്പ 1925 ൽ അദ്ദേഹത്തെ വിശുദ്ധനായി നാമകരണം ചെയ്തു.

സഭയിലെ പല പ്രതിസന്ധികൾക്കും ഒരു പരിധിവരെ കാരണം ആരാധനക്രമത്തിന്റെ (ലിറ്റർജി) ശിഥിലീകരണമാണെന്നു ബെനഡിക്ട് പാപ്പാ പലപ്പോഴായി അടിവരയിട്ട് പറഞ്ഞിട്ടുണ്ട്. ലിറ്റർജിയുടെ ഔന്നത്യവും പ്രബുദ്ധതയും ചരിത്രത്തെയും കാലത്തെയും അതിജീവിക്കുന്ന ശ്രേഷ്ഠതയും പുനർവ്യാഖ്യാനം ചെയ്യുന്നതിനും അത് സഭയുടെയും ക്രിസ്തീയ ജീവിതത്തിന്റെയും കേന്ദ്രബിന്ദുവാകാൻ

*മനുഷ്യബന്ധങ്ങൾ ഉപരിപ്ലവവും ഉപഭോഗതാല്പര്യവും മാത്രം ലക്ഷ്യമുള്ളവരുമായി അധപതിക്കുന്ന അവസരത്തിൽ വിശ്വാസവും ജീവിതവും തമ്മിലുള്ള ദൂരം വർദ്ധിക്കുന്നു. ഇവിടെ പുരോഹിതൻ ദൈവത്തിനും ദൈവജനത്തിനുമിടയിലെ അനിഷേധ്യനായ വക്താവായി മാറുന്നു.*

സഹായിക്കുന്നതിനും റാറ്റ്സിങർ രചിച്ച കൃതിയാണ് 'ആരാധനക്രമത്തിന്റെ ആത്മാവ്' (Der Geist der Liturgie). സഭയുടെ നവീകരണവും പരമമായ ശുദ്ധീകരണവും നടക്കേണ്ടത് ആരാധനക്രമത്തിലൂടെയാണെന്ന് റാറ്റ്സിങർ അടിവരയിട്ട് പറഞ്ഞു. ആരാധനക്രമങ്ങളുടെ തടത്തിപ്പുകാരൻ പുരോഹിതനാണ്.

ദൈവാരാധന നടത്താൻ കർത്താവ് ആദ്യം തെരഞ്ഞെടുത്തത് അഹറോനെയാണ് (പുറപ്പാട്, 28:11). 'നിന്റെ സഹോദരനായ അഹറോനെയും അവന്റെ പുത്രന്മാരായ നാദാബ്, അബിഹു, എലയാസർ, ഇത്താമർ എന്നിവരെയും ഇസ്രയേൽ മക്കളിൽ നിന്ന് നീ എടുക്കുക. അവർ എനിക്ക് പുരോഹിതരായി സേവിക്കേണ്ടിയിരിക്കുന്നു! പുരോഹിതന്റെ വസ്ത്രധാരണവും ദൈവം വിഭാവനം ചെയ്ത രീതിയിലായിരിക്കണം. നിന്റെ സഹോദരനായ അഹറോന് മഹിമയും അഴകും നൽകുന്നതിന് അവനുവേണ്ടി വിശുദ്ധ വസ്ത്രങ്ങൾ നിർമ്മിക്കുക. അഹറോനെ എന്റെ പുരോഹിതനായി അവരോധിക്കാൻവേണ്ടി അവനു സ്ഥാനവസ്ത്രങ്ങൾ നിർമ്മിക്കാൻ ഞാൻ നൈപുണ്യം നൽകിയിട്ടുള്ള എല്ലാ വിദഗ്ധരോടും നീ ആവശ്യപ്പെടുക (പുറപ്പാട് 28:2,3). ഇതിൽ നിന്ന് വ്യക്തമാണ്, പൗരോഹിത്യം ദൈവത്തിന്റെ പ്രത്യേകമായ തെരഞ്ഞെടുപ്പാണ്, മനുഷ്യർ സ്വമേധയാ ഏറ്റെടുക്കാനുള്ള സ്ഥാനമല്ല. ദൈവത്തിന്റെയും മനുഷ്യന്റെയും ഇടനിലക്കാരനായാണ് അഹറോൻ തെരഞ്ഞെടുക്കപ്പെട്ടത്. അഹറോൻ ജനങ്ങൾക്കുവേണ്ടി യാഗങ്ങൾ അർപ്പിച്ചു. പാപപരിഹാരാർത്ഥമായി പ്രാർത്ഥനകൾ ചൊല്ലി. ദൈവം നിശ്ചയിച്ച ആരാധനക്രമം അവൻ നടപ്പിലാക്കി. അഹറോന്റെ അധികാരം ചോദ്യം ചെയ്യപ്പെട്ടപ്പോൾ ദൈവം വീണ്ടും അവനെ അംഗീകരിക്കുന്നു (സംഖ്യ 16,17). ദൈവം പറഞ്ഞു, എനിക്ക് ഇഷ്ടമായവനെ ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു. ചുരുക്കത്തിൽ, ദൈവം അഹറോനെ തെരഞ്ഞെടുത്തു, ശുദ്ധീകരിച്ചു, അഭിഷേകം നടത്തി, സഭയുടെ നേതൃത്വത്തിൽ ഉന്നതമായ ആരാധനകൾ നടത്താനായി നിയോഗിച്ചു. അതിനെ ചോദ്യം ചെയ്തവർക്ക് ദൈവം ഉത്തരം കൊടുത്തു. എന്നാൽ, പിന്നീട് അഹറോൻ തന്റെ ദൗത്യത്തിൽ നിന്ന് വ്യതിചലിച്ചപ്പോൾ ദൈവം അവന് തക്കതായ ശിക്ഷ നൽകുകയും ചെയ്തു.

പൗരോഹിത്യം ദൈവത്തിന്റെ പ്രത്യേക വിളിയാണ്. അതിന്റെ കേന്ദ്രത്തിൽ ആത്മീയ ശുശ്രൂഷയും വിശുദ്ധിയും ഉണ്ടായിരിക്കണം. ഇന്ന്, നിർമ്മിതബുദ്ധിയുടെ യുഗത്തിൽ ശാസ്ത്രത്തിന്റെ കുതിച്ചുകയറ്റം ഉണ്ടാക്കുന്ന ജീവിതത്തിൽ, മനുഷ്യൻ-മതം, ഭക്തി, ദൈവം എന്നിവയിൽ നിന്ന് അകന്നുപോയിക്കൊണ്ടിരിക്കുന്നു. ഇതിന് ആരാധനക്രമങ്ങളുടെ പുനഃപ്രതിഷ്ഠയും വൈദികരുടെ ശക്തമായ ഇടപെടലും ശാശ്വതമായ പരിഹാരമാകുന്നു.

# ഒരു വൈദികന്റെ നിശബ്ദമായ ആന്തരിക വ്യഥകൾ

**എ.ആർ.കെ.**
**വടുതല**

അൾത്താരയിൽ കൈകളുയർത്തി, പ്രാർത്ഥനാനിരതനായി, ദൃഢമായ സ്വരത്തിൽ അദ്ദേഹം നിലകൊള്ളുന്നു. വൈദികൻ തിരുവസ്ത്രങ്ങളണിഞ്ഞ്, ബോധ്യത്തോടെ പ്രസംഗിക്കുന്നതും, കൂദാശകൾ പരികർമ്മം ചെയ്യുന്നതും, അജഗണത്തെ നയിക്കുന്നതും വിശ്വാസികൾ നിരീക്ഷിക്കുന്നു. എന്നിരുന്നാലും, ആ കുപ്പായത്തിനും ബാഹ്യമായ ശാന്തതയ്ക്കും പിന്നിൽ പലപ്പോഴും വേദനിക്കുന്ന ഒരു ഹൃദയവും, നിശ്ശബ്ദമായ ആന്തരിക വ്യഥകളും നാം കാണാതെ പോകരുത്.

ഒരു കത്തോലിക്കാ വൈദികന്റെ ജീവിതം സേവനത്തിലധിഷ്ഠിതമാണ്; എന്നാൽ അതിലുപരി അത് ആഴത്തിലുള്ള ത്യാഗങ്ങളുടെ ഒരു ജീവിതം കൂടിയാണ്. ഈ ത്യാഗങ്ങൾ പലപ്പോഴും ദൃശ്യമോ വാചികമോ ആകാറില്ല. അത് നിശ്ശബ്ദമായും, എളിമയോടും, വേദനയോടും കൂടെ അനുഭവിക്കുന്ന ഒന്നാണ്.

**പുഞ്ചിരിക്ക് പിന്നിലെ ഏകാന്തത**

തിരുക്കർമ്മങ്ങളിലും, വിവിധ സമ്മേളനങ്ങളിലും, അജപാലന ശുശ്രൂഷകളിലും ജനങ്ങളാൽ ചുറ്റപ്പെട്ടിരിക്കുമ്പോഴും, വൈദികൻ പലപ്പോഴും ഒറ്റപ്പെട്ട ഒരു സഞ്ചാരിയെപ്പോലെയാണ്. ജീവിത പങ്കാളിയോ മക്കളോ ഇല്ലാത്തതിനാലും, ചില സന്ദർഭങ്ങളിൽ അടുത്ത സുഹൃത്തുക്കളുടെ അഭാവം മൂലം, അദ്ദേഹത്തിന് തന്റെ വ്യക്തിപരമായ സംഘർഷങ്ങൾ നിശ്ശബ്ദമായി ഉള്ളിലൊതുക്കേണ്ടി വരുന്നു. ശാരീരികമോ മാനസികമോ ആയ ക്ഷീണത്തിലായിരിക്കുമ്പോഴോ, സംശയങ്ങൾ അലട്ടുമ്പോഴോ, ആര് അദ്ദേഹത്തിന് ആശ്വാസം നൽകും എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

**ക്ലേശകരമായ ഹൃദയവും കനത്ത ചുമതലകളും**

വൈദികർ ആത്മീയ പിതാക്കന്മാരും, ഉപദേഷ്ടാക്കളും, അധ്യാപകരും, ഭരണാധികാരികളുമാണ്. അവർ മറ്റുള്ളവരുടെ ഭാരങ്ങൾ ഏറ്റെടുക്കുന്നു. ദുഃഖിതരോടൊപ്പം വിലപിക്കുകയും, തകർന്ന മനസ്സുള്ളവരെ ആശ്വസിപ്പിക്കുകയും, വഴിതെറ്റിയവരെ നയിക്കുകയും ചെയ്യുന്നു. പക്ഷെ, അവർക്ക് ദുഃഖമോ ശൂന്യതയോ അനുഭവപ്പെടുമ്പോൾ പോലും, അവർക്ക് കർത്തവ്യനിർവഹണത്തിനായി മുന്നോട്ട് പോകേണ്ടി വരുന്നു.

**ബ്രഹ്മചര്യം: മനോഹരമായ സമർപ്പണം**

ബ്രഹ്മചര്യം ഒരു വലിയ ദാനമാണ്. ദൈവത്തിനും തിരുസഭയ്ക്കും സ്വയം പൂർണ്ണമായി സമർപ്പിക്കുന്ന ഒരു ജീവിതശൈലി. എന്നാൽ ഇതിന് വലിയൊരു വിലയുണ്ട്. സഹവാസത്തിനായുള്ള, സ്നേഹത്തിനായുള്ള, വൈകാരികമായ അടുപ്പത്തിനായുള്ള തീവ്രമായ ആഗ്രഹം ഹൃദയത്തിൽ വേദനിപ്പിക്കുന്ന ദിനങ്ങളുണ്ട്. ഈ വേദനയെ കൂടുതൽ തീവ്രമായ പ്രാർത്ഥനയിലേക്കും, ദൈവസ്നേഹത്തിലേക്കും വഴിതിരിച്ചുവിടാൻ വൈദികൻ അഭ്യസിക്കുന്നുണ്ടെങ്കിലും, ഈ ആന്തരിക പോരാട്ടം ഒരു യാഥാർത്ഥ്യമാണ്.

**പ്രതീക്ഷകളുടെ ഭാരം**

വൈദികരെ പലപ്പോഴും ഉയർന്നൊരു പീഠത്തിൽ പ്രതിഷ്ഠിക്കാറുണ്ട്. ഒരു ചെറിയ പിഴവോ, തെറ്റിദ്ധരിക്കപ്പെട്ട ഒരു വാക്കോ മതി, അതിവേഗമുള്ള വിമർശനങ്ങൾക്ക് പാത്രമാകാൻ സാധ്യതയുണ്ട്. ചിലർ അദ്ദേഹത്തെ പരിപൂർണ്ണനായും, സംലഭ്യനായും നിരന്തരം സന്തോഷവാനായും, ശക്തനായും പ്രതീക്ഷിക്കുന്നു. എന്നാൽ അദ്ദേഹം ഒരു മനുഷ്യനാണ്. തെറ്റുകൾ സംഭവിക്കാം, ദുർബലനായ, എല്ലാവരെയും പോലെ ദൈവകൃപ ആവശ്യമുള്ളവനാണ്.

**സക്രാരിക്കപ്പുറമുള്ള ഓഫീസ് ചുമതലകൾ**

ഒരു വൈദികന്റെ എത്ര സമയം ഭരണപരമായ കാര്യങ്ങളിൽ ബഡ്ജറ്റുകൾ കൈകാര്യം ചെയ്യുന്നതിലും, കെട്ടിടങ്ങളുടെ പരിപാലനത്തിലും, രേഖാപരമായ ജോലികളിലും, നിയമപരമായ വിഷയങ്ങളിലും ചെലവഴിക്കുന്നു എന്ന് പലരും മനസ്സിലാക്കുന്നില്ല. ഈ അനിവാര്യമായ ചുമതലകൾ, ഒരു വൈദികന്റെ ആത്മാവിനെ പോഷിപ്പിക്കുന്ന പ്രാർത്ഥന, വിശുദ്ധ ഗ്രന്ഥ പാരായണം, ദിവ്യകാരുണ്യ ആരാധന, നേരിട്ടുള്ള അജപാലന ശുശ്രൂഷ എന്നിവയിൽ നിന്ന് സമയം കവർന്നെടുക്കാൻ സാധ്യതയുണ്ട്.

**തന്റേതല്ലാത്ത അപകീർത്തികളുടെ മുറിവുകൾ**

സമീപ ദശകങ്ങളിൽ, സഭയെ പിടിച്ചുകുലുക്കിയ അപകീർത്തികളുടെ ഭാരം വൈദികർക്ക് വഹിക്കേണ്ടി വന്നിട്ടുണ്ട്. നിരപരാധികളും, വിശ്വാസയോഗ്യരുമായ വൈദികർ പോലും മറ്റുള്ളവരുടെ സംശയത്തിന് പാത്രമാകുന്നു. ഒരിക്കൽ ചോദ്യം ചെയ്യപ്പെടാതിരുന്ന അവരുടെ വിശ്വാസ്യത ഇപ്പോൾ സംശയത്തിന്റെ നിഴലിലാണ്. ഇരകളെക്കുറിച്ചും, സഭയെക്കുറിച്ചും, തങ്ങളുടെ ദൗത്യത്തെക്കുറിച്ചുള്ള ഉലഞ്ഞ ബോധ്യത്തെക്കുറിച്ചും അവരുടെ ഹൃദയങ്ങൾ ദുഃഖപൂരിതമാകുന്നു.



ഒരു വൈദികനാകുക എന്നത് ഒരു ഇടയനാകുക എന്നതാണ്. ചിലപ്പോൾ മുറിവേറ്റ ഒരു ഇടയൻ. എന്നാൽ ആ മുറിവുകളിലൂടെ ക്രിസ്തുവിന്റെ സാന്നിധ്യം വെളിപ്പെടുന്നു. നിശ്ശബ്ദതയിൽ അവിടുന്ന് സംസാരിക്കുന്നു. ക്ഷീണത്തിൽ അവിടുന്ന് താങ്ങായി നിലകൊള്ളുന്നു. ഹൃദയഭേദകമായ നിമിഷങ്ങളിൽ അവിടുന്ന് മന്ത്രിക്കുന്നു: 'എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു.'

**അതുകൊണ്ട് നമുക്ക് നമ്മുടെ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം അവരുടെ ആത്മീയവും ശാരീരികവുമായ ശക്തിക്കുവേണ്ടി മാത്രമല്ല, അവരുടെ ദയയ്ക്കും, കണ്ണീരിനും, സഹനങ്ങളോടുള്ള ആന്തരിക പ്രതികരണങ്ങൾക്കും വേണ്ടിയും. അവർ നമ്മെ ദൈവത്തിങ്കലേക്ക് നയിക്കുന്നു. നമുക്ക് അവരെ നമ്മുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കാം.**


# ജീവദീപ്തി
JEEVADEEPTHI

Ashirbhavan, Ernakulam
P : 90720 26577
jeevadeepthi@gmail.com

## SUBSCRIPTION FORM

Name ..................................................
Address ..................................................
..................................................
..................................................
.................................. District ..................
State .................................. Pin ..................
Mob .................... Phone (with code)..................
E-mail ..................................................

Amount Paid .................... MOI Cash I DD I H. Mass

Date: .................... Signature: ....................

FEDERAL BANK
SCAN QR CODE TO PAY
JEEVADEEPTHI
FedMobile
UPI G Pay PAYTM BHIM

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK
LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782
IFSC FDRL0001004

# വൈകി വന്ന പിടിവാശികൾ



ഫാ. ഷാമിൽ ജോസഫ്

വരാപ്പുഴ അതിരൂപതയിൽ 2023-ാം
വർഷം തിരുപ്പട്ടം സ്വീകരിച്ച
വൈദികനാണ് ബഹുമാനപ്പെട്ട
ഫാ. സോബിൻ സ്റ്റാൻലി
പള്ളത്ത്. ദൈവം ചില മനുഷ്യരെ
തന്നിലേക്കടുപ്പിക്കുന്നത് എത്ര
വ്യത്യസ്തമായ വഴികളിലൂടെയാ
ണെന്ന് സോബിനച്ചന്റെ ജീവിതം
നമ്മെ പഠിപ്പിക്കുന്നു. വരാപ്പുഴ
അതിരൂപത തൈക്കൂടം റാഫേൽ
മാലാഖയുടെ പള്ളി
ഇടവകാംഗമാണ് സോബിനച്ചൻ.

സോബിനച്ചൻ തന്റെ
ചെറുപ്പകാലത്തെ ഓർത്തെടുക്കു
ന്നത് ഇങ്ങനെയാണ് 'ദാരിദ്ര്യം
നിറഞ്ഞ ഒരു ചെറുപ്പകാലമായി
രുന്നു എന്റേത്. അപ്പൻ ഒരു
വിശ്വാസിയേ ആയിരുന്നില്ല.
പള്ളിയിൽ പോകാനോ പ്രാർത്ഥി
ക്കാനോ ഒന്നും താല്പര്യമില്ലാത്ത
ഒരാൾ. എന്റെ അപ്പാപ്പൻ ശരിക്കും
പറഞ്ഞാൽ ഒരു പ്രത്യേക
പ്രത്യയശാസ്ത്രത്തിൽ വിശ്വസി
ക്കുകയും നിരീശ്വരവാദം പഠിപ്പി
ക്കുകയും ചെയ്ത ഒരു മനുഷ്യനാ
യിരുന്നു. എന്നാൽ അമ്മയാകട്ടെ
നേരെ തിരിച്ചായിരുന്നു. നന്നായി
പ്രാർത്ഥിക്കുകയും എല്ലാ ധ്യാന
ങ്ങൾക്കും പ്രാർത്ഥനാ ഗ്രൂപ്പിലു
മൊക്കെ പോകുന്ന ആളായതു
കൊണ്ട് തന്നെ വളരെ ചെറുപ്പത്തി
ലെ എന്നെയും എന്റെ ചേച്ചിയെ
യും പ്രാർത്ഥന പഠിപ്പിക്കാനും
പ്രാർത്ഥനാ ഗ്രൂപ്പിൽ കൊണ്ടുവരാ
നുമൊക്കെ അമ്മ ശ്രദ്ധിക്കുമായി
രുന്നു. ഏകദേശം ഒരു പ്ലസ് വൺ
കാലഘട്ടത്തിൽ എത്തിയപ്പോൾ
എന്റെ മനസ്സിൽ സെമിനാരിയിൽ
ചേരണം എന്നുള്ള ഒരു ആഗ്രഹം
ഉണ്ടായിരുന്നു. എന്നാൽ ഞാൻ
അത് ആരോടും പറഞ്ഞില്ല.

അങ്ങനെയിരിക്കെയാണ്
സോബിൻ തന്റെ ചേച്ചിയോടൊപ്പം
ജീസസ് യൂത്തിന്റെ ഒരു ധ്യാന
ത്തിന് പോവുക. ധ്യാനത്തിനിടയ്
ക്ക് പനി വന്നു കിടപ്പിലാകുന്നു.
അങ്ങനെ രണ്ടുദിവസം റസ്റ്റിൽ
ആയിരുന്ന സോബിനെ കാണാൻ
ധ്യാനം നയിക്കുന്ന സിസ്റ്റർ
വരുന്നു. സോബിന്റെ ജ്ഞാന
സ്നാന പേര് ജോസഫ് ആണോ
എന്ന് സിസ്റ്റർ ചോദിച്ചപ്പോൾ അത്
സിസ്റ്ററിന് എങ്ങനെ മനസ്സിലായി
എന്നുള്ള അത്ഭുതം സോബിന്
ഉണ്ടായി. ദൈവവിളിക്കുവേണ്ടി
പ്രാർത്ഥിക്കണം എന്നും വിശുദ്ധ
ഔസേപ്പിതാവിന്റെ മാധ്യസ്ഥം
യാചിക്കണമെന്നും സിസ്റ്റർ
ഓർമിപ്പിച്ചു. അങ്ങനെ വൈദികൻ
ആകണം എന്നുള്ള ആഗ്രഹത്തോ
ടെ വീട്ടിലേക്ക് തിരിച്ചു വരികയും
അത് അപ്പനോടും അമ്മയോടും
പറയുകയും ചെയ്തു. അപ്പൻ
ആഗ്രഹത്തെ എതിർത്തു. ഒരാഴ്ച
ത്തെ ധർണ്ണയും ഉപവാസവും
ഒന്നും ഫലം കണ്ടില്ല.

ഡിഗ്രി മൂന്നാം വർഷം
അപ്പന് ക്യാൻസർ വരുന്നു.
ക്യാൻസറിന്റെ സൗഖ്യത്തിന്
വേണ്ടിയുള്ള ഓപ്പറേഷൻ കഴിഞ്ഞ്
ICU ൽ ആയിരിക്കുമ്പോൾ അപ്പന്
ഹാർട്ടറ്റാക്ക് കൂടി വരുന്നു.
ചേച്ചിയുടെ കല്യാണം കഴിഞ്ഞതേ
യുള്ളൂ. ICU റൂമിന്റെ പുറത്തു വന്ന്
ഡോക്ടർമാർ അറിയിക്കാനുള്ള
വരെയൊക്കെ അറിയിച്ചുകൊള്ളൂ
എന്ന കാര്യം പറഞ്ഞപ്പോൾ
സോബിൻ വല്ലാതെ തളർന്നു
പോയി. ആഘോഷങ്ങളിൽ
കൂടെയുണ്ടായിരുന്ന ആരും
അടുത്തില്ലെന്നൊരു തോന്നൽ. ആ
മരണം ഒരിക്കലും ഉൾക്കൊള്ളാൻ
സാധിക്കുമായിരുന്നില്ല. സോബിൻ
ആശുപത്രിയിലെ ചാപ്പലിലേക്ക്
പോയി. സക്രാരിക്കു മുൻപിൽ
മുട്ടുകുത്തി തന്റെ അപ്പനെ
തിരികെ തരികയാണെങ്കിൽ നീ
ദൈവപുത്രൻ ആണെന്ന് വിശ്വ
സിക്കാമെന്ന് ഈശോയോടും,
നിന്റെ മകൻ ദൈവമാണെന്ന്
വിശ്വസിക്കാം എന്ന് പരിശുദ്ധ
അമ്മയോടും പിടിവാശിയോടെ
പ്രാർത്ഥിച്ചു. ആ പിടിവാശി
ദൈവം കേട്ടു. തിരികെ ICU ൽ
എത്തുമ്പോഴേക്കും അപ്പന്റെ
ഹൃദയത്തിന്റെ താളം
ക്രമത്തിലായി. അപ്പനെ തിരികെ
ലഭിച്ചു. സോഷ്യൽ സ്ട്രക്ചറിനു
വേണ്ടിയുള്ള സംവിധാനമാണ്
മതമെന്ന് വിശ്വസിച്ചിരുന്ന
സോബിൻ അന്നുമുതൽ സക്രാരി
യിൽ ഉള്ളത് ജീവിക്കുന്ന ദൈവ
മാണെന്ന് തിരിച്ചറിഞ്ഞു. അപ്പനെ
ക്യാൻസർ പിന്നെയും പിടികൂടി.
എന്നാൽ മരണത്തിനു മുൻപ്
കുമ്പസാരിച്ച് ദിവ്യകാരുണ്യം
സ്വീകരിച്ച് ഒരുക്കി ദൈവവിശ്വാ
സിയായി അപ്പനെ സ്വർഗ്ഗത്തി
ലേക്ക് യാത്രയാക്കാൻ സോബി
നായി. ഈ രണ്ടു സംഭവങ്ങൾ
സോബിന്റെ ജീവിതത്തിലെ
നാഴികക്കല്ലുകളായി. അങ്ങനെ
ഈശോയെ കൂടുതൽ അറിയാൻ
ജീസസ് യൂത്ത് മൂവ്മെന്റിലേക്ക്
സോബിൻ വരുന്നു. സിദ്ധാന്ത
ങ്ങൾ ഏറിയ പുസ്തകങ്ങൾ
മാറ്റിവെച്ച് ബൈബിൾ തോളത്തിട്ട്
അന്നുമുതൽ സോബിൻ യാത്ര
തുടങ്ങി.

അപ്പന്റെ ചികിത്സയും വീട്ടിലെ മറ്റു ചിലവുകളുമേകിയ സാമ്പത്തിക ബാധ്യത തീർക്കാനായി സോബിൻ ജോലിക്കായി UAEയിലേക്ക് പോയി. രണ്ടര വർഷത്തെ കഠിനമായ ജോലിയും എന്നാൽ ക്ഷീണം ഇല്ലാത്ത ജീസസ് യൂത്ത് പ്രവർത്തനങ്ങളും. പിന്നീട് ലഭിച്ച നല്ല ജോലി വീട്ടിലെ സാമ്പത്തിക ബാധ്യതകൾ തീർക്കാൻ സഹായിച്ചു. പിന്നീട് ശ്രീലങ്കയിലേക്ക് ഒരു വർഷത്തെ ജീസസ് യൂത്ത് ഫുൾടൈമർഷിപ്പ് യാത്ര.

വീട്ടിൽ കല്യാണ ആലോചനകൾ നടക്കുമ്പോഴും മുന്നോട്ടുള്ള ദൈവവിളി എന്തെന്നറിയാതെയുള്ള ഒന്നര വർഷത്തെ യാത്ര. ചിലപ്പോൾ വിശ്വാസത്തോടെ ചിലപ്പോൾ വിശ്വാസ തകർച്ചയോടെ. അങ്ങനെ 60 ദിവസത്തെ പ്രാർത്ഥന നയ്ക്ക് വേണ്ടി ഒരു തീരുമാനമെടുക്കുന്നു. വ്രതം പോലെ 60 ദിവസത്തെ പ്രാർത്ഥന. പിന്നീട് കൂട്ടുകാരോടൊത്ത് വല്ലാർപാടം പള്ളിയിൽ പ്രാർത്ഥിക്കാൻ പോയപ്പോൾ കുമ്പസാരക്കാരൻ കറുകപ്പിള്ളി അച്ചൻ നിന്റെ വിളി തിരിച്ചറിയുക എന്നൊരു ഓർമ്മപ്പെടുത്തൽ.

അപ്പോഴും സംശയം ഒടുങ്ങുന്നില്ല. പിന്നീട് ഒരു മൂന്നു ദിവസത്തെ ധ്യാനത്തിന് പോകുന്നു. ധ്യാനത്തിനിടയ്ക്ക് മാതാവിനോട് പിന്നെയും സോബിൻ ഡിമാൻഡ് വെച്ചു. ഞാൻ ഒരാളെ പോയി കൗൺസിലിങ്ങിൽ കാണും. അയാൾ എന്നോട് കൃത്യമായി പറയണം എന്റെ വിളി എന്താണെന്ന്. കൗൺസിലിങ്ങ് ചെയ്ത ആൾ കഴുത്തിൽ ഷോൾ ഇട്ടിട്ടുള്ള ജോലി എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നൊരു ചോദ്യം. ഇല്ല എന്ന് ഉത്തരം. സെമിനാരിയിൽ ചേരാൻ താല്പര്യമുണ്ടോ എന്നൊരു ചോദ്യം. ഷോൾ കൊണ്ട് ഉദ്ദേശിച്ചത് ഊറാലയാണെന്ന് അദ്ദേഹം പറഞ്ഞു. വചനം എടുത്തപ്പോഴേക്കും ജെറമിയായെ വിളിക്കുന്ന ഭാഗവും.

അവസാനമായി കൂട്ടുകാരൻ ആന്റണിയോട് പറഞ്ഞു.



ഞാനെന്റെ ദൈവവിളിക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ്. എന്റെ വിളി എന്താണെന്ന് ഇപ്പോഴും എനിക്ക് ഉറപ്പില്ല. അമ്മയോട് അവ സാനമായി പറയും ഞാൻ സെമിനാരിയിൽ ചേരാൻ പോകുകയാണെന്ന്. അമ്മ നോ പറഞ്ഞാൽ ഞാൻ പോകില്ല. അതായിരിക്കും അവസാനത്തെ അടയാളം. അമ്മയോട് തന്റെ ആഗ്രഹം പറയുന്നു. ദൈവനിയോഗം എന്നോണം അമ്മ മറുത്തൊരു ചിന്തയില്ലാതെ നിന്റെ ആഗ്രഹം അതാണെങ്കിൽ നീ അതുതന്നെ ചെയ്യുക എന്ന് ഉത്തരവും പറയുന്നു. അന്ന് സോബിൻ ദൈവത്തോട് യെസ് ലോഡ് പറഞ്ഞു.

സെമിനാരി കാലഘട്ടത്തിൽ ദൈവവിളിയിലെ സംശയങ്ങൾ കടന്നുവന്നപ്പോൾ യഥാർത്ഥ മരിയഭക്തി എന്ന പുസ്തകവും അതിലെ മരിയൻ പ്രതിഷ്ഠയുമെല്ലാം സോബിന്റെ ജീവിതത്തെ വഴിതെളിച്ചു.

2023 ഡിസംബർ 28-ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് പൗരോഹിത്യം എന്ന കൂദാശ സ്വീകരിക്കുമ്പോൾ സകല വിശുദ്ധരുടെയും ലുത്തിനിയ ആലപിക്കപ്പെടുമ്പോൾ നിറഞ്ഞ കണ്ണു കളോടുകൂടെ തികവാർന്ന ഹൃദയത്തിന്റെ ആനന്ദത്തോടെ ദൈവവിളി എന്ന വലിയ ദാനം സോബിൻ സ്വീകരിച്ചു. കൗമാരക്കാരന്റെ ദൈവവിളി സ്വപ്നങ്ങൾ അണഞ്ഞുപോയെങ്കിലും ദൈവം വർഷങ്ങൾക്ക് ശേഷവും സോബിനുവേണ്ടിയുള്ള ആ വലിയ സമ്മാനം കാത്തുവച്ചിരുന്നു. പണമോ ജോലിയോ ഒന്നും തരാത്ത ഒരു സന്തോഷം പൗരോഹിത്യം സോബിന് നൽകുന്നു.

പിടിവാശിയോടെ പരിശുദ്ധ അമ്മയോട് പ്രാർത്ഥിച്ച സോബി നിന്ന് പൗരോഹിത്യ അടയാളമായ വിശുദ്ധമായ സ്റ്റോൾ ധരിച്ച് പിടിവാശിയോടെ ആ അമ്മയെ കുറിച്ച് ലോകത്തോട് പ്രസംഗിക്കുന്നു. ചില ദൈവവിളികൾ അങ്ങനെയാണ്. പിടിവാശിയോടെ ദൈവം സ്വന്തമാക്കുന്ന ജീവിതങ്ങൾ.

# ഒരു പുരോഹിതന്റെ മനോഹരമായ കൈകൾ

---

***ഐറിഷ് കവിത പരിഭാഷ***
**ശ്രീ. ജോബ് കെ ജോർജ്**

---

ജീവിതത്തിന്റെ പ്രഭാതത്തിൽ നമുക്കവരെ വേണം,
അതിന്റെ അന്ത്യത്തിലും നമുക്കവരെ വീണ്ടും വേണം;
സൗഹൃദത്തിന്റെ ഊഷ്മളമായ സ്പർശം നമ്മളറിയുന്നു,
ജീവിതദുരിതങ്ങൾ രുചിക്കുമ്പോൾ നമ്മളവരെ തേടുന്നു.
ഈ ലോകത്തിലേക്ക് വരുമ്പോൾ നമ്മൾ പാപികളാണ്,
വലിയവനും ചെറിയവനും ഒരുപോലെ.
നമ്മളെ മാലാഖമാരെപ്പോലെ ശുദ്ധരാക്കുന്ന കൈകൾ
ഒരു പുരോഹിതന്റെ മനോഹരമായ കൈകളാണ്.

എല്ലാ ദിവസവും ബലിപീഠത്തിൽ നമ്മളവരെ കാണുന്നു,
സിംഹാസനത്തിലിരിക്കുന്ന ഒരു രാജാവിന്റെ കൈകൾ
അവരുടെ മഹത്വത്തിന് തുല്യമല്ല.
അവരുടെ മാഹാത്മ്യം അതുല്യമാണ്.
പ്രഭാതത്തിന്റെ നിശബ്ദതയിൽ,
സൂര്യൻ ഉദിക്കുന്നതിന് മുൻപ്,
ദൈവം വിശ്രമിക്കുന്നത് ആ വിരൽത്തുമ്പിലാണ്
ഒരു പുരോഹിതന്റെ മനോഹരമായ കൈകളിൽ.


നമ്മൾ പ്രലോഭിതരായി വഴിതെറ്റി അലയുമ്പോൾ
ലജ്ജയുടെയും പാപത്തിന്റെയും പാതകളിലേക്ക്
ഒരിക്കലല്ല, വീണ്ടും വീണ്ടും നമ്മളെ പാപമുക്തരാക്കുന്നത്
ഒരു പുരോഹിതന്റെ കൈകളാണ്.
നമ്മൾ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ
മറ്റേതൊരു കൈകളും വിരുന്നൊരുക്കിയേക്കാം
എന്നാൽ നമ്മളെ അനുഗ്രഹിച്ചു ചേർക്കുന്ന കൈകൾ,
ഒരു പുരോഹിതന്റെ മനോഹരമായ കൈകളാണ്.

ദൈവം അവരെ അനുഗ്രഹിക്കുകയും
വിശുദ്ധരായി കാക്കുകയും ചെയ്യട്ടെ,
അവരുടെ വിരൽത്തുമ്പുകൾ തലോടുന്ന ഓസ്തിക്കായി,
ഒരു പാപിക്ക് ഇതിലും നല്ലതായി എന്തുചെയ്യാനാകും
അനുഗ്രഹിക്കാൻ നിങ്ങളെ തിരഞ്ഞെടുത്ത ദൈവത്തെ
സ്തുതിക്കുകയല്ലാതെ.
നമ്മുടെ കണ്ണുകളിൽ മരണത്തിന്റെ മഞ്ഞ് വീഴുമ്പോൾ,
നമ്മുടെ ധൈര്യവും ശക്തിയും വർദ്ധിക്കട്ടെ.
നമ്മുക്ക് മീതെ ഉയർത്തി അനുഗ്രഹിക്കുന്ന
ഒരു പുരോഹിതന്റെ മനോഹരമായ കൈകളെ കാണാൻ.





# വെള്ള കുപ്പായമണിഞ്ഞ ആട് തോമ!!



ജിസ് ജോയ്,
ഫിലിം ഡയറക്ടർ




ഒത്തിരി വർഷങ്ങൾക്ക് മുമ്പാണ്. തറവാട് വീടിന്റെ മുറ്റത്ത് യെസ്ഡി ബൈക്കിൽ ജാന്റോ ചേട്ടൻ സ്റ്റൈലിൽ വന്നിറങ്ങി. വല്ലപ്പോഴുമൊക്കെ മാത്രം വരുന്ന ബന്ധുവാണ് ജാന്റോ ചേട്ടൻ. വന്നാൽ പിന്നെ സിറ്റിയിൽ നടന്ന പുള്ളിയുടെ ഹൈ വോൾട്ടേജ് കഥകൾ പറഞ്ഞ് ഞങ്ങളെ, കുട്ടികളെ ഞെട്ടിക്കും. ബ്രാന്റഡ് ടീ ഷർട്ടും റഫ് ആന്റ് ടഫ് ജീൻസും മാത്രമേ ധരിക്കൂ. കയ്യിൽ ഇടിവളയും കഴുത്തിൽ ഒരു നീളം കുറഞ്ഞ കട്ടി ചെയിനും, ആകെമൊത്തം ഒരു മംഗലശ്ശേരി നീലകണ്ഠന്റെ കസിൻ ബ്രദർ ലുക്ക്. ചുറുചുറുക്കിന്റെ; ഹീറോയിസത്തിന്റെ പ്രതീകമാണ് ഞങ്ങൾക്ക് ജാന്റോ ചേട്ടൻ.

"എന്താടാ ജാന്റോയെ ഈ വഴിക്ക്"?

അമ്മാമ്മ ചോദിച്ചു. "വല്ല്യൊരു വിശേഷമുണ്ട് വല്യമ്മച്ചി. അത് പറയാനായി വന്നതാ." വീട്ടിലുള്ളവരെല്ലാരും കാതോർത്തു. "എന്താടാ അത്, പറ" എന്ന് അമ്മാമ്മ. "അതായത്; വല്യമ്മച്ചീ എനിക്ക് ദൈവവിളി കിട്ടി; ഞാൻ സെമിനാരിയിൽ ചേരാൻ പോകുവാ."

വീട്ടിലെല്ലാവരും ഞെട്ടിയപ്പോ ഞാൻ കുറച്ച് ഓവറായി ഞെട്ടി. എന്ത്; ഞങ്ങടെ ഹീറോ സെമിനാരീ പോണെന്നോ.. ദൈവവിളി കിട്ടിയെന്നോ! ഓ മൈ ഗോഡേ! ആട് തോമ ഒരു സീനിൽ ളോഹയണിഞ്ഞ് അഭിനയിച്ച സീൻ ഓർത്ത് പോയി.

"അഹാ നീ ബുള്ളറ്റും ഓടിച്ച് തമാശ പറയാൻ വന്നതാണോ" അമ്മാമ്മക്ക് വിശ്വാസമായില്ല. ജാന്റോ ചേട്ടൻ നാടകീയമായി ഒന്നെണീറ്റു, എന്നിട്ട് പറഞ്ഞു. "തമാശയല്ല വല്യമ്മച്ചീ. ഒരാഴ്ച മുമ്പ് പെട്ടെന്ന് ഒരു ദൈവവിളി കിട്ടി. രണ്ടീസം ആരോടും പറഞ്ഞില്ല. നന്നായി ആലോചിച്ചു, തീരുമാനമെടുത്തു."

എല്ലാവർക്കും പയ്യെ പയ്യെ വിശ്വാസമാകാൻ തുടങ്ങി. പുഞ്ചിരി വിരിയാൻ തുടങ്ങി. കുടുംബത്തിൽനിന്ന് ഒരു വൈദികനുണ്ടാവാൻ പോകുന്നു. ആഹാ എത്ര മനോഹരം.

കുറച്ച് കഴിഞ്ഞ് ഒരു ഗ്യാപ്പ് കിട്ടിയപ്പോ ഞാൻ ചോദിച്ചു "ജാന്റോ ചേട്ടാ; എന്താണീ ദൈവവിളീന്ന് പറഞ്ഞാൽ?"

"അതൊരു ഭയങ്കര ഉൾവിളിയാടാ മോനെ... ദൈവത്തിന് എന്നെക്കൊണ്ട് ആവശ്യം ഉണ്ടെന്ന് തോന്നിയപ്പോ ആകാശത്ത് നിന്ന് താഴെ വന്ന് വിളിക്കണ ഒരു വല്ലാത്ത സ്നേഹം നിറഞ്ഞ വിളിയാണ്." ഒരു മാസം കഴിഞ്ഞ് സെമിനാരീ പോകും. കുറേ വർഷം പഠിക്കണം. അങ്ങനെ ഒരു ദിവസം റവ. ഫാ. ജാന്റോ എരഞ്ഞിക്കൽ ആവും."

എന്റെ കണ്ണ് നിറഞ്ഞെന്നാണ് ഓർമ്മ. കാരണം GCDA യിലേയും ബോൾഗാട്ടിയിലേയും ഇടിവെട്ട് സ്റ്റോറീസ് വന്ന് പറയാൻ ഇനി പഴയ ജാന്റോ ചേട്ടൻ ഉണ്ടാവില്ലല്ലോ എന്നോർത്ത്. സ്നേഹമയമായ ശബ്ദത്തിൽ ആ തവണ യെസ്ഡി ബൈക്ക് തിരികെ പോയി. ജാന്റോ ചേട്ടൻ സെമിനാരീൽ ചേർന്നു. പഠിക്കുമ്പോഴും, കളിക്കുമ്പോഴും, കഴിക്കുമ്പോഴും കിടക്കുമ്പോഴും എനിക്കും ദൈവവിളി വരുന്നുണ്ടോയെന്ന് ഞാൻ പലപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്, എ കൈന്റ് ഓഫ് ഡിപ്രഷൻ അടിച്ചിട്ടുണ്ട്... ഇല്ല.. ആ വിളി നമുക്ക് കിട്ടീട്ടില്ല. ജാന്റോ ചേട്ടനേയും സെമിനാരിയിൽ പോയ കാര്യവുമൊക്കെ ആലോചിക്കാതെ സ്കൂളും പഠിത്തവുമൊക്കെയായി ഏതാനും വർഷങ്ങൾ കടന്നുപോയി. അങ്ങനെ വൺ ഫൈൻ മോണിംഗിൽ ദാ വരുന്നു ജാന്റോ ചേട്ടൻ. ബൈക്കിൽ, ബാലരമയിലെ മുത്തുവിനെ ഓർമ്മിപ്പിക്കുന്ന തരം ബനിയനിട്ട ഒരു ചേട്ടനും കൂടെയുണ്ട്.

"വല്യമ്മച്ചീ ഞാൻ സെമിനാരീന്ന് ഇറങ്ങി"

"അത് മനസ്സിലായി; അല്ലാതെ നീ ഇവിടെ എത്തൂല്ലല്ലോ!

"ആ എറക്കം അല്ല വല്യമ്മച്ചി; എന്നെ അവിടന്ന് പറഞ്ഞ് വിട്ടു."

"എന്റെ ഒടേതമ്പുരാനേ.. എന്താണീ കേക്കണത്!!" എന്താ മോനെ നീ ചെയ്ത കുറ്റം?

"നല്ലൊരു അച്ചനാവണമെങ്കി കുറേക്കൂടി ക്ഷമയും, കരുണയും, ദാരിദ്ര്യവുമൊക്കെ ശീലിക്കണം വല്യമ്മച്ചീ!"

"ക്ഷമേം കരുണേം നിനക്ക് നല്ലപോലെ ഉണ്ടല്ലോ കുഞ്ഞേ...

പിന്നെ ദാരിദ്ര്യം, നിനക്ക് ഉണ്ടാക്കാവുന്നതല്ലേ ഒള്ളൂ."

എന്ത് എക്സ്പ്രഷനിടും എന്നറിയാതെ ഫാദറാവാത്ത ജാന്റോ എരഞ്ഞിക്കൽ ഇരിക്കുന്നത് ഇന്നും എനിക്ക് ഓർമ്മയുണ്ട്.NB: (ജാന്റോ ചേട്ടൻ ചെറിയ റിയൽ എസ്റ്റേറ്റ് പരിപാടീം യോട്ടും ഒക്കെ ആയി ഖത്തറിൽ ഫാമിലിയായി താമസിക്കുന്നുണ്ടിപ്പോ.)

അന്ന് മുതൽ ഇന്ന് വരെ പലപ്പോഴും വൈദികരെ കാണുമ്പോ എനിക്ക് ഒരു പൊടി ബഹുമാനം കൂടുതലാ... എന്റെ ജാന്റോ ചേട്ടന് നേടാനാവാത്തത് കരസ്ഥമാക്കിയവരാണവർ. ക്ഷമയും കരുണയും ഒരുപാടുള്ളവർ. ഏത് കൊടിയ ദാരിദ്ര്യത്തിലും പുഞ്ചിരിക്കുന്നവർ.

മൂന്നാല് കൊല്ലം മുമ്പ് എറണാകുളത്തെ ഒരു പള്ളിയിൽ കുർബാന കഴിഞ്ഞിറങ്ങുമ്പോ ചേട്ടനെ കണ്ടു!

'ങ്ഹേ.. എന്നെത്തി? പറഞ്ഞില്ലല്ലോ"

ഞാൻ ചോദിച്ചു.

"മൂന്ന് ദിവസം ലീവെടുത്ത് മുങ്ങീതാടാ. ആരോടും പറഞ്ഞിട്ടില്ല!" ടാ.. നീ വന്നെ ഞാൻ റോബർട്ടിനെ പരിചയപ്പെടുത്താം. പള്ളി ബംഗ്ലാവ് വരെ നീ ഒന്ന് വന്നെ! അല്ലെങ്കിലേ അവൻ പൊയ്ക്കളയും."

"ആര്?" ഞാൻ ചോദിച്ചു.

"എടാ കുർബാന ചൊല്ലിയ അച്ചൻ.

അവനേ എന്റെ കൂടെ സെമിനാരിയിൽ ഉണ്ടാർന്നതാടാ!"

എന്നേംകൊണ്ട് അവിടെ ചെന്ന് റോബർട്ട് അച്ചനെ പരിചയപ്പെടുത്തി, ഞങ്ങൾ കുറേ സംസാരിച്ചു. ഞങ്ങൾക്കിടയിലൂടെ സുവിശേഷ പ്രസംഗം നടത്തിയ മറ്റൊരച്ചൻ ബംഗ്ലാവിലേക്ക് കയറിപ്പോയി. പെട്ടെന്ന് ജാന്റോ ചേട്ടന്റെ ഫോക്കസ് ആ അച്ചനിലേക്ക് മാറുന്നത് ഞാൻ ശ്രദ്ധിച്ചു.

'എന്താ ജാന്റോ നോക്കണേ?

നീ അച്ചനെ അറിയോ?'

റോബർട്ട് അച്ചൻ ചോദിച്ചു.

"ഹേയ് അറിയൂല്ല! പക്ഷേ പ്രസംഗം കേട്ടതിന്റെ ഒരു ഫീഡ്ബാക്ക് ഞാൻ പോയി പറഞ്ഞാൽ ആ അച്ചന് വിഷമം ആകുമോ?" ജാന്റോ ചേട്ടൻ ചോദിച്ചു.

"അത് പിന്നേ, നീ എന്താ പറയാൻ പോണത്? അതിവിടെ പറ."

"അത്... റോബർട്ടേ.. കാനായിലെ കല്യാണോം, മുന്തിരിത്തോട്ടവും, ധൂർത്തപുത്രൻ തിരിച്ചുവന്ന കഥയൊക്കെ കേട്ട് കേട്ട് ജനം മടുത്തില്ലേ.. യേശുവിന് വേണ്ടി ആരൊക്കെയോ എഴുതിവെച്ച പുസ്തകമല്ല ബൈബിൾ; അത് യേശു ജീവിച്ച ജീവിതമാണ്, ഒരു അപ്പൻ-മകൻ റിലേഷനാണ്. വൈദികർ ശരിക്കും യേശുതന്നെയല്ലേ!! ആ യേശു; അവന്റെ തന്നെ ജീവിതം (ബൈബിൾ) തുറന്നുപിടിച്ച് വായിക്കാൻ തുടങ്ങുമ്പോ കാണാത്ത കഥകൾ പലതും കാണാൻ പറ്റുമെടാ.. അതൊക്കെ പറയാൻ പറ്റിയാ പള്ളീല് ജനം കൂടുമെന്നെ.. രണ്ടായിരം കൊല്ലമായിട്ട് പൂട്ടി കിടക്കണ ഒരു കൂട് തുറന്ന് വിടുമ്പൊ, അതിലെ കിളികളെല്ലാം കൂടി ആകാശത്തേക്ക് പറക്കൂല്ലെ; അത്പോലെ എണ്ണിയാ തീരാത്ത കൊറേ കൊറേ യേശൂം യൗസേപ്പിതാവും മാതാവുമൊക്കെ ഉണ്ടാവും.. പുതിയ പ്രാർത്ഥനകൾ ഉണ്ടാവുമെടാ..." ഇതങ്ങോട്ട് ജാന്റോ ചേട്ടൻ പറഞ്ഞവസാനിപ്പിക്കുമ്പോ

എനിക്ക് കിട്ടി പണ്ടത്തെ അതേ രോമാഞ്ചഫിക്കേഷൻ.

രാത്രി പൈയിൽ പോയി 'സ്പെഷ്യൽ സംഭവം' ദോശ കഴിക്കുന്നതിനിടയിൽ പുള്ളി എന്നോട് സിനിമകളെ കുറിച്ചും എന്റെ ജീവിതത്തെ കുറിച്ചും എന്തൊക്കെയോ ചോദിക്കുന്നുണ്ടായിരുന്നു. എന്റെ മനസ്സ് വേറെ വിടെയോ ആയിരുന്നു. കോലാഹലമുണ്ടാക്കി പോകാറുള്ള ഒരു യെസ്ഡി ബൈക്ക് പതിവില്ലാതെ സ്നേഹഗാനം പാടി കടന്ന് പോകുന്നത് കണ്ണ് നിറഞ്ഞ് നോക്കി നിന്നിരുന്ന ആ പഴയ കുട്ടിക്കാലം ഓർത്തുപോയി ഞാൻ.

"നീയെന്താടാ ഓർക്കണെ"? എന്നോട് ചോദിച്ചു. ഞാൻ ചിരിച്ചു. "ജാന്റോ ചേട്ടാ, ചേട്ടൻ ശരിക്കും ഹീറോ ആണ്. ളോഹ, കുറച്ച് നേരത്തേക്കണിഞ്ഞ ആട് തോമയാണ് ചേട്ടൻ. ചേട്ടന്റെ "ദൈവവിളി കഥ" തള്ളാണെന്നാ പണ്ട് ഞാൻ വിചാരിച്ചിരുന്നത്. പക്ഷേ അത് സത്യായിരുന്നൂന്ന് ഇന്നെനിക്ക് മനസ്സിലായി. വൈദികനായില്ലെങ്കിലും നന്നായി ജീവിക്കാനും നല്ലത് പറയാനുമുള്ള തോന്നലുണ്ടാക്കുന്നതും ദൈവവിളിയാണ്."

ഒരു ചെറു നിശ്ശബ്ദതയ്ക്ക് ശേഷം പുള്ളി സൗമ്യമായി ഒന്ന് ചിരിച്ചു. അങ്ങനെ ഒരു ചിരി അതുവരെ ഞാൻ ജാന്റോ ചേട്ടനിൽനിന്ന് കണ്ടിട്ടില്ല. "പൗരോഹിത്യം ഒരു ഡിഗ്രിയൊന്നുമല്ലെടാ... അതൊരു അർപ്പണമാണ്.. യേശുവിനെ പോലെ യേശുവാണെന്ന് തോന്നിപ്പിക്കുന്ന തരത്തിൽ ഫാൻസിഡ്രസ് കെട്ടി നടക്കലല്ല, യേശു തന്നെയായി മാറലാണ്. ഫാദറാവാത്ത ജാന്റോ എരഞ്ഞിക്കലിനും നിനക്കുമൊക്കെ അവരോട് ഒപ്പം നടക്കാം, കേൾക്കാം, തിരുത്താം... പുതിയ പ്രാർത്ഥനകൾക്കും ഉപമകൾക്കും വേണ്ടി കാതോർക്കാടാ... അല്ലേ...



# കുഞ്ഞിക്കുരുവിയും മഴദേവതയും



ഡാനിയൽ രാജു

ഒരു കാട്ടിൽ വളരെ ചെറിയ ഒരു കുരുവി ഉണ്ടായിരുന്നു. പാടാനും ആടാനുമറിയാത്ത കുഞ്ഞിക്കുരുവിയെ മയിലും കുയിലും എല്ലാം എപ്പോഴും കളിയാക്കുമായിരുന്നു. പാവം കുഞ്ഞിക്കുരുവി അവൾ ആരോടും വഴക്കിനു പോവില്ല.

അങ്ങനെയിരിക്കെ ഒരിക്കൽ കാട് കത്തി... വേനൽക്കാറ്റിൽ മരങ്ങൾ തമ്മിൽ ഉരസി ഉണ്ടായ തീയാണ് കാരണം. കാടാകെ കാട്ടുതീ പടർന്നു.

എല്ലാവരും പേടിച്ച് ഓടി രക്ഷപ്പെട്ടു. ചിലർ ദൂരേയ്ക്ക് പറന്നു. ചിലരാകട്ടെ വെള്ളത്തിലേക്ക് ഒറ്റച്ചാട്ടം. മറ്റു ചിലർ മണ്ണിനടിയിൽ മാളമുണ്ടാക്കി ഒളിച്ചിരുന്നു.

കുഞ്ഞിക്കുരുവി എന്താ ചെയ്തതെന്നോ... കുഞ്ഞിക്കൊക്കിൽ ഒരു ഇല കുമ്പിളുമായി നദിക്കരയിലേക്കു പറന്നു. എന്നിട്ട് അതിൽ ഒരു തുള്ളി വെള്ളവുമായി തിരിച്ച് പറന്നു. "ഷ്യൂം" വെള്ളം തീയിലേക്ക് ഒഴിച്ചു.

"അയ്യേ... മണ്ടത്തരം കാണിക്കാതെ," "നിന്നെക്കൊണ്ട് ഈ തീ അണയ്ക്കാനാവില്ല..." പറന്നുപോകുന്നതിനിടയിൽ പക്ഷികൾ ഉച്ചത്തിൽ കുഞ്ഞിക്കുരുവിയോട് പറഞ്ഞു.


പക്ഷേ അവൾ നിർത്തിയില്ല. വീണ്ടും വീണ്ടും വെള്ളവുമായി വരാൻ തുടങ്ങി.

അപ്പോഴാണ് മഴദേവത അതുവഴി പോയത്. കാർമേഘത്തേരിൽ നിന്നും നോക്കിയപ്പോൾ ദേവത കുഞ്ഞിക്കുരുവി തീയണയ്ക്കാൻ ശ്രമിക്കുന്നത് കണ്ടു. ദേവതയ്ക്ക് കുഞ്ഞിക്കുരുവിയെ സഹായിക്കാതിരിക്കാനായില്ല. പെട്ടെന്ന് അവിടമാകെ മഴ പെയ്തു. "സൂം" കാട്ടുതീ അണഞ്ഞു.

ദേവത തേരുതെളിച്ച് മാനത്തുനിന്നും കുഞ്ഞിക്കുരുവിയുടെ മുന്നിലെത്തി, "എല്ലാവരും സ്വന്തം ജീവൻ നോക്കിയപ്പോൾ നീ നിന്നാലാവുംവിധം എല്ലാവരെയും രക്ഷിക്കാൻ ശ്രമിച്ചു. നിന്റെ മനസ്സിന്റെ വലിപ്പം എത്രയോ വലുതാണ്."

ദേവത പറഞ്ഞതു കേട്ടപ്പോൾ മറ്റു പക്ഷികൾക്ക് തങ്ങളുടെ തെറ്റു മനസ്സിലായി.

# ഭാരത സ്വാതന്ത്ര്യസമര ചരിത്രത്തിലെ മായാത്ത മുഖങ്ങൾ



**ഫാ. ജോബ് കുണ്ടോണി**


**ആമുഖം**

*ഇന്ത്യൻ സ്വാതന്ത്ര്യ സമരം ഏകമുഖമായ ഒരു സംരംഭമായിരുന്നില്ല, മറിച്ച് വിവിധ പ്രത്യയ ശാസ്ത്രങ്ങളുടെയും സാമൂഹിക വിഭാഗങ്ങളുടെയും പ്രാദേശിക അഭിലാഷങ്ങളുടെയും സംഗമമായിരുന്നു. ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തത്തിന് ആഗോള അംഗീകാരം ലഭിച്ചുവെങ്കിലും, ഇന്ത്യയുടെ വിധി നിർണ്ണയിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച മറ്റ് നിരവധി നേതാക്കളുടെ സംഭാവനകളെ അംഗീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ ലേഖനം അത്തരത്തിലുള്ള പത്ത് വ്യക്തികളുടെ പ്രയത്നങ്ങളെ ക്കുറിച്ചും അവരുടെ തനതായ സമീപനങ്ങളെക്കുറിച്ചും നിലനിൽക്കുന്ന പാരമ്പര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.*



**സുഭാഷ് ചന്ദ്രബോസ്: സൈനിക ദേശീയവാദി**

സുഭാഷ് ചന്ദ്രബോസ് അഹിംസാ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ച് ബ്രിട്ടീഷ് സേനകളുമായി നേരിട്ടുള്ള സൈനിക ഏറ്റുമുട്ടലിന് വേണ്ടി വാദിച്ചു. രണ്ടാം ലോകമഹായുദ്ധകാലത്ത് അച്ചുതണ്ട് ശക്തികളുമായി ചേർന്ന് ഇന്ത്യൻ നാഷണൽ ആർമി (INA) സ്ഥാപകൻ എന്ന നിലയിൽ, സായുധ സമരത്തിലൂടെ ഇന്ത്യയെ മോചിപ്പിക്കാനാണ് ബോസ് ലക്ഷ്യമിട്ടത്. അദ്ദേഹത്തിന്റെ ആകർഷകമായ നേതൃത്വവും 'എനിക്ക് രക്തം തരൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം' എന്ന മുദ്രാവാക്യവും ഇന്നും ദേശീയവാദികൾക്ക് പ്രചോദനമാണ്.



**ഭഗത് സിംഗ്: വിപ്ലവകാരിയായ രക്തസാക്ഷി**

യുവത്വത്തിന്റെ ധീരതയുടെ പ്രതീകമായ ഭഗത് സിംഗ് നാടകീയമായ ചെറുത്തുനിൽപ്പിലൂടെ ജനങ്ങളെ ഉണർത്താൻ ശ്രമിച്ച ഒരു പ്രമുഖ വിപ്ലവകാരിയായിരുന്നു. സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലി ബോംബാക്രമണത്തിലും (ഇത് മാരകമല്ലാത്തതും പ്രതീകാത്മകവുമായിരുന്നു) അതിനു ശേഷം 23-ാം വയസ്സിൽ അദ്ദേഹത്തെ തൂക്കിലേറ്റിയതും സാമ്രാജ്യത്വത്തിനെതിരായ ചെറുത്തുനിൽപ്പിന്റെ ഒരു രക്തസാക്ഷിയും നിലനിൽക്കുന്ന പ്രതീകവുമായി അദ്ദേഹത്തെ മാറ്റി.



**ഡോ. ബി.ആർ. അംബേദ്കർ: നീതിയുടെ ശിൽപി**

രാഷ്ട്രീയ സ്വാതന്ത്ര്യത്തിനപ്പുറം, സാമൂഹിക വിമോചനത്തിനും ജാതിപരമായ വിവേചനം ഇല്ലാതാക്കുന്നതിനും വേണ്ടി

ഡോ. ബി.ആർ. അംബേദ്കർ പോരാടി. ഇന്ത്യൻ ഭരണഘടനയുടെ പ്രധാന ശില്പിയെന്ന നിലയിൽ, അദ്ദേഹം ഒരു ജനാധിപത്യപരവും സമത്വത്തിലധിഷ്ഠിതവുമായ സമൂഹത്തിന് അടിത്തറപാകി. ദളിത് അവകാശങ്ങൾക്കു വേണ്ടിയുള്ള അംബേദ്കറുടെ വാദം സ്വാതന്ത്ര്യത്തെ അന്തസ്സിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പോരാട്ടമായി പുനർനിർവചിച്ചു.



**ജവഹർലാൽ നെഹ്റു: സ്വാതന്ത്ര്യത്തിന്റെ നയതന്ത്രജ്ഞൻ**

ഗാന്ധിജിയുടെ അടുത്ത അനുയായിയായിരുന്ന ജവഹർലാൽ നെഹ്റു നിസ്സഹകരണ പ്രസ്ഥാനങ്ങൾക്കും, ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനങ്ങൾക്കും ജനപിന്തുണ നേടുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ഒരു ദീർഘദർശിയായ രാഷ്ട്രതന്ത്രജ്ഞൻ എന്ന നിലയിൽ, ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായി അദ്ദേഹം രാജ്യത്തെ മതേതരത്വത്തിലേക്കും സോഷ്യലിസത്തിലേക്കും ശാസ്ത്രീയ പുരോഗതിയിലേക്കും നയിച്ചു. നെഹ്റുവിന്റെ ബുദ്ധിപരമായ കാഴ്ചപ്പാടും ആഗോള വീക്ഷണവും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് ഒരു അന്താരാഷ്ട്ര മാനം നൽകി.

**ബാലഗംഗാധര തിലക്: ഇന്ത്യൻ പ്രക്ഷോഭത്തിന്റെ പിതാവ്**

സ്വയംഭരണം ആവശ്യപ്പെട്ട ആദ്യകാല ദേശീയവാദികളിൽ ഒരാളായ ബാലഗംഗാധര



തിലക്, 'സ്വരാജ് എന്റെ ജന്മാവകാശമാണ്, ഞാൻ അത് നേടും' എന്ന് പ്രഖ്യാപിച്ചു. മതപരമായ ഉത്സവങ്ങളും പ്രാദേശിക അഭിമാനവും ജനങ്ങളെ അണിനിരത്താൻ അദ്ദേഹം ഉപയോഗിച്ചത് ബഹുജന ദേശീയതയ്ക്ക് കളമൊരുക്കി. ഹോം റൂൾ പ്രസ്ഥാനത്തിന്റെ നേതാവ് എന്ന നിലയിൽ, തിലക് സ്വാതന്ത്ര്യസമരത്തിന്റെ ആദ്യ ഘട്ടങ്ങളിൽ അടിയന്തിരതയും നിശ്ചയദാർഢ്യവും നിറച്ചു.



**സർദാർ വല്ലഭായി പട്ടേൽ: ഉരുക്കുമനുഷ്യൻ**

'ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ' എന്നറിയപ്പെടുന്ന സർദാർ പട്ടേൽ സിവിൽ നിയമലംഘന പ്രസ്ഥാനത്തിലും ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിലും നിർണായക പങ്ക് വഹിച്ചു. സ്വാതന്ത്ര്യാനന്തരം, 560-ലധികം നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനുമായി സംയോജിപ്പിച്ച് ദേശീയ ഐക്യം ഉറപ്പാക്കുന്നതിൽ അദ്ദേഹം നേതൃത്വം നൽകി. പരമാധികാരത്തിലേക്കുള്ള മാറ്റത്തിൽ പട്ടേലിന്റെ പ്രായോഗിക നേതൃത്വവും സംഘടനാപരമായ വൈഭവവും ഒഴിച്ചുകൂടാനാവാത്തതായിരുന്നു.



**ആനി ബസന്റ്: തിയോസഫിസ്റ്റ് ദേശീയവാദി**

ബ്രിട്ടീഷ് വംശജയായ പരിഷ്കർത്താവ് ആനി ബസന്റ് ഇന്ത്യൻ സ്വയംഭരണത്തിന്റെ ശക്തമായ വക്താവായി മാറി. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ വനിതാ പ്രസിഡന്റ് എന്ന നിലയിൽ, അവർ ഹോം റൂൾ പ്രസ്ഥാനത്തിന് നേതൃത്വം നൽകുകയും വിദ്യാഭ്യാസം, സ്ത്രീകളുടെ അവകാശ ങ്ങൾ, ദേശീയ അഭിമാനം എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇന്ത്യയുടെ ലക്ഷ്യത്തോട് അഗാധമായ പ്രതിബദ്ധതയുള്ള ഒരു വിദേശി എന്ന നിലയിലുള്ള അവരുടെ അതുല്യമായ സ്ഥാനം പ്രസ്ഥാനത്തിന് ആഗോള ശ്രദ്ധ നേടിക്കൊടുത്തു.

**ചന്ദ്രശേഖർ ആസാദ്: വിപ്ലവ ഇതിഹാസം**

ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷനിലെ (HSRA) ഒരു പ്രധാനിയായ ചന്ദ്രശേഖർ ആസാദ് വിപ്ലവ വീര്യത്തിന്റെ പ്രതീകമായിരുന്നു. കാക്കോരി ഗൂഢാലോചനയിലും ജീവനോടെ പിടിക്കപ്പെടില്ല എന്ന അദ്ദേഹത്തിന്റെ ശപഥവും ദേശീയവാദികൾ എത്രത്തോളം പോകാൻ തയ്യാറായിരുന്നു എന്നതിന്റെ പ്രതീകമായി. ആസാദിന്റെ പാര



ബര്യം ധീരനായ ഒരു ദേശാഭി
മാനിയായി ജനകീയ
സ്മരണയിൽ നിലനിൽക്കുന്നു.



**ഝാൻസി റാണി ലക്ഷ്മിഭായി: ധീരയായ രാജ്ഞി**

ഔദ്യോഗിക ദേശീയ പ്രസ്ഥാനങ്ങൾക്ക് മുൻപുള്ള 1857-ലെ വിപ്ലവത്തിന്റെ ഭാഗമായിരുന്നെങ്കിലും, ഝാൻസി റാണി ലക്ഷ്മിഭായി ചെറുത്തുനിൽപ്പിന്റെ ഒരു അടിസ്ഥാന പ്രതീകമായി നിലനിൽക്കുന്നു. ബ്രിട്ടീഷ് സേനയ്ക്കെതിരെ ഝാൻസിയെ അവർ ധീരമായി പ്രതിരോധിച്ചത് ലിംഗഭേദങ്ങളെയും കൊളോണിയൽ അധികാരത്തെയും ഒരുപോലെ വെല്ലുവിളിച്ചു. ധീരതയുടെയും ദേശഭക്തിയുടെയും ഒരു പ്രതീകമായി ഐതിഹ്യങ്ങളിലും ചരിത്രത്തിലും അവർ ആഘോഷിക്കപ്പെടുന്നു.



**മൗലാനാ അബുൽ കലാം ആസാദ്: ഐക്യത്തിന്റെ ശബ്ദം**

ഒരു പണ്ഡിതനും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന മൗലാനാ ആസാദ് ഹിന്ദു-മുസ്ലിം ഐക്യത്തിന് വേണ്ടി നിലകൊള്ളുകയും ഇന്ത്യയുടെ വിഭജനത്തെ എതിർക്കുകയും ചെയ്തു. ഖിലാഫത്ത് പ്രസ്ഥാനത്തിലെ നേതാവെന്ന നിലയിലും പിന്നീട് ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി എന്ന നിലയിലും, ഇന്ത്യയുടെ മതേതരവും സമഗ്രവുമായ നയങ്ങൾക്ക് അദ്ദേഹം അടിത്തറ പാകി. വിദ്യാഭ്യാസം, സംഭാഷണം എന്നിവയ്ക്ക് അദ്ദേഹം നൽകിയ ഊന്നൽ വിവിധ സമൂഹങ്ങൾ ക്കിടയിൽ ഒരു പാലമായി അദ്ദേഹത്തെ മാറ്റി.

**ഉപസംഹാരം**

ഇന്ത്യൻ സ്വാതന്ത്ര്യസമരം വിപ്ലവ വീര്യം, ഭരണഘടനാ സംവാദം, സൈനിക സമരം, ജനകീയ പ്രവർത്തനങ്ങൾ എന്നിവയുടെയെല്ലാം അനേകം നാരുകൾ ചേർത്ത് നെയ്തെടുത്ത ഒരു ചിത്രപ്പണിയായിരുന്നു. ഗാന്ധിജിയുടെ ഉന്നതമായ സാന്നിധ്യത്തിൽ പലപ്പോഴും നിഴലിച്ച ഈ പത്ത് വ്യക്തികൾ പ്രസ്ഥാനത്തിന് ആഴവും വൈവിധ്യവും നൽകി. ഇന്ത്യയുടെ സ്വാതന്ത്ര്യം ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിന്റെയോ നേതാവിന്റെയോ സമ്മാനമായിരുന്നില്ല, മറിച്ച് കൂട്ടായ ത്യാഗത്തിന്റെ പരിസമാപ്തിയായിരുന്നുവെന്ന് അവരുടെ പാരമ്പര്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.



**ജോ ജേക്കബ്**
മലയാള മനോരമ,
ഡെൽഹി ബ്യൂറോ

**മാർച്ചിലാണു സന്തോഷത്തിന്റെ അളവുകോൽ സാധാരണ പുറത്തു വരുന്നത്. ഓക്സ്ഫഡ് സർവകലാ ശാലയുടെ വെൽബീയിങ് റിസർച്ച് സെന്റർ പുറത്തുവിട്ട റിപ്പോർട്ടിൽ ഇക്കുറി ഇന്ത്യയുടെ നില 118 ആണ്. 2024ൽ 126 ആയിരുന്ന സ ന്തോഷ സൂചികയിൽ ഇന്ത്യ നില അൽപ്പം മെച്ചപ്പെടുത്തി യെന്നു സാരം. 2022ൽ നേടിയ 94-ാം സ്ഥാ നമാണ് ഇന്ത്യയുടെ മികച്ച സ്കോർ. പതിവു പോലെ ഫിൻലൻഡ് തന്നെയാണ് സന്തോഷത്തിന്റെ സൂചികയിൽ ഒന്നാം സ്ഥാനത്ത്. ഡെൻമാർക്ക്, ഐസ്ലൻസ്, സ്വീഡൻ എന്നിവ തൊട്ടുപിന്നിൽ.**

ഇന്ത്യ സ്വാതന്ത്ര്യം നേടി 78 വർഷങ്ങൾ പിന്നിടുമ്പോഴും സന്തോഷത്തിന്റെ രഹസ്യക്കൂട്ട് നമ്മൾക്ക് പിടികിട്ടാത്തത് എന്തുകൊണ്ടാണ്. സാമ്പത്തിക വികസനം, മതസ്വാതന്ത്ര്യം, സാമൂഹിക സ്വാതന്ത്ര്യം, രാഷ്ട്രീയ വിഷയം, വിദ്യാഭ്യാസം, തൊഴിൽ, സർക്കാർ ഓഫിസുകളിലെ കുരുക്കുകൾ ഇങ്ങനെ പല ഘടകങ്ങൾ എടുത്താൽ ഇതിലെല്ലാം ഇന്ത്യയുടെ നില ഏറ്റവും താഴെത്തട്ടിലാണെന്നതാണു വസ്തുത.

ലോക സന്തോഷ സൂചികയിൽ സ്ഥിരമായി ആദ്യ സ്ഥാനങ്ങളിലെത്തുന്നതു 'നോർഡിക് രാജ്യങ്ങളാ'ണ്. എന്തായിരിക്കാം ഈ രാജ്യങ്ങൾ തുടർച്ചയായി ആദ്യ സ്ഥാനങ്ങളിൽ വരുന്നതിന്റെ കാരണം? ധനികരാജ്യമല്ല ഇവയൊ

# സ്വാതന്ത്ര്യത്തിൽ നിന്ന് സന്തോഷത്തിലേക്കുള്ള വഴി



ന്നും. ലോകത്തെ ഏറ്റവും സമ്പന്ന രാജ്യമായ സിംഗപ്പൂർ 26 -ാമതാണു പട്ടികയിൽ.

നോർഡിക് രാജ്യങ്ങൾക്ക് ഉയർന്ന സമ്പദ് വ്യവസ്ഥയുണ്ടെങ്കിലും ജനങ്ങൾക്കിടയിലെ സാമ്പത്തിക അന്തരം താരതമ്യേന കുറവാണെന്നു വിലയിരുത്തുന്നു. ഈ രാജ്യക്കാർ പുലർത്തുന്ന ഉന്നതമായ പരസ്പരവിശ്വാസവും സാഹോദര്യ മനോഭാവവും ഇവരെ മറ്റു ജനതകളിൽ നിന്നു വേറിട്ടു നിർത്തുന്നുവെന്നാണു പഠനം.

എന്നാൽ നമ്മുടെ രാജ്യത്തോ ജിഡിപിയിൽ മൂന്നാം സ്ഥാനത്തേക്കു കുതിക്കാനൊരുങ്ങുമ്പോഴും സാമ്പത്തിക വിവേചനം രാജ്യത്തു വർധിച്ചുകൊണ്ടിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ രാജ്യത്തെ പലയിടങ്ങളും പരിതാപകരമായ നിലയിലാണ്. **ഇന്ത്യയിൽ വരുമാനത്തിന്റെ അന്തരം ബ്രിട്ടീഷ് കാലത്തെക്കാൾ കൂടുതലാണെന്നുള്ള പഠനങ്ങൾ അടുത്തിടെ വന്നിരുന്നു. രാജ്യത്തെ 1 ശതമാനം ആളുകൾ 40.1% സ്വത്ത് കൈവശം വയ്ക്കുമ്പോൾ ഏറ്റവും താഴെയുള്ള 50% ആളുകളുടെ കൈവശം 6.4% ആണെന്നാണു സാമ്പത്തിക വിദഗ്ധനായ ഹാർധിക് ജോഷി എന്നയാളുടെ പഠനത്തിൽ പറയുന്നത്.**

ഇന്ത്യയിൽ മതസ്വാതന്ത്ര്യം വെല്ലുവിളി നേരിടുന്നുവെന്നാണു യുഎസിലെ കമ്മിഷൻ ഓൺ ഇന്റർനാഷനൽ റിലീജിയസ് ഫ്രീഡത്തിന്റെ (യുഎസ് സിഐ ആർഎഫ്) റിപ്പോർട്ടിൽ പറയുന്നത്. റിപ്പോർട്ട് പക്ഷപാതപരവും രാഷ്ട്രീയ പ്രേരിതവുമാണെന്നു വിലയിരുത്തി കേന്ദ്രസർക്കാർ ഇതു തള്ളിയെങ്കിലും ഭരണഘടന ഉറപ്പാക്കുന്ന മതസ്വാതന്ത്ര്യം ഇപ്പോഴും പ്രതിസന്ധി നേരിടുന്നുവെന്നതാണു വാസ്തവം. മതപരമായി ഏറ്റവുമധികം വിലക്കുകളും നിയന്ത്രണങ്ങളുമുള്ള ലോകത്തെ 25 രാജ്യങ്ങൾക്കൊപ്പമാണ് ഇന്ത്യയെ ജലം Research Center എന്ന ഗവേഷക സ്ഥാപനം തങ്ങളുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാക്കിസ്ഥാൻ, ഫ്രാൻസ്, ഇസ്രയേൽ, നൈജീരിയ, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളും പട്ടികയിലുണ്ട്.

കേരളത്തെപ്പോലെ നീണ്ടു നിവർന്നു കിടക്കുന്ന, എന്നാൽ കേരളത്തിന്റെ ഏഴിലൊന്നു ജനസംഖ്യ മാത്രമുള്ള നാടാണ് ഫിൻലൻഡ്. ആളുകൾ കുറവായതിനാലാകാം, അസൂയയും സ്പർധയും തീരെയില്ലെന്നും അതാകും തങ്ങളുടെ സന്തോഷത്തിന്റെ രഹസ്യമെന്നും ഫിൻലൻഡിനെ ആളുകൾ പറയാറുണ്ട്.

പ്രകൃതിയോടുള്ള അകമഴിഞ്ഞ സ്നേഹമാണ് നോർഡിക് രാജ്യങ്ങളെ വേറിട്ടു നിർത്തുന്ന മറ്റൊരു കാര്യം. ഫിൻലൻഡിൽ മാത്രം ഏകദേശം 1,80,000 തടാകങ്ങളുണ്ട്. രാജ്യത്തിന്റെ എഴുപതു ശതമാനവും വനമായതിനാൽ പ്രകൃതിയും പച്ചപ്പുമായും ചേർന്ന ജീവിതമാണ്. രാജ്യത്തെ 41 ദേശീയ ഉദ്യാനങ്ങളിൽ ആർക്കും സൗജന്യമായി പ്രവേശിക്കാം. ഹെൽസിങ്കി ഉൾപ്പെടുന്ന തെക്കൻ ഫിൻലൻഡിൽ ടാപ്പുകളിൽ എവിടെയും ലഭിക്കുന്നതു ശുദ്ധ ജലം. ലോകത്തിലെ ഏറ്റവും മികച്ച ശുദ്ധവായു ലഭിക്കുന്ന പ്രദേശങ്ങളും ഇവിടെയുണ്ട്.

ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയോ? ലോകത്തിലെ ഏറ്റവും മോശം വായുനിലയുള്ള നഗരങ്ങളുടെ ഗണത്തിലാണു ഡൽഹിയുടെ സ്ഥാനവും. കേരളത്തെക്കാൾ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഡൽഹി നഗരത്തിന്റെ മോശം അവസ്ഥയ്ക്കു പരിഹാരം കാണാൻ മാറിവരുന്ന സർക്കാരുകൾ ക്കൊന്നും സാധിക്കുന്നില്ല. മോശം വായുവിനെ പേടിച്ചു ഡൽഹി ഉപേക്ഷിക്കേണ്ടി വരുന്നു പലർക്കും.

**സ്വാതന്ത്ര്യമെന്ന ഒറ്റ ഘടകം കൊണ്ടു മാത്രം രാജ്യത്തെ ജനങ്ങളുടെ സന്തോഷ സൂചികയെ ജ്വലിപ്പിക്കാൻ സാധിക്കുന്നില്ലെന്നതാണു വാസ്തവം. സ്വാതന്ത്ര്യത്തിന്റെ 100-ാം വാർഷികം ആഘോഷിക്കുന്ന 2047-ൽ വികസിത രാജ്യമായി ഇന്ത്യയെ മാറ്റുമെന്നാണു പ്രധാനമന്ത്രിയുടെയും കേന്ദ്ര സർക്കാരിന്റെയും പ്രഖ്യാപനം. എന്നാൽ സാധാരണക്കാരന്റെ മുഖത്തു ചിരി വിടർത്താൻ എത്ര ദൂരം സഞ്ചരിക്കേണ്ടി വരുമെന്നതിലാണു സ്വാതന്ത്ര്യത്തിന്റെയും വികസനത്തിന്റെയും യഥാർഥ അളവുകോൽ ഒളിഞ്ഞു കിടക്കുന്നത്.**

# 11 വർഷത്തെ പുതിയ ഇന്ത്യ



ഡോ. ജോസഫ്
കാരിക്കാശ്ശേരി

2025-ൽ ഇന്ത്യ നിർണ്ണായകമായ ഒരു മാറ്റത്തിലാണ്. ഭാരതീയ ജനതാ പാർട്ടിയുടെ പതിനൊന്നു വർഷത്തെ നയതുടർച്ചയും യുവ ജനസംഖ്യാപരമായ കുതിപ്പും (Young Demographic Dividend) അതുവഴി ഉണ്ടാകുന്ന അഭൂതപൂർവ്വമായ സാമ്പത്തിക വളർച്ചയും ഭൗമ രാഷ്ട്രീയ (Geo Political) സ്വാധീനങ്ങളും ചേർന്ന് രാജ്യത്തെ കഴിഞ്ഞ ദശകത്തിലെ "ദുർബല മായ അഞ്ച്" എന്നതിൽനിന്ന് നിലവിലെ ഡോളർ കണക്കിൽ (4.2 ട്രില്യൺ ഡോളർ) അതിവേഗം വളരുന്ന നാലാമത്തെ വലിയ സമ്പദ് വ്യവസ്ഥയിലേക്ക് ഉയർത്തിയിരിക്കുന്നു. കുറഞ്ഞ ബജറ്റിൽ ചൊവ്വയുടെ ഭ്രമണപഥത്തിലെ വിക്ഷേപണം മുതൽ ലോകത്തിലെ ഏറ്റവും വലിയ തത്സമയ പേയ്മെന്റ് സമ്പ്രദായം (Real-time Payment System) വരെയും, 203 ജിബി സ്ഥാപിത പുനരുപയോഗ (Renewable Energy) ശേഷി മുതൽ എല്ലാ ഗ്രാമീണ വീട്ടിലും ഒരു ശൗചാലയം വരെയും ഇന്ത്യക്കാർ ഇന്ന് അനുഭവിക്കുന്ന പരിവർത്തനത്തിന്റെ ഒരു ഭാഗം മാത്രമേ ഉൾക്കൊള്ളുന്നുള്ളൂ.

2014 നും 2025 നുമിടയിൽ ഇന്ത്യ 135 ദശലക്ഷം പൗരന്മാരെ പലതരത്തിലുള്ള ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റി. പ്രതിശീർഷവരുമാനം (per capital income/ppp) 9,047 ഡോളറായി ഇരട്ടിയാക്കി. ആയുർദൈർഘ്യം 72 വർഷമായി ഉയർത്തി. ജൻ-ധൻ-ആധാർ-മൊബൈൽ എന്നിവ ചേർന്ന ത്രിത്വം ഇപ്പോൾ 810 ദശലക്ഷം ആളുകൾക്ക് ആനുകൂല്യങ്ങൾ നേരിട്ട് കൈമാറുന്ന ഒരു ഡിജിറ്റൽ പേപ്പർ വെൽഫെയർ സംവിധാനത്തിന് അടിവരയിടുന്നു. അതേസമയം 2015 ൽ ആരംഭിച്ച പ്രധാനമന്ത്രി മുദ്രയോജന 520 ദശലക്ഷം മൈക്രോ ലോണുകൾ വിതരണം ചെയ്തു. അതിൽ നാലിൽ മൂന്നും സ്ത്രീകൾക്ക്!

ഉൽപാദനരംഗത്ത് പുതിയ ഇലക്ട്രോണിക്സ്, ഫാർമ, സോളാർ നിർമ്മാണ മേഖലകളിൽ 105 ബില്യൺ ഡോളർ നിക്ഷേപിച്ചത് ശ്രദ്ധേയമാണ്. ആപ്പിൾ ഇപ്പോൾ പ്രതിവർഷം 14 ബില്യൺ ഡോളർ മൂല്യമുള്ള മെയ്ഡ് ഇൻ ഇന്ത്യ മുദ്രയുള്ള ഐ-ഫോണുകൾ കയറ്റുമതി ചെയ്യുന്നു. വികസന പാതയിൽ ബഹുദൂരം മുന്നേറിയെങ്കിലും 2047-ഓടെ ഒരു വികസിത രാഷ്ട്രമായി മാറുന്നതിന് ആവശ്യമായ 8% വളർച്ചയിൽ എത്തിച്ചേരാൻ നമുക്ക് സാധിച്ചിട്ടില്ല.

ഇന്ത്യയുടെ ഡിജിറ്റൽ സ്റ്റോക്ക് അതിന്റെ ഏറ്റവും വലിയ സോഫ്റ്റ്പവർ കയറ്റുമതിയാണ്. 2024 ൽ മാത്രം യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (യുപിഐ) 24,100 കോടി ഇടപാടുകൾ നടത്തി. വിസയും മാസ്റ്റർ കാർഡും ചേർന്ന് ലോകമെമ്പാടും നടത്തുന്ന ഇടപാടുകളെക്കാളും കൂടുതൽ! ദിക്ഷ പ്രാദേശിക ഭാഷകളിൽ 179.5 ദശലക്ഷം പ്രാദേശിക ഭാഷാ കോഴ്സ് പ്രവേശനം സാധ്യമാക്കി. ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ONDC) ഇപ്പോൾ ആറ് രാജ്യങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു. കൂടാതെ ഒരു ബില്യൺ വാക്സിൻ ഡോസുകൾ വിതരണം ചെയ്ത COWIN പ്ലാറ്റ്ഫോം സാർവ്വത്രിക ആരോഗ്യ റെക്കോർഡുകൾക്കായി പരിലസിക്കുന്നു. ഇന്ത്യയെ ഒരു നെറ്റ് ഉപഭോക്താവിൽനിന്ന് ഡിജിറ്റൽ ഗവേണൻസ് മോഡലുകളുടെ നെറ്റ് കയറ്റുമതി ചെയ്യുന്ന രാജ്യമാക്കി മാറ്റി ഇക്കാര്യങ്ങൾ.

### ഹരിതാഭമാകുന്ന രാജ്യം

2024-ൽ രാജ്യം 24.2 ജിഗാവാട്ട് പുനരുപയോഗിക്കാവുന്ന ശേഷി കൂട്ടിച്ചേർത്തു. ഫോസിൽ ഇതര സ്രോതസ്സുകളുടെ വിഹിതം മൊത്തത്തിൽ 46.3% ആക്കി. അടുത്തിടെ ആരംഭിച്ച പിഎംഇ-ഡ്രൈവ് സ്കീം ഇലക്ട്രിക്-വെഹിക്കിൾ ചാർജിംഗ് കോറിഡോറുകൾക്കും സ്ക്രാപ്പേജ് ഇൻസെന്റീവുകൾക്കുമായി 10,900 കോടി രൂപ ചെലവഴിക്കുന്നു. അതേസമയം ദേശീയ ഹരിത ഹൈഡ്രജൻ മിഷൻ ഇതിനകംതന്നെ പ്രതിവർഷം 450 കോടി ഇലക്ട്രോലൈസർ കപ്പാസിറ്റിക്കായി ബിഡ്ഡുകൾ ആകർഷിച്ചിട്ടുണ്ട്. ദേശീയ ഹരിത ഹൈഡ്രജൻ മിഷൻ അന്യരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഫോസിൽ ഫ്യൂവൽ ഗണ്യമായി കുറയ്ക്കും എന്ന് പ്രതീക്ഷിക്കാം. ഈ നീക്കങ്ങൾ ഭാവിയിലെ എണ്ണ ഇറക്കുമതി ബില്ലുകളിൽ നിന്ന് 100 ബില്യൺ ഡോളർ കുറയ്ക്കുമെന്നും യൂറോപ്പിലേക്കും ജപ്പാനിലേക്കും ഹരിതഹൈഡ്രജൻ കയറ്റുമതിക്കാരനായി ഇന്ത്യയെ സ്ഥാപിക്കുമെന്നും പ്രതീക്ഷിക്കാം.




**ശാസ്ത്രം, ബഹിരാകാശം, തന്ത്രപരമായ സ്വയംഭരണം**

2025 ആണ് "ഗഗൻയാൻ" വർഷം. ശ്രീഹരിക്കോട്ടയിൽനിന്നുള്ള ISRO യുടെ 100-ാമത്തെ വിക്ഷേപണം NVS-02 നാവിഗേഷൻ ഉപഗ്രഹത്തെ ഭ്രമണപഥത്തിൽ എത്തിച്ചതും POEM-4 പ്ലാറ്റ്ഫോം ബഹിരാകാശത്ത് ഇന്ത്യയുടെ ആദ്യത്തെ വാക്കിംഗ് റോബോട്ടിക് പരീക്ഷിച്ചതും വലിയ നേട്ടങ്ങൾതന്നെ. ഓസ്ട്രേലിയയുമായും ഇ.യു.വുമായുള്ള നിർണ്ണായക ധാതു-പങ്കാളിത്തം യു.എസ് -ഇന്ത്യ ഇനിഷ്യേറ്റീവ് ഓൺ ക്രിട്ടിക്കൽ ആൻഡ് എമർജിംഗ് ടെക്നോളജീസിന് (ICET) കീഴിലുള്ള അർദ്ധ ചാലക വിതരണ ശൃംഖല ഉടമ്പടികൾ, ജപ്പാനുമായുള്ള സംയുക്ത ചാന്ദ്ര- റോവർ വികസനം തുടങ്ങിയ മുന്നേറ്റങ്ങൾ അഭിലഷണീയങ്ങളാണ്.

**സാമൂഹിക മാറ്റങ്ങൾ**

കഴിഞ്ഞ ദശകത്തിൽ മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ ടോയ്‌ലറ്റ് നിർമ്മാണം (സ്വച്ഛ് ഭാരതിന് കീഴിൽ 120 ദശലക്ഷം യൂണിറ്റുകൾ), 150 ദശലക്ഷം വീടുകളിലേക്ക് ശുദ്ധമായ ടാപ്പ്-വാട്ടർ കണക്ഷനുകൾ, PMAY ക്ക് കീഴിൽ 40 ദശലക്ഷം പുതിയ വീടുകൾ എന്നിവ ഗാന്ധിയൻ ആദർശങ്ങളുടെ പ്രയോക്താവാക്കി നരേന്ദ്രമോദി എന്ന ധീരനായ പ്രധാനമന്ത്രിയെ പ്രതിഷ്ഠിച്ചു. 26 ആഴ്ചത്തെ പ്രസവാവധി, ഫാക്ടറികളിലെ ക്രെഷ് സൗകര്യങ്ങൾ, നിയമനിർമ്മാണ സീറ്റുകളുടെ മൂന്നിലൊന്ന് സ്ത്രീകൾക്കുള്ള സംവരണം എന്നിവയുടെ സഹായത്തോടെ സ്ത്രീ തൊഴിലാളി പങ്കാളിത്തം ആറു വർഷത്തിനുള്ളിൽ 23% ത്തിൽനിന്ന് 42% ആയി ഉയർന്നു. ദേശീയ വിദ്യാഭ്യാസ നയം 2020, ഐഐടി-ഐഎംയു ശൃംഖലയുടെ വിപുലീകരണം എന്നിവ സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രതീക്ഷിത വർഷങ്ങളെ 13 ആയി ഉയർത്തി.

**ജിയോ പൊളിറ്റിക്കൽ വരവ്**

പ്രതിരോധ കയറ്റുമതി 21,000 കോടി രൂപ കവിഞ്ഞു. ഇപ്പോൾ ബ്രഹ്മോസ്-യുദ്ധത്തിൽ ഇന്ത്യയുടെ മിസ്ഷിപ്പ് നഷ്ടമായി.


എന്നിട്ടും 2047 ലേക്കുള്ള പാത രേഖീയമല്ല. 4 ട്രില്യൺ ഡോളറിൽ നിന്ന് 30 ട്രില്യൺ ഡോളർ സമ്പദ് വ്യവസ്ഥയിലേക്ക് മാറാൻ ഇന്ത്യ അടുത്ത ദശകത്തിൽ 100 മില്യൺ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വിദ്യാഭ്യാസ-തൊഴിൽ പൊരുത്തക്കേട് പരിഹരിക്കുകയും വളർച്ചയെ യഥാർത്ഥമായി പച്ചയാക്കുകയും വേണം. സ്ഥാപനപരമായ സ്കാർഫോൾഡിംഗ് ഡിജിറ്റൽ റെയിലുകൾ, വെൽഫെയർ പ്ലംബിംഗ്, ഇതിനകംതന്നെ നിലവിലുണ്ട് എന്നതാണ് നല്ല വാർത്ത. ഇന്ത്യയ്ക്ക് ഇപ്പോൾ അതിന്റെ ജനസംഖ്യാപരമായ വളർച്ചയെ ഉൽപ്പാദനശേഷിയാക്കി മാറ്റാൻ കഴിയുമെങ്കിൽ, ഇന്ത്യയുടെ കഥ അതിശയകരമായ സ്ഥിതിവിവര കണക്കുകളുടേതു മാത്രമല്ല ലോകത്തിലെ ഏറ്റവും വലിയ സമ്പന്ന രാജ്യത്തിന്റേതുമാകും.

# മാതൃഭക്തനായ ഇടയശ്രേഷ്ഠൻ

*ആർച്ച് ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ പതിനാലാം ചരമവാർഷികമാണ് ഓഗസ്റ്റ് 7-ാം തീയതി. അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറിയായി നീണ്ട എട്ടുവർഷം സേവനം ചെയ്ത മോൺ. മാത്യു ഇലഞ്ഞിമറ്റം തന്റെ ഓർമ്മകൾ ഈ ലേഖനത്തിലൂടെ പങ്കുവയ്ക്കുന്നു.*



**മോൺ. മാത്യു ഇലഞ്ഞിമറ്റം**



ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ കൊർണേലിയസ് ഇലഞ്ഞിക്കൽ പിതാവിന്റെ മെത്രാൻ പട്ടത്തിന്റെ നന്ദിയർപ്പണ വേളയിൽ അദ്ദേഹം പറഞ്ഞുതന്നത് എഴുതുവാൻ സെന്റ് ആൽബർട്സ് സ്കൂളിൽ 9-ാം ക്ലാസിൽ പഠിക്കുന്ന സമയത്ത് എറണാകുളം മൈനർ സെമിനാരിയിൽ വച്ച് ഭാഗ്യം ലഭിച്ചു. പിന്നീട് ഫിലോസഫി കഴിഞ്ഞ് റീജൻസി ചെയ്യുന്ന സമയത്ത് കൊർണേലിയസ് പിതാവ് വിജയപുരത്തുനിന്ന് എറണാകുളത്തുവന്നപ്പോൾ മറ്റു ബ്രദേഴ്സിനെയും കൂട്ടി വിജയപുരം ബിഷപ്സ് ഹൗസിലേക്ക് ഞങ്ങളെ കൊണ്ടുപോയി ഒരു ദിവസം അദ്ദേഹത്തോടൊപ്പം താമസിച്ചത് ഇന്നും പച്ചയായ ഓർമ്മകൾ.

അഭിവന്ദ്യ പിതാവ് വരാ

പ്പുഴ മെത്രാപ്പോലീത്തയായി എറണാകുളത്തു വന്നപ്പോൾ 1987-ൽ എന്നെ അതിരൂപതാ ചാൻസലറായി നിയമിക്കുകയായിരുന്നു. തുടർന്ന് സെക്രട്ടറിയായിരുന്ന ഫാദർ ചാൾസ് പടത്തുരുത്തി ഉപരിപഠനാർത്ഥം റോമിലേക്ക് പോയപ്പോൾ സെക്രട്ടറി സ്ഥാനവും കൂടി എനിക്കു നൽകുകയായിരുന്നു. 1996 നവംബർ 3-ാം തീയതി അഭിവന്ദ്യപിതാവ് സ്ഥാനത്യാഗം ചെയ്യുന്നതുവരെ അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. അതിന് അദ്ദേഹത്തിന് നന്ദിയർപ്പിക്കുന്നതോടൊപ്പം ദൈവത്തിനും കൃതജ്ഞതയർപ്പിക്കുന്നു.

തന്റെ അജഗണത്തിനു വേണ്ടി ആത്മാർത്ഥമായി സ്വയം സമർപ്പിച്ച ഒരു ഇടയശ്രേഷ്ഠനെയാണ് അദ്ദേഹത്തിൽ ദർശിക്കാൻ കഴിഞ്ഞത്. പലവിധ കാരണങ്ങളാൽ ഇടയ ഗണത്തിൽനിന്നും തെന്നിപ്പോകുന്നവരെ കൂട്ടിച്ചേർക്കാൻ അഹോരാത്രം കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു സ്നേഹമയനായ ഒരു ഇടയനായിരുന്നു അദ്ദേഹം. തന്റെ വൈദികരിൽ ആർക്കെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഉറക്കമില്ലാതെ രാത്രി മുഴുവൻ പ്രാർത്ഥിച്ചും പ്രശ്നപരിഹാരത്തിന് മാർഗ്ഗങ്ങൾ ആരാഞ്ഞും അലഞ്ഞ വൈദിക ശ്രേഷ്ഠനായിരുന്നു അഭിവന്ദ്യ കൊർണേലിയസ് പിതാവ്. അതിരൂപതയിലെ ഓരോ വ്യക്തിയെയും കുടുംബത്തെയും അതിരൂപത മുഴുവനെയും പരി. കന്യകയുടെ വിമലഹൃദയത്തിലൂടെ കർത്താവിന്റെ തിരുഹൃദയത്തിന് സമർപ്പിക്കുന്നതിന് ഈശോയുടെ തിരുഹൃദയത്തിന്റെ തിരുസ്വരൂപവും, സമർപ്പണ പ്രാർത്ഥനയും, ഗാനവും അദ്ദേഹം രചിച്ചു. എല്ലാ ഫോർമേഷൻ ഹൗസുകളിലും, സന്ന്യാസ ഭവനങ്ങളിലും അത് പഠിപ്പിക്കുകയും ചെയ്തു. ഒരു ഇടയലേഖനം അതിനായി പുറപ്പെടുവിച്ചു. അതിരൂപതാംഗങ്ങൾ കൂട്ടമായി താമസിക്കുന്നിടങ്ങളിലൊക്കെ ചെറിയ പള്ളികൾ പണിയുക അദ്ദേഹത്തിന്റെ ആശയമായിരുന്നു. ഏതാണ്ട് 250 കുടുംബങ്ങൾക്ക് ഒരു ഇടവക പള്ളി, ഒരു സന്യാസഭവനം ഇതായിരുന്നു അദ്ദേഹത്തിന്റെ ആശയം. അതിരൂപത മുഴുവൻ കുടുംബയോഗങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. പ്രത്യേക പരിപാടികളില്ലാത്ത വൈകുന്നേരങ്ങളിൽ സന്യസ്ത ഭവനങ്ങളും, ഇടവക പള്ളികളും സന്ദർശിക്കുന്നതിന് പരിശ്രമിച്ചിരുന്നു. ജീവിതാവസാനം വരെ ഇത് അദ്ദേഹത്തിന്റെ ഒരു ശൈലിയായി തുടർന്നു.

അദ്ദേഹത്തിന്റെ ഭരണസമയത്ത് പണികഴിപ്പിച്ച അതിരൂപതാ പാസ്റ്ററൽ സെന്റർ ആശീർഭവന്റെ കേന്ദ്രഭാഗത്തുള്ള ചാപ്പലും ചാപ്പലിനകത്തുള്ള ദിവ്യകാരുണ്യനാഥന്റെ മ്യൂറൽ ചിത്രവും അദ്ദേഹത്തിന്റെ പരിശുദ്ധ കുർബാനയോടുള്ള അഗാധമായ ഭക്തിയുടെ അടയാളമാണ്. ദൈവമാതാവിനോട് പ്രത്യേക ഭക്തിയുണ്ടായിരുന്ന അദ്ദേഹം രചിച്ചിട്ടുള്ള മാതൃഗീതങ്ങൾ എത്രയോ അർത്ഥഗംഭീരമാണ്. **എവിടെപ്പോയി വന്നാലും എത്ര വൈകിയാലും ജപമാല ചൊല്ലാതെ അദ്ദേഹം കിടന്നുറങ്ങിയിരുന്നില്ല. യാമപ്രാർത്ഥനകൾ കൃത്യമായി ചൊല്ലുന്നതിൽ അദ്ദേഹം കാട്ടിയിരുന്ന തീക്ഷ്ണത എന്റെ ആദ്ധ്യാത്മിക ജീവിതത്തെ വളരെ സഹായിച്ച മാതൃകയാണ്. ധനം കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം കാട്ടിയിരുന്ന ആത്മാർത്ഥതയും കൃത്യതയും പ്രത്യേകം എടുത്തു പറയേണ്ടതാണ്.. അദ്ദേഹത്തിന് പരിചിതമല്ലാത്ത വിഷയങ്ങളെക്കുറിച്ച് വിദഗ്ദ്ധമായി ചർച്ച ചെയ്ത് അറിവു നേടുന്നതിനുള്ള എളിമ അദ്ദേഹം കാട്ടിയിരുന്നു.** മറ്റുള്ളവരെ ചിരിപ്പിക്കുവാനും, ചിന്തിപ്പിക്കുവാനും ഒരു പ്രത്യേക വൈഭവം അഭിവന്ദ്യ പിതാവിനുണ്ടായിരുന്നു. ആർക്കും സമീപിക്കാവുന്ന ഏവരെയും ഉൾക്കൊള്ളുന്ന ഒരു വ്യക്തിപ്രഭാവം. വലിയ ആഡംബരങ്ങളില്ലാത്ത ദിനചര്യകൾ. അഗാധമായ ക്രിസ്തുസ്നേഹവും ജീവിതാവസാനം വരെ ഹൃദ്യവും സംതൃപ്തവുമായ ജീവിതത്തിനുടമയാക്കി.

ലത്തീൻ സഭയിലെ ഗാനഗന്ധർവനായ ആർച്ച് ബിഷപ് എന്നു വിശേഷിപ്പിക്കുന്നതും എത്രയും ഉചിതവുമാണ് തന്നെ. ആത്മീയത ഉണർത്തുന്ന വാക്കുകൾക്ക് ഈണം പകരുവാൻ, പ്രത്യേകിച്ച് വിശ്രമ ജീവിത കാലയളവിൽ കെസ്റ്റർ, ഗാഗുൽ ജോസഫ്, ബിജുനാരായണൻ തുടങ്ങിയ ഗായകരെ വിളിച്ചുവരുത്തി ഒട്ടേറെ ജീവൻ തുളുമ്പുന്ന ഹൃദയസ്പർശിയായ ഗാനങ്ങൾക്ക് രൂപം നല്കിയതും അവിസ്മരണീയമായ കാര്യം തന്നെ.

വി. ഫ്രാൻസിസ് അസ്സീസിയെപ്പോലെ മരണത്തെ സഹോദരിയായി മനസ്സിലാക്കി സ്വാഗതം ചെയ്തിരുന്നു. മരണത്തെക്കുറിച്ച് അദ്ദേഹം എഴുതിയ ഗാനം അതിമനോഹരമാണ്. എപ്പോഴും മരണത്തെ സ്വാഗതം ചെയ്ത് ജീവിതം നയിച്ച ഒരു മഹാരഥനായിരുന്നു അഭിവന്ദ്യ കൊർണേലിയസ് പിതാവ്. മിഷൻ രൂപതയായ വിജയപുരം രൂപതയുടെ വികസനത്തിനായി അക്ഷീണം പരിശ്രമിച്ച അദ്ദേഹം അതേ മിഷൻ ചൈതന്യത്തോടെ വരാപ്പുഴ അതിരൂപതയെയും നയിച്ച് വിശ്രമജീവിതം ധന്യമായി ക്രിയാത്മകമായി തന്നെ ചെലവഴിച്ച് 92 വയസ്സിൽ ഭാഗ്യമോടെ സംതൃപ്തിയോടെ ഈലോകവാസം വെടിഞ്ഞു. ആ ധന്യജീവിതത്തിനു മുമ്പിൽ സ്മരണാഞ്ജലിയർപ്പിക്കുന്നു. 2011 ഓഗസ്റ്റ് 7-ാം തീയതി പിതാവ് ദിവംഗതനായി. ഈ വർഷം 2025 ഓഗസ്റ്റ് 7-ാം തിയതിയാകുമ്പോൾ പിതാവ് മൺമറഞ്ഞിട്ട് 14 വർഷം പൂർത്തിയാകുന്നു. ആ ഇലഞ്ഞിമരത്തണൽ - അഭിവന്ദ്യപിതാവ് സ്വർഗീയ സന്നിധിയിൽ ജീവിക്കുന്നു എന്നുള്ളത് നാം വിശ്വസിക്കുന്നു. ഇത് എഴുതിക്കൊണ്ടിരിക്കുമ്പോൾ എന്റെ മുറിയിൽ സുന്ദരമായൊരു ഗാനം ഞാൻ കേൾക്കുന്നു. അത് അഭിവന്ദ്യ കൊർണേലിയസ് പിതാവ് രചിച്ച് ഫാ. ജോളി ചക്കാലക്കൽ ഈണം ചെയ്ത ഗാനമാണ്:

***'പ്രിയരേ നിങ്ങൾ കരയല്ലേ...***
***എന്നെയോർത്ത്***
***ഇനിയൊരുനാളും***
***അല്ലൽ തെല്ലുമില്ലാത്ത***
***ലോകത്തല്ലേ ഞാനിപ്പോൾ...''***

# സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പുരോഗതി (1947–2025)



**ഡോമിനിക്ക്**
**ഷൈജു കെ എം**

*1947ൽ സ്വാതന്ത്ര്യം നേടിയതു മുതൽ, ഇന്ത്യ ദേശീയ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ശ്രദ്ധേയമായ പരിവർത്തനത്തിന് വിധേയമായിട്ടുണ്ട്. കൊളോണിയൽ ഭരണത്തിന്റെ നിഴലിൽ നിന്ന് പുറത്തുവന്ന രാജ്യം, ഊർജ്ജസ്വലമായ ഒരു ജനാധിപത്യം കെട്ടിപ്പടുക്കുകയും, ശക്തമായ ഒരു സമ്പദ് വ്യവസ്ഥ രൂപീകരിക്കുകയും, ശാസ്ത്രം, കല, കായികം, സാമൂഹിക സമത്വം എന്നിവയിൽ ധീരമായ ചുവടുകൾ വെക്കുകയും ചെയ്തു. 1947 മുതൽ 2025 വരെയുള്ള ഇന്ത്യയുടെ വികസന യാത്രയെ 15 പ്രധാന മേഖലകളിലൂടെ ഈ ലേഖനം അടയാളപ്പെടുത്തുന്നു:*

### രാഷ്ട്രീയപരമായ പരിണാമം

1950-ൽ ഭരണഘടന അംഗീകരിച്ചതോടെ ഇന്ത്യയുടെ ജനാധിപത്യ വേരുകൾ ദൃഢമായി സ്ഥാപിക്കപ്പെട്ടു. പതിറ്റാണ്ടുകളായി ഇത് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായി വളർന്നു, സ്ഥിരമായ സ്വതന്ത്ര തിരഞ്ഞെടുപ്പുകൾ, ഊർജ്ജസ്വലമായ മാധ്യമങ്ങൾ, ശക്തമായ നീതിന്യായ വ്യവസ്ഥ എന്നിവ ഇതിന്റെ പ്രത്യേകതകളാണ്. 1970-കളിലെ അടിയന്തരാവസ്ഥാ കാലഘട്ടം മുതൽ ശക്തമായ പ്രാദേശിക പാർട്ടികളുടെ ഉയർച്ച വരെ ഇന്ത്യയുടെ രാഷ്ട്രീയ ഭൂമിക ചലനാത്മകമായി തുടർന്നു. സമീപ വർഷങ്ങളിൽ, കേന്ദ്ര നേതൃത്വം ആഗോള കാഴ്ചപ്പാടോടെയുള്ള പരിഷ്കാര ങ്ങൾക്കും ദേശീയ നയങ്ങൾക്കും ചുക്കാൻ പിടിക്കുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്.

### സാമ്പത്തിക വളർച്ച

ആദ്യകാലങ്ങളിൽ പഞ്ചവത്സര പദ്ധതികളോടെ സോഷ്യലിസ്റ്റ് മാതൃക സ്വീകരിച്ച ഇന്ത്യ, 1991-ൽ ഉദാരവൽക്കരണത്തിലൂടെ കമ്പോള കേന്ദ്രീകൃത സമ്പദ് വ്യവസ്ഥയിലേക്ക് മാറി. ഈ മാറ്റം അഭൂതപൂർവമായ വളർച്ചയ്ക്ക് വഴിയൊരുക്കി, പ്രത്യേകിച്ച് ഐടി, സേവനങ്ങൾ, ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ. ഇന്ന്, ജിഡിപി പ്രകാരം ലോകത്തിലെ മികച്ച അഞ്ച് സമ്പദ്‌വ്യവസ്ഥകളിൽ ഒന്നാണ് ഇന്ത്യ, കൂടാതെ നവീകരണത്തിന്റെയും സ്റ്റാർട്ടപ്പുകളുടെയും ഡിജിറ്റൽ പരിവർത്തനത്തിന്റെയും ഒരു കേന്ദ്രമായി ഇത് മാറിയിരിക്കുന്നു.

### വ്യാവസായിക വികസനം

ആദ്യ ദശകങ്ങളിലെ വൻകിട വ്യവസായങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ടാറ്റ, റിലയൻസ്, ഇൻഫോസിസ് തുടങ്ങിയ പ്രമുഖ സ്വകാര്യ വ്യാവസായിക ഭീമന്മാരുടെ ഉയർച്ച വരെ ഇന്ത്യ ശ്രദ്ധേയമായ വ്യവസായവൽക്കരണം കണ്ടു. 'മെയ്ക്ക് ഇൻ ഇന്ത്യ', 'ഡിജിറ്റൽ ഇന്ത്യ' തുടങ്ങിയ പ്രധാന പരിപാടികൾ ഉൽപ്പാദന, സാങ്കേതിക ആവാസവ്യവസ്ഥകളെ ശക്തിപ്പെടുത്തുകയും ഇന്ത്യയെ ഒരു ആഗോള വ്യാവസായിക മത്സരാർത്ഥിയാക്കുകയും ചെയ്തു.

### കാർഷിക മുന്നേറ്റങ്ങൾ

സ്വാതന്ത്ര്യാനന്തരം ഇന്ത്യ കടുത്ത ഭക്ഷ്യക്ഷാമം നേരിട്ടു. 1960-കളിലെ ഹരിതവിപ്ലവം കൃഷിയെ മാറ്റിമറിക്കുകയും രാജ്യത്തെ ഭക്ഷ്യധാന്യങ്ങളിൽ സ്വയംപര്യാപ്തമാക്കുകയും ചെയ്തു. തുടർന്നുള്ള ധവള, നീല വിപ്ലവങ്ങൾ പാൽ, മത്സ്യ ഉത്പാദനം വർദ്ധിപ്പിച്ചു. 21-ാം നൂറ്റാണ്ടിൽ, ഡിജിറ്റൽ ഉപകരണങ്ങൾ, ജൈവകൃഷി, സർക്കാർ സഹായ പദ്ധതികൾ എന്നിവ ഇന്ത്യൻ കൃഷിയെ ആധുനികവൽക്കരിക്കാൻ സഹായിക്കുന്നു.

### വിദ്യാഭ്യാസം

ഇന്ത്യയുടെ സാക്ഷരതാ നിരക്ക് 1947-ൽ 12% ആയിരുന്നത് 2021-ഓടെ 77% ആയി ഉയർന്നു. ഐഐടികൾ, ഐഐഎമ്മു കൾ തുടങ്ങിയ ലോകോത്തര



സ്ഥാപനങ്ങളുടെ സ്ഥാപനം ഉന്നത വിദ്യാഭ്യാസത്തിൽ നാഴികക്കല്ലുകൾ അടയാളപ്പെടുത്തി. ദേശീയ വിദ്യാഭ്യാസ നയത്തിന് (NEP 2020) കീഴിലുള്ള സമീപകാല പരിഷ്കാരങ്ങൾ വിദ്യാഭ്യാസത്തെ കൂടുതൽ സമഗ്രവും നൈപുണ്യ കേന്ദ്രീകൃതവും ആഗോളതലത്തിൽ മത്സരാധിഷ്ഠിതവുമാക്കാൻ ലക്ഷ്യമിടുന്നു.

**ആരോഗ്യം**

ഇന്ത്യയുടെ ആരോഗ്യ സംവിധാനം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്, വസൂരിയും പോളിയോയും നിർമാർജനം ചെയ്തതുമുതൽ ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരത് പോലുള്ള വലിയ പൊതുജനാരോഗ്യ പരിപാടികൾ ആരംഭിച്ചത് വരെ. കോവിഡ്-19 മഹാമാരിയുടെ സമയത്ത് വാക്സിൻ വികസനത്തിലും വിതരണത്തിലും ഇന്ത്യയുടെ പങ്ക് ഒരു ആഗോള ഫാർമസ്യൂട്ടിക്കൽ കേന്ദ്രമെന്ന നിലയിൽ അതിന്റെ ശേഷി എടുത്തു കാണിച്ചു.

**ശാസ്ത്ര സാങ്കേതികവിദ്യ**

ഇന്ത്യയുടെ ശാസ്ത്രപരമായ പുരോഗതിയെ ഏറ്റവും മികച്ച രീതിയിൽ പ്രതീകവൽക്കരിക്കുന്നത് ISROയുടെ ബഹിരാകാശ ദൗത്യങ്ങളാണ്, ചന്ദ്രയാൻ, മംഗൾയാൻ, ആദിത്യ-എൽ1 എന്നിവ ഉൾപ്പെടെ. ആണവോർജ്ജം, പ്രതിരോധ സാങ്കേതിക വിദ്യ, സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് എന്നിവയിലെ തദ്ദേശീയ വികസനങ്ങൾ ആഗോളതലത്തിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ ഇന്ത്യ ദൗത്യം ഇന്റർനെറ്റ് കണക്റ്റിവിറ്റിയും ഡിജിറ്റൽ സാക്ഷരതയും ത്വരിത പ്പെടുത്തി.

**അടിസ്ഥാന സൗകര്യങ്ങൾ**

സ്വാതന്ത്ര്യാനന്തര ഇന്ത്യ റോഡുകൾ, അണക്കെട്ടുകൾ, വൈദ്യുത നിലയങ്ങൾ എന്നിവ നിർമ്മിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സമീപ ദശകങ്ങളിൽ, സുവർണ്ണ ചതുർഭുജം, സ്മാർട്ട് സിറ്റികൾ, മെട്രോ റെയിൽ സംവിധാനങ്ങൾ, അതിവേഗ റെയിൽ എന്നിവ പോലുള്ള പദ്ധതികൾ നഗര, ഗ്രാമീണ കണക്റ്റിവിറ്റിയെ മാറ്റിമറിച്ചു. ഗ്രാമങ്ങളുടെ വൈദ്യുതീകരണവും സ്വച്ഛ് ഭാരതിന് കീഴിൽ മെച്ചപ്പെട്ട ശുചിത്വവും ശ്രദ്ധേയമായ നാഴികക്കല്ലുകളാണ്.

**പരിസ്ഥിതിയും കാലാവസ്ഥാ പ്രവർത്തനങ്ങളും**

20-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ചതോടെ പാരിസ്ഥിതിക അവബോധം ശക്തിപ്പെട്ടു. 'ഗംഗയെ രക്ഷിക്കൂ' പോലുള്ള പ്രചാരണങ്ങൾ, വനവൽക്കരണ ഡ്രൈ വുകൾ, അന്താരാഷ്ട്ര സൗരോർജ്ജ സഖ്യം എന്നിവ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന കാലാവസ്ഥാ നേതൃത്വം വ്യക്തമാക്കുന്നു. 2070-ഓടെ നെറ്റ് സീറോ കാർബൺ ഉദ്വമനം നേടാനുള്ള പ്രതിബദ്ധത ഒരു പ്രധാന തന്ത്രപരമായ ലക്ഷ്യമാണ്.

**കായികം**

1948-ൽ ഒരു ഹോക്കി സ്വർണ്ണം നേടിയതുമുതൽ ഗുസ്തി, ബാഡ്മിന്റൺ, അത്‌ലറ്റിക്സ് എന്നിവയിൽ ഒളിമ്പിക് മെഡലുകൾ നേടുന്നതുവരെ ഇന്ത്യൻ കായികരംഗം ശ്രദ്ധേയമായി വളർന്നു. 1983, 2011 ക്രിക്കറ്റ് ലോകകപ്പ് വിജയങ്ങൾ, നീരജ് ചോപ്രയുടെ ജാവലിനിലെ ഒളിമ്പിക് സ്വർണ്ണം, ഐപിഎൽ പോലുള്ള കായിക ലീഗുകളുടെ ഉയർച്ച എന്നിവ ദേശീയ അഭിമാനം ഉണർത്തി.

**പ്രതിരോധവും സുരക്ഷയും**

തദ്ദേശീയ മിസൈൽ സംവിധാനങ്ങൾ, തേജസ് പോലുള്ള യുദ്ധവിമാനങ്ങൾ,

ഐഎൻഎസ് വിക്രാന്ത് പോലുള്ള വിമാനവാഹിനിക്കപ്പലുകൾ എന്നിവയുമായി ഇന്ത്യയുടെ പ്രതിരോധ മേഖല ക്രമാനുഗതമായി വളർന്നു. 1974, 1998 വർഷങ്ങളിലെ ആണവ പരീക്ഷണങ്ങൾ ഇന്ത്യയെ ഒരു ആണവശക്തിയായി സ്ഥാപിച്ചു. തന്ത്രപരമായ പങ്കാളിത്തങ്ങളും ആധുനികവൽക്കരണ ശ്രമങ്ങളും ദേശീയ സുരക്ഷ വർദ്ധിപ്പിക്കുന്നത് തുടരുന്നു.

**അന്താരാഷ്ട്ര ബന്ധങ്ങൾ**

ചേരിചേരാ പ്രസ്ഥാനത്തിലെ അതിന്റെ നേതൃത്വത്തിൽ നിന്ന് ആഗോള നയതന്ത്രത്തിലെ ഇപ്പോഴത്തെ സജീവ പങ്ക് വരെ ഇന്ത്യ ഒരു ലോക നേതാവായി വളർന്നു. G20, BRICS, QUAD എന്നിവയിലെ പങ്കാളിത്തം; യുഎസുമായുള്ള തന്ത്രപരമായ പങ്കാളിത്തം; ഗ്ലോബൽ സൗത്തിനായുള്ള നേതൃത്വപരമായ ശബ്ദം എന്നിവ അതിന്റെ വർദ്ധിച്ചുവരുന്ന സ്വാധീനത്തിന് തെളിവാണ്.

***ഉപസംഹാരം***

1947 മുതൽ 2025 വരെയുള്ള ഇന്ത്യയുടെ യാത്ര പ്രതിരോധശേഷി, നവീകരണം, പരിവർത്തനം എന്നിവയുടെ ഒരു കഥയാണ്. നിരവധി വെല്ലുവിളികൾക്കിടയിലും, രാജ്യം ഒരു ആഗോള ശക്തിയായി ഉയർന്നുവന്നു, അതിന്റെ നാഗരിക മൂല്യങ്ങളിൽ ആഴത്തിൽ വേരൂന്നിയതും എന്നാൽ ഭാവിയുമായി ധീരമായി ഇടപെടുന്നതുമാണ്. മുന്നോട്ട് പോകുമ്പോൾ, ഇന്ത്യ വരും ദശകങ്ങളിൽ ലോകത്തെ രൂപപ്പെടുത്താൻ ഒരുങ്ങുകയാണ് – വെറുമൊരു പങ്കാളിയായിട്ടല്ല, ഒരു നേതാവായിട്ട്.

# പനാമ മിഷൻ





**ഫാ. വർഗീസ് എടത്തിൽ**

കൃത്യമായി പറഞ്ഞാൽ 2002 ഫെബ്രുവരി മാസം 27-ാം തീയതിയാണ് നമ്മുടെ ഈ ഭൂഗോളത്തിന്റെ നേരെ മറുവശത്തേക്ക്, 4 രാജ്യങ്ങളിലൂടെ സഞ്ചരിച്ചു 36 മണിക്കൂറോളം നീണ്ട ഒരു സാഹസിക മിഷനറി യാത്രയ്ക്കു പുറപ്പെട്ടത്. പനാമ എന്ന മദ്ധ്യ അമേരിക്കൻ രാജ്യത്തേക്കായിരുന്നു ആ യാത്ര. കാനോൻ നിയമ പഠനകാലത്താണ് അടിസ്ഥാന ക്രൈസ്തവ സഭാ സമൂഹങ്ങളുടെ ഈറ്റില്ലമായ ലാറ്റിൻ അമേരിക്കൻ സഭയുടെ വ്യത്യസ്തമായ ജീവിത ശൈലിയെക്കുറിച്ച് കൗതുകകരമായ പല കാര്യങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞത്. വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്ന സത്യങ്ങൾ പള്ളിയുടെ നാലു ചുവരുകൾക്കുള്ളിൽ കുറെ കർമ്മാനുഷ്ഠാനങ്ങളിൽ മാത്രം തളച്ചിടാതെ, ചൂഷണത്തിന് ഇരയായിരിക്കുന്ന പാവങ്ങളുടെ മോചനത്തിനായി അവ ഉപയോഗിക്കുന്ന ജീവിതഗന്ധിയായ ഒരു സഭയായിരുന്നു അവിടത്തേത്. മനുഷ്യന്റെ വിയർപ്പിന്റെ മണമുള്ള ഒരു സഭ, അവന്റെ സന്തോഷ സന്താപങ്ങളിൽ പങ്ക് ചേരുന്ന ഒരു സഭ. പുസ്തകത്തിലൂടെ മാത്രം കേട്ടറിഞ്ഞ ആ നാട്ടിലേക്ക്-നാടിനെയറിയാതെ, നാട്ടാരെയറിയാതെ, ഭാഷയറിയാതെ, തമ്പുരാന്റെ പരിപാലനയിൽ മാത്രം ആശ്രയിച്ചുകൊണ്ടൊരു എടുത്തുചാട്ടം. അതായിരുന്നു ആ സാഹസിക യാത്ര.

**കൊളോൺ-കൂനയാല രൂപത**

വടക്ക്-തെക്ക് അമേരിക്കൻ ഭൂഖണ്ഡങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ടു മദ്ധ്യഭാഗത്തായി അറ്റ്ലാന്റിക് പസഫിക് സമുദ്രങ്ങളുടെ ഇടയിൽ ഒരു ചെറിയ നൂല് പോലെ ഭൂപടത്തിൽ കാണുന്ന ഒരു കൊച്ചു രാജ്യമാണ് പനാമ. അന്ന് ജനസംഖ്യ കഷ്ടിച്ച് 25 ലക്ഷം മാത്രം. ഈ രാജ്യത്തെ കീറിമുറിച്ചാണ് ആധുനിക കാലഘട്ടത്തിലെ എൻജിനീയറിംഗ് വിസ്മയം എന്നു വിശേഷിപ്പിക്കാവുന്ന അറ്റ്ലാന്റിക്-

പസഫിക് സമുദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള 82 കിലോമീറ്റർ നീളമുള്ള മനുഷ്യനിർമ്മിതമായ പനാ മ കനാൽ സ്ഥിതി ചെയ്യുന്നത്.

ഈ നാടിന്റെ അറ്റ്ലാന്റിക് തീരത്തുള്ള ക്രിസ്റ്റഫർ കൊളംമ്പസിന്റെ പേരിലുള്ള ഒരു തുറമുഖ പട്ടണമാണ് കൊളോൺ എന്ന സ്ഥലം. ഈ നഗരം കേന്ദ്രമാക്കി ചുറ്റുമുള്ള മിഷൻ പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് 1988 ൽ മാത്രം സ്ഥാപിതമായ ഒരു രൂപതയാണ് കൊളോൺ-കൂനയാല. വെറും 21 ഇടവകകൾ മാത്രം ഉള്ള ഈ രൂപതയ്ക്കു 3 വ്യത്യസ്തമായ ജനവിഭാഗങ്ങൾക്ക് വേണ്ടി 3 മേഖലകൾ ഉണ്ട്. കനാലിനു കിഴക്കു ഭാഗത്തായി മലകളിലും പുഴയോരങ്ങളിലുമായി ജീവിക്കുന്ന റെഡ് ഇന്ത്യൻ വംശജർ, പടിഞ്ഞാറ് ഭാഗത്ത് അറ്റ്ലാന്റിക് സമുദ്രത്തിലെ ദ്വീപ് സമൂഹങ്ങളിൽ കഴിഞ്ഞിരുന്ന കൂനാസ് എന്ന ഗോത്ര വർഗക്കാർ, പിന്നെ ഇതിനു മധ്യത്തിലായി പട്ടണങ്ങളിലും ഗ്രാമങ്ങളിലും താമസിക്കുന്ന നാഗരികർ.

**അല്പം ഒരുക്കം**

അവിടെയെത്തിയ ഉടനെ സ്ഥലത്തെ മെത്രാൻ സ്പാനിഷ് ഭാഷ പഠിക്കാനും, അജപാലന കാര്യങ്ങൾ മനസ്സിലാക്കാനും വേണ്ടി നഗരത്തിനടുത്തുള്ള ഒരു ഇടവകയിൽ അവിടുത്തുകാരനായ ഒരു വൈദികനൊപ്പം താമസിക്കുവാൻ നിർദ്ദേശം നൽകി. ഒപ്പം മദർ തെരേസയുടെ സിസ്റ്റേഴ്സിന്റെയും അവർ നടത്തുന്ന വയോജന കേന്ദ്രത്തിന്റെയും ചാപ്ലിൻ ആയും നിയമിച്ചു. ആ സിസ്റ്റേഴ്സിന്റെ ജീവിത സാക്ഷ്യവും അവിടുത്തെ അന്തേവാസികളുടെ ജീവിതവ്യഥകളും ആന്തരികമായി സ്വയം വളരുവാനും, എന്റെതന്നെ ദൈവവിളിയെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തുവാനും വളരെയധികം സഹായിച്ചു എന്നു ഇത്തരുണത്തിൽ എടുത്തു പറയട്ടെ. ദൈവവിളി സ്ഥായിയായ ഒന്നല്ലല്ലോ, ജീവിതാനുഭവങ്ങളോടൊപ്പം വളരുകയാണ്.

ഈ സ്ഥലത്ത് ഉണ്ടായിരുന്ന ഒന്നര വർഷക്കാലയളവിൽ അവിടെയുള്ളവരുടെ സാമൂഹിക-സാംസ്കാരിക-വിശ്വാസ ജീവിതത്തെക്കുറിച്ച് കുറെയൊക്കെ പഠിച്ചു. സാമ്പത്തിക അസമത്വം, വർണ വിവേചനം, വിവിധ ചൂഷണങ്ങൾ, കുടുംബ ശൈഥില്യം, മൂല്യച്യുതി എന്നിങ്ങനെ വിവിധങ്ങളായ പ്രശ്നങ്ങൾ ഉള്ള ഒരു ജനവിഭാഗമായിരുന്നു എന്നു മനസ്സിലാക്കി. സഭയ്ക്ക് ഒത്തിരി ചെയ്യാനുണ്ട്.

**പുതിയ ഇടവക വിയ്യ ആലോൺട്രാ**

സ്വന്തമായി ഒരു സഭാസമൂഹം ഉണ്ടെങ്കിലേ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ ക്രിയാത്മകമായി എന്തെങ്കിലും ഇടപെടലുകൾ നടത്താനാവൂ എന്ന് താമസിയാതെ മനസ്സിലായി. പിന്നെ മെത്രാനെ കണ്ടു, വിയ്യ അലോൺട്ര എന്ന ഒരു പ്രദേശത്ത് ഒരു ഇടവക സാധ്യത ഉണ്ടെന്നു ബോധ്യപ്പെടുത്തി. രണ്ട് ഇടവകകൾക്കിടയിൽ ഏതാണ്ട് 27 കിലോമീറ്റർ നീണ്ടു കിടക്കുന്ന ഈ പ്രദേശത്തുള്ള വിശ്വാസികൾക്ക് ഒരു ഇടവക ഇതുവരെ ഇല്ലായിരുന്നു. മനസ്സില്ലാമനസ്സോടെ പിതാവ് സമ്മതം മൂളി. പക്ഷേ ഒരു വ്യവസ്ഥ, സ്വന്തമായി അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കണം. ഒരു കപ്പേള മാത്രമുണ്ടായിരുന്ന അവിടെ ഒരു വൈദികന് താമസിക്കുവാനും വേണ്ടുന്ന അത്യാവശ്യം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനും ദൈവപരിപാലനയാൽ ഏതാനും മാസങ്ങൾകൊണ്ടു സാധിച്ചു. 2003 ആഗസ്റ്റ് മാസം 3-ാം തീയതി വില്ല അലോൺട്രായിലെ കപ്പേള കേന്ദ്രമാക്കി ഒരു ഇടവക സ്ഥാപിതമായി. ആ പ്രദേശത്ത് ഉണ്ടായിരുന്ന വേറെ 6 കപ്പേളകളും പുതിയ ഇടവകയുടെ ഭാഗമായി.

പുതുതായി ഒരു ഇടവക രൂപമെടുക്കുമ്പോൾ കാര്യങ്ങൾ അത്രയ്ക്ക് എളുപ്പമായിരിക്കില്ലല്ലോ. പല പരാധീനതകളും ഉണ്ടായിരുന്നു. ഇടവക കൂട്ടായ്മ വളർത്തണം, ആത്മീയമായ നേതൃത്വം കൊടുക്കണം, ഒരു ഇടവകയ്ക്ക് വേണ്ടുന്ന ഭൗതിക സാഹചര്യങ്ങൾ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു സ്വയം ഒരുക്കണം. വിവിധ പ്രേഷിതദൗത്യങ്ങൾ ആരംഭിക്കണം. അതിനു പറ്റിയ അല്മായരെ കണ്ടുപിടിക്കണം-അങ്ങിനെ നിരവധിയായ കാര്യങ്ങൾ. ആദ്യമൊക്കെ മാറിനിന്ന പലരും ഈ ലക്ഷ്യം കാണുമെന്നായപ്പോൾ പള്ളിയോടും പട്ടക്കാരനോടും അടുത്ത് തുടങ്ങി. വെറുതെ കൂദാശകൾ പരികർമ്മം മാത്രം ചെയ്യുന്ന ഒരു വൈദികനെയല്ല അവർക്ക് അവിടെ ആവശ്യം. പിന്നെയോ അവർക്കു വേണ്ടി ജീവിക്കുന്ന ഒരാളെ. ഒരു മിഷനറി ജീവിതത്തിലെ പല ദൗത്യങ്ങൾ-പ്ലാൻ വരയ്ക്കൽ മുതൽ മരപ്പണി, കൽപ്പണി, ടൈൽസ് ഇടൽ, കൂലിപ്പണി വരെ ചെയ്യേണ്ടി വരുമെന്ന് അധികം താമസിയാതെ മനസ്സിലായി. എല്ലാം ചെയ്തു! ഓരോ രാത്രിയിലും ഉറങ്ങാൻ പോകുമ്പോൾ അന്നു ചെയ്ത കാര്യങ്ങൾ നല്കുന്ന സംതൃപ്തി വലുതായിരുന്നു. ജീവിതം ഏറ്റവും അർത്ഥവത്തായി തോന്നിയ കാലം!

വർഷങ്ങളോളം ഇവിടെ ഒരു വൈദികൻ ഇല്ലാതിരുന്നതിനാൽ ഒത്തിരിപേർ കൂദാശകൾ സ്വീകരിക്കാത്തവരായുണ്ടായിരുന്നു. ആ ഇടവകയിൽ സേവനം ചെയ്ത 7 വർഷത്തിനുള്ളിൽ 560 ലേറെ മാമ്മോദീസയും 700 ഓളം സ്ഥൈര്യലേപനവുമാണ് നൽകിയത്. അതിൽതന്നെ നല്ലൊരു ശതമാനം പേരും 50 വയസ്സിന് മേലുള്ളവരായിരുന്നു.

**മിഷനിൽ ഉണ്ടായിരുന്ന എട്ടര വർഷക്കാലം ഇടയനില്ലാത്ത ആടുകളെപ്പോലെയുള്ള മനുഷ്യരെ കണ്ട് മനസ്സലിഞ്ഞ യേശുവിനെയാണ് ധ്യാനിച്ചിരുന്നത്. ഇന്നത്തെ ചെറുപ്പക്കാർക്കും യേശുവിന്റെ അതേ മനസ്സലിവ് ഉണ്ടായി കൂടുതൽ വേലക്കാർ ഈ വിളവിന്റെ ഭൂമിയിലേക്ക് വന്നു ജോലി ചെയ്യും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഒരുകാലത്ത് പടിഞ്ഞാറുനിന്നും മിഷനറിമാർ നമ്മുടെ നാട്ടിൽ വന്നു വിതച്ച വചനമല്ലേ, ഇന്ന് നാം കൊയ്യുന്നത്. ഇനി നമുക്ക് അവിടേക്കു പോകാം, വചനം വിതയ്ക്കാം.**

ചിന്താജാലകം

# കൂട്ടിനുള്ളിലെ പുള്ളിപ്പുലി

*റെയ്നെർ മരിയ റിൽകെ      ആശയാനുവാദം: പ്രീത*



വിദൂര ഇടത്തെ മൃഗശാലയുടെ ശാന്തമായൊരു കോണിൽ കനത്ത ഇരുമ്പഴികൾകൊണ്ടു തീർത്ത തണുത്ത കൂട്ടിൽ ആ പുള്ളിപ്പുലി ഗൗരവമേറിയ നിശ്ശബ്ദതയിൽ ഗാംഭീര്യം വിടാതെ ഇരുന്നു. വനമേഖലയിലായിരുന്നപ്പോഴത്തെ ആ ഒരു തനിമ അവന്റെ ദൃഢപേശികളിൽ ഇപ്പോഴുമുണ്ട്. പക്ഷേ, കണ്ണുകളിൽ മൗനമുദ്രിതമായൊരു ദുഃഖച്ഛവിയുണ്ട്. ഈ തടവിൽ നിന്നു മാത്രമല്ല, ഗതകാല നഷ്ടസൗഭാഗ്യങ്ങളുടെ ദുഃഖസ്മൃതികളിൽനിന്നുണ്ടാകുന്ന ആഴമാർന്ന വേദനയും അവനിലുണ്ട്. ഈ ഇരുമ്പഴിക്കൂട് ശരീരത്തിനുണ്ടാക്കുന്ന അസ്വസ്ഥതയെക്കാൾ എത്രയോ മടങ്ങ് തീക്ഷ്ണമാണ് ആത്മാവിലൂറുന്ന മഹാനൊമ്പരങ്ങൾ.

പണ്ടൊക്കെ അതികായനായ ഈ ജീവിക്ക് എത്ര സ്വതന്ത്രമായി ഗർജ്ജിക്കാമായിരുന്നു! കാറ്റുവീശുന്നത് തന്റെ നിബിഡ രോമക്കൂട്ടത്തിനു ചുറ്റുമായിരുന്നു എന്നു തോന്നിയിട്ടുണ്ട്. അപ്പോൾ സൂര്യൻ നനഞ്ഞ മേഘമേലാപ്പുകളിൽ നിന്ന് താഴെയുള്ള നിഴലുകളെ പിന്തുടർന്നിരുന്നു. അന്ന് താൻ, തുറന്ന ആകാശത്തിനടിയിൽ കഴിയുകയായിരുന്നു. എന്നാൽ ഇപ്പോഴാവട്ടെ, സ്ഥിരം ഒരു ഇടുങ്ങിയ പാതയിൽ ചലിക്കുകയാണ്. അപ്പുറമുള്ള ലോകം ഒരു മിന്നായംപോലെ കാണാമെന്നു മാത്രം.

ഈ പുള്ളിപ്പുലിയെ കാണാനെത്തുന്ന ഒരു സന്ദർശകൻ ഇങ്ങനെ സ്വയം പറഞ്ഞു: ഇത്രയും കരുത്തനായ ഈ മൃഗം, പക്ഷേ, ഇത്രയും മാനസികത്തകർച്ച അനുഭവിക്കുന്ന ഒരു മൃഗമായി മാറിപ്പോകുന്ന ഈ അവസ്ഥ എത്ര സങ്കടകരമാണ്! അവന്റെ ശരീരം കൂട്ടിനകത്താണെങ്കിലും അവന്റെ ചേതന ഇപ്പോഴും സ്വാതന്ത്ര്യം സ്വപ്നം കാണുകയാവാം. ആ സ്വപ്നം നിശ്ശബ്ദമൂകമാണെങ്കിലും സജീവം തന്നെയാവുമെന്ന് സന്ദർശകർ കരുതുന്നു.

കൂട്ടിലടയ്ക്കപ്പെട്ട ഈ പുള്ളിപ്പുലിയുടെ ചിത്രം മനുഷ്യചിത്തങ്ങളോട് ആഴമാർന്ന ചില ആശയങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. അത് തകർന്ന ലോകത്തിലെ മനുഷ്യാവസ്ഥയെ പ്രതിഫലിപ്പിക്കുന്നുണ്ട്. മനുഷ്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ്. കൃപയുടെയും സത്യത്തിന്റെയും അദമ്യമായ സൗന്ദര്യത്തിൽ ദൈവവുമായുള്ള ഒരു കൂട്ടായ്മയ്ക്കാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യന്റെ സ്രഷ്ടാവായ ദൈവവുമായി അനുരഞ്ജിതമായ ഒരവസ്ഥയാണ് ഇവിടെ വിവക്ഷിക്കപ്പെട്ടിരുന്നത്. വസ്തുത ഇതാണെങ്കിലും മനുഷ്യമനസ്സ് സഞ്ചരിക്കുന്നത് മിക്കപ്പോഴും പാപം, ഭീതി, കുറ്റബോധം, ലജ്ജാശീലം, ആസക്തികൾ, കടുത്ത നൈരാശ്യം തുടങ്ങിയവയുടെ കരിങ്കൽപ്പാതകളിലൂടെയാണ്.

ബാഹ്യമായി നാം കരുത്തരും പ്രസന്നരുമായി കാണപ്പെട്ടേക്കാം. എന്നാൽ, ഇവയാൽ ബന്ധിതരായ നാം മിക്കവാറും സഞ്ചരിക്കുന്നത് ഇപ്പറഞ്ഞ കെട്ടുപാടുകളിൽ കുടുങ്ങിയായിരിക്കും. അകമേ നാം ഹൃദയ വ്യാകുലങ്ങളുടെ തടവറയിലാണ്. ഈ പുള്ളിപ്പുലിയെപ്പോലെ അഴികൾക്കപ്പുറമുള്ള ലോകത്തിന്റെ ഒരു മിന്നായം മാത്രമേ ലഭിക്കാറുള്ളൂ.

സെന്റ് പോൾ ഗലാത്യർക്കെഴുതിയ ലേഖനത്തിൽ കുറിക്കുന്നു: സ്വാതന്ത്ര്യത്തിലേക്കു ക്രിസ്തു നമ്മെ മോചിപ്പിച്ചു. അതുകൊണ്ട് നിങ്ങൾ സ്ഥിരതയോടെ നില്ക്കുവിൻ. അടിമത്തത്തിന്റെ നുകത്തിന് ഇനിയും നിങ്ങൾ വിധേയരാകരുത് (ഗലാ 5:1). ഇവ കാവ്യാത്മകമായ വാക്കുകളല്ല. പിന്നെയോ സത്യാവസ്ഥയുടെ പ്രഖ്യാപനങ്ങളാണത്രേ. ക്രിസ്തു ഈ ഭൂമിയിൽ വന്നത് മനുഷ്യന്റെ പാപമോചനം നടത്താൻ മാത്രമായിരുന്നില്ല. നമ്മെ ചൂഴുന്ന ഇരുമ്പുകൂടുകൾ തകർത്ത് വിമോചിതരാക്കാൻ വേണ്ടിക്കൂടിയാണ്; തകർന്ന ഹൃദയങ്ങളെ സുഖപ്പെടുത്താനും നമ്മുടെ അന്തർവാഞ്ഛകൾ ഉണർത്താനും വീണ്ടെടുപ്പിന്റെ സത്യത്താൽ പ്രത്യുത്തരം നല്കാനുമാണ്.

**(റെയ്നെർ മരിയ റിൽകെയുടെ ഈ ആഖ്യാനത്തിലെ പുള്ളിപ്പുലി, ആധുനിക യുഗത്തിലെ മനുഷ്യവ്യക്തിയാണ്).**

# സ്വർഗ്ഗാരോപണം: പ്രത്യാശയുടെ പൂവിടൽ





ഡോ. ക്ലെമെന്റ്
വള്ളുവശ്ശേരി

*ഇഹലോകവാസപൂർത്തീകരണത്തിൽ പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗീയ മഹിമയിലേക്ക് കരേറ്റപ്പെട്ടു എന്ന വിശ്വാസ സത്യമാണ് സ്വർഗാരോപണതിരുനാളിന്റെ കാതൽ.*

ഈശോയുടെ സ്വർഗാരോഹണവും മറിയത്തിന്റെ സ്വർഗാരോപണവും തമ്മിൽ വ്യത്യാസമുണ്ട്. ദൈവപുത്രൻ ദൈവമെന്ന നിലയിൽ സ്വർഗാരോഹിതനായപ്പോൾ മറിയം ദൈവകൃപയാൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയാണ് ചെയ്തത്.

ദൈവമാതാവായ മറിയത്തിന്റെ അമലോത്ഭവവും സ്വർഗാരോപണവും പരസ്പര പൂരകങ്ങളാണ്. ദൈവപുത്രനെ ഗർഭപാത്രത്തിൽ വഹിച്ച അമ്മ ഉത്ഭവം മുതൽക്കുതന്നെ പാപരഹിതയായിരിക്കാൻ ദൈവം തിരുവുള്ളമായി. ഈ സവിശേഷ തെരഞ്ഞെടുപ്പിന്റെ പൂർത്തീകരണമാണ് സ്വർഗാരോപണം.

തിരുസഭ മറിയത്തെ സംബന്ധിച്ച നാലു വിശ്വാസസത്യങ്ങളാണ് പ്രഖ്യാപിച്ച് വിളംബരം ചെയ്തിട്ടുള്ളത്. 431-ാമാണ്ടിൽ എഫേസൂസിൽ കൂടിയ സാർവലൗകിക സൂനഹദോസ് പരിശുദ്ധ കന്യകാമറിയം ദൈവത്തിന്റെ അമ്മയാണെന്ന് പ്രഖ്യാപിച്ച് ഉത്ബോധിപ്പിച്ചു. 649-ാമാണ്ടിൽ ലാറ്ററൻ സൂനഹദോസിൽ വച്ച് പരിശുദ്ധ മറിയം നിത്യകന്യകയാണെന്ന വിശ്വാസസത്യം പ്രഘോഷിക്കപ്പെട്ടു. 1854-ൽ ഒൻപതാം പീയൂസ് പാപ്പ പ്രഖ്യാപിച്ചുവിളംബരം ചെയ്ത, പരിശുദ്ധ മറിയം അമലോത്ഭവയാണെന്ന വിശ്വാസസത്യം, 1858-ൽ വി. ബെർണഡിറ്റിന് ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് ദൈവമാതാവ് സ്ഥിരീകരിക്കുകയും ചെയ്തു. സ്വർഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടത് 1950-ലാണ്. പന്ത്രണ്ടാം പീയൂസ് പാപ്പ നവംബർ 1-ാം തീയതി പുറപ്പെടുവിച്ച 'മൂണിഫിച്ചെന്തിമൂസ് ദേവൂസ്" (അത്യുദാരനായ ദൈവം) എന്ന തിരുവെഴുത്തിലൂടെയായിരുന്നു പ്രഖ്യാപനം. പാപ്പ ഉദ്ബോധിപ്പിക്കുന്നു: "അമലോത്ഭവയായ ദൈവമാതാവ്, നിത്യകന്യകയായ മറിയം, തന്റെ ഭൗമികജീവിതകാലഘട്ടം പൂർത്തിയാക്കിയപ്പോൾ ശരീരത്തോടും ആത്മാവോടും കൂടി സ്വർഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടുവെന്നത് ദൈവികമായി വെളിവാക്കപ്പെട്ട വിശ്വാസസത്യമാണെന്ന് ഞാൻ ഉറപ്പിച്ചു പറയുകയും പ്രഖ്യാപിക്കുകയും നിർവചിക്കുകയും ചെയ്യുന്നു." (MD 44).

**ചരിത്രവഴികൾ**

പരിശുദ്ധ ദൈവമാതാവ് സ്വർഗാരോപിതയായെന്ന വിശ്വാസത്തിന്റെ വേരുകൾ ആദ്യനൂറ്റാണ്ടുകളിലേയ്ക്ക് പരന്നുകിടക്കുന്നു. വിശുദ്ധ ജോൺ ഡമാസിന്റെയും സിയന്നായിലെ വിശുദ്ധ ബർണാഡിന്റെയും വാക്കുകൾ ഇത് സാക്ഷ്യപ്പെടുത്തുന്നു. 6-ാം നൂറ്റാണ്ടോടുകൂടി പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ച് പ്രഘോഷിച്ചിരുന്നതായി നമുക്കു കാണാം. 18-ാം നൂറ്റാണ്ടിൽ ബെനഡിക്റ്റ് 14-ാമൻ പാപ്പ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണം ആർക്കും നിഷേധിക്കാനാവാത്ത സത്യമാണെന്ന് പഠിപ്പിച്ചു.

ദൈവപദ്ധതിയിലുള്ള പരിപൂർണ്ണ ആശ്രയം, കൃപ, നൈർമല്യം തുടങ്ങിയ ആത്മീയ യാഥാർത്ഥ്യങ്ങളുടെ സവിശേഷ മാതൃകയാണ് മറിയം. ഇഹലോക ജീവിതം വിശുദ്ധിയിൽ നയിച്ച് നിത്യതയെ പുൽകാൻ മറിയത്തിന്റെ സ്വർഗാരോപണം നമ്മെ പ്രചോദിപ്പിക്കുന്നു. ഇക്കാണുന്ന മണ്ണിനപ്പുറം നിത്യമായൊരു ജീവിതമുണ്ടെന്ന പ്രത്യാശ പ്രദാനം ചെയ്യുന്നു മറിയത്തിന്റെ സ്വർഗാരോപണം; മരണാനന്തരമുള്ള നമ്മുടെ സ്വർഗീയ മഹത്വത്തിന്റെ ദൃഷ്ടാന്തമായി നിലകൊള്ളുന്നു സ്വർഗാരോപിതയായ മറിയം. വിശുദ്ധ പോൾ ആറാമൻ പാപ്പ പഠിപ്പിക്കുന്നു: "മറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ സഭയുടെയും മനുഷ്യവംശം മുഴുവന്റെയും കൺമുമ്പിൽ അന്തിമ പ്രത്യാശയുടെ പൂർത്തീകരണത്തിന്റെ പ്രതിച്ഛായയും തെളിവുമാണ്.

**മറിയം: മധ്യസ്ഥയും മാതൃകയും**

മറിയത്തിന്റെ നിത്യമാതൃത്വം നമുക്ക് പരിലാളനയും സംരക്ഷണവുമേകുന്നു, നമ്മെ സ്വർഗോന്മുഖരാക്കുന്നു. രക്ഷാകര ചരിത്രത്തിൽ പരിശുദ്ധ മറിയത്തിനുള്ള സവിശേഷമായ പങ്കിന് അടിവരയിടുന്നു സ്വർഗാരോപണം. മറിയം ദൈവപുത്രന്റെ അമ്മ മാത്രമല്ല, അവിടുത്തെ മൗതികശരീരമാകുന്ന സഭയുടെയും അമ്മയാണ്. നമുക്കോരോരുത്തർക്കും ആത്മീയ ജീവൻ പകരുന്ന അമ്മയാകുന്നു പരിശുദ്ധ കന്യകാമറിയം.

മക്കളെ സഹായിക്കാൻ സന്നദ്ധതയും കെല്പുമുള്ളവളാണ് പരിശുദ്ധ കന്യകാമറിയം. കാനായിലെ കല്യാണ വിരുന്നിൽ വീഞ്ഞുതീർന്നുപോയത് അമ്മ തിരിച്ചറിയുന്നു. "മറിയം അവിടെ ഉണ്ടായിരുന്നു" എന്ന പരാമർശം ശ്രദ്ധേയമാണ്. അമ്മയുണ്ടെപ്പോഴും, കരുതലായി, കാവലായി.

ദൈവത്തിന് സർവം സാധ്യമാണെന്ന ബോധ്യം മറിയത്തിനുണ്ടായിരുന്നു. മറിയം വിശ്വാസത്തിന്റെ വിദ്യാലയമാണ്. "വിശ്വസിച്ച നീ ഭാഗ്യവതി" എന്നാണ് എലിസബത്ത് മറിയത്തെ പ്രകീർത്തിക്കുന്നത്. കാനായിലെ കല്യാണ വിരുന്നിലും അമ്മ തെരഞ്ഞെടുത്ത വഴി വിശ്വാസത്തിന്റേതാണ്. പ്രശ്നങ്ങളുടെ സങ്കടഭാരങ്ങളിൽ യേശുവിലേയ്ക്കു തിരിയാനും അതിനു പ്രേരകമാകാനും വിശ്വാസത്തിന്റെ ഉറപ്പുള്ള അമ്മമാർ ഭവനങ്ങളിൽ അന്യംനിന്നുപോയതാണ് ഇന്നിന്റെ ദൗർഭാഗ്യം.

മനുഷ്യന്റെ ദുഃഖം അവനെക്കാളും ആഴത്തിലറിയുന്നൊരമ്മ സ്വർഗത്തിലുണ്ടെന്ന ബോധ്യം ഏറെ ആശ്വാസം പകരുന്നതാണ്. അറിഞ്ഞും അറിയാതെയും കുടുംബാന്തരീക്ഷത്തിലുയരുന്ന കുത്തുവാക്കുകൾക്ക് ഉരുളയ്ക്കുപ്പേരി പോലെ മറുപടി പറഞ്ഞ് വിജയിക്കാൻ വ്യഗ്രത കാട്ടാത്തത് അമ്മമാരാണ്, പഴയ തലമുറയിലെങ്കിലും. വിട്ടുകൊടുക്കാനോ തോൽക്കാനോ മറ്റാർക്കും കഴിയാറില്ല. എന്നാൽ ആരുടെ മുന്നിലും തോൽക്കാൻ അമ്മ തയ്യാറാണ്. ജനനനേരത്ത് അവനെക്കുറിച്ച് മാലാഖമാർ പാടിയ മംഗളഗീതവും 12-ാം വയസ്സിൽ ദേവാലയത്തിൽവച്ച് പുത്രൻ പറഞ്ഞതിന്റെ പൊരുളും 30-ാം വയസ്സിൽ പടിയിറങ്ങിപോയതിന്റെ സാരവും അവൾക്ക് പൂർണമായി പിടികിട്ടിയില്ല. എന്നാൽ എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കാനുള്ള വരം അവൾക്കുണ്ടായിരുന്നു. ദൈവിക വഴികൾ ഇഴപിരിച്ചെടുക്കാൻ വ്യഗ്രതപ്പെടാതെ ദൈവചിത്തം ഹൃദയത്തിൽ നാം സംഗ്രഹിക്കണമെന്ന് മറിയം നമ്മെ പഠിപ്പിക്കുന്നു. യുക്തിയും വിശകലനവും മാത്രമല്ല ഹൃദയവും ധ്യാനവും തിരിച്ചറിവിലേക്ക് നയിക്കുന്നുവെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു മറിയം.

സ്വർഗ്ഗത്തിന്റെ ഔന്നത്യത്തിലേക്കുയർത്തുന്ന എളിമയും ശൂന്യവത്ക്കരണവുമാണ് സ്വർഗാരോപണ തിരുനാളിന്റെ പൊരുൾ.

***സ്വർഗാരോപണ രഹസ്യം***

പാത്മോസ് ദ്വീപിന്റെ ഏകാന്തതയിൽ യോഹന്നാനു

ണ്ടായ ദർശനത്തിന്റെ കാതലി ലാണ് സ്വർഗാരോപണ രഹസ്യം ആദ്യമായി ഇതൾ വിടർത്തിയത് (വെളി 12: 1-11). സൂര്യനെ ഉടയാട യാക്കി, ചന്ദ്രനെ പാദപീഠമാക്കി, പന്ത്രണ്ടു നക്ഷത്രങ്ങളെ കിരീട മാക്കി ഒരു സ്ത്രീ.... സഭയുടെയും മറിയത്തിന്റെയും മഹത്വീകരണ ത്തിന്റെയും അടയാളം. ഈ വെളി പാടു രഹസ്യത്തിന്റെ പ്രഘോഷ ണമാണ് സ്വർഗാരോപണമെന്ന വിശ്വാസസത്യം.

മറിയത്തിന്റെ സ്വർഗാരോ പണം നമ്മുടെയും സ്വർഗപ്രാപ്തി യുടെ നാന്ദിയാണ്. സ്വർഗാരോ പണ രഹസ്യം-മറിയം ആത്മശരീ രത്തോടെ സ്വർഗത്തിലേക്കു കരേ റ്റപ്പെട്ടുവെന്നത്-ഒരു യുഗാന്ത്യ സംഭവമായിട്ടാണ് പൊതുവെ മന സ്സിലാക്കപ്പെടുന്നത്. അതായത്, ജീവിതാന്ത്യത്തിൽ നല്കപ്പെടുന്ന ദൈവകൃപ. എന്നാൽ ആഴത്തി ലുള്ള വിചിന്തനം സ്വർഗാരോ പണം എന്നത് ഭാവിയിൽ സംഭവി ക്കാനിരിക്കുന്ന ഒരു വാഗ്ദാനമെ ന്നതിലുപരിയായ യാഥാർത്ഥ്യമാ ണെന്ന വ്യക്തത പകരും. സ്വർഗാ രോപണം ഒരു വർത്തമാനകാല അടയാളവും ദൈവശാസ്ത്രപര മായ ഒരു സൂചനയുമാണ്. ഇത് മനുഷ്യാസ്തിത്വത്തിന്റെ ആത്മശ രീരൈക്യത്തെ അടയാളപ്പെടുത്തു ന്നു. ഈ വീക്ഷണകോണിൽ സ്വർഗാരോപണം വ്യക്തിത്വ ത്തിന്റെ സമഗ്രതയെയും പുനരു ത്ഥാനം ദൈവേഷ്ടപ്രകാരമുള്ള പൂർണ്ണതയെയും പ്രഖ്യാപിക്കു ന്നു, മനുഷ്യാവതാരത്തിലൂടെ സവിശേഷമായി സാക്ഷാത്കരി ക്കപ്പെട്ട ദൈവമഹാരഹസ്യ ത്തിന്റെ വെളിച്ചത്തിൽ.

മനുഷ്യാവതാരം-ദൈവം മനുഷ്യനായി അവതരിച്ചുവെന്ന യാഥാർത്ഥ്യം-ഭൗതികതയെയും ആത്മീയതയെയും നവമായി നിർവചിക്കുകയും സ്വർഗവും ഭൂമിയും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച കാഴ്ചപ്പാടിൽ സമ ഗ്രമായ മാറ്റമുണ്ടാക്കുകയും ചെയ്തിരിക്കുന്നു. ശരീരം അധമ മായോ ആത്മാവിൽ നിന്ന് വേർപ്പെടുത്തിയതായോ കാണുന്ന ദ്വന്ദഭാവത്തെ മറികടക്കാൻ സ്വർഗാരോപണം നമ്മെ ക്ഷണി ക്കുന്നു.

*മക്കളെ സഹായി ക്കാൻ സന്നദ്ധതയും കെല്പുമുള്ളവളാണ് പരിശുദ്ധ കന്യകാമറി യം. കാനായിലെ കല്യാണ വിരുന്നിൽ വീഞ്ഞു തീർന്നുപോയത് അമ്മ തിരിച്ചറിയുന്നു. "മറിയം അവിടെ ഉണ്ടായിരുന്നു" എന്ന പരാമർശം ശ്രദ്ധേയ മാണ്. അമ്മയുണ്ടെ പ്പോഴും, കരുതലായി, കാവലായി.*

യേശുക്രിസ്തുവിൽ സ്വർഗവും ഭൂമിയും സമ്മേളിക്കു ന്നു, ലയിച്ചൊന്നായി തനിമ നഷ്ട പ്പെടാതെ തന്നെ. ഇവിടെ ദൈവി കവും ഭൗതികവും എന്ന വേർതി രിവ് സാധ്യമെങ്കിലും വിഭജനം അർത്ഥശൂന്യമായി മാറുന്നു. കാരണം മനുഷ്യാവതാരത്തിൽ ദൈവപുത്രൻ എല്ലാ മനുഷ്യനു മായി താദാത്മ്യം പ്രാപിച്ചു, നമ്മുടെ ശരീരത്തെയും ചരിത്ര ത്തെയും ലോകത്തെയും ആലിം ഗനം ചെയ്തു. അതിനാൽ മറിയ ത്തിന്റെ സ്വർഗാരോപണം നമുക്ക് നല്കുന്നത് വെറുമൊരു ഭാവി പ്രത്യാശയല്ല, മറിച്ച് പ്രതീകാത്മക മായ ഒരു വർത്തമാന സത്യമാണ്.

മറിയത്തിന്റെ മഹത്വീക രണം ഓരോ മനുഷ്യന്റെയും മഹ ത്വപ്പെടലിന്റെ പ്രഘോഷണമാണ്; നമ്മുടെ മൂർത്തമായ അസ്തിത്വം ദൈവത്തിന് പ്രാധാന്യമുള്ളതാ ണെന്നതിന്റെ അടയാളമാണ്.

ലോകം നിഷ്പക്ഷമാ യൊരു നിലമോ, വീണുപോയതോ ഉപേക്ഷിക്കപ്പെട്ടതോ ആയ ഒരിടമ ല്ലെന്നുള്ള പ്രഖ്യാപനമാണിത്. ദൈവം തന്റെ കൃപയാൽ ഈലോ കത്തെ വിശുദ്ധീകരിക്കുകയും ആ വിശുദ്ധീകരണം തുടർന്നുകൊണ്ടു പോകുകയും ചെയ്യുന്നു.

അതായത് ഇനി ജീവി തത്തെ "വിശുദ്ധ," "ലൗകിക" ഇട ങ്ങളായി വിഭജിക്കാനോ ദൈവത്തെ "വിശുദ്ധ" ഇടങ്ങളിൽ ഒതുക്കാനോ കഴിയില്ലായെന്നു ധ്വനി. യേശുക്രിസ്തുവിൽ ഓരോ ഇടവും വിശുദ്ധമാണ്. ഓരോ മനു ഷ്യകഥയും ദൈവിക സാധ്യതകൾ വഹിക്കുന്നു. അങ്ങനെ സ്വർഗാരോ പണം ജീവിതത്തെതന്നെ ഒരു കൂദാശയായി തിരിച്ചറിയാനുള്ള ഒരാഹ്വാനമായി മാറുന്നു. സാധാര ണത്വത്തിനു നടുവിൽ കൃപയുടെ സാന്നിദ്ധ്യം, ഭൂമിയിലൂടെ പ്രകാശി ക്കുന്ന ദിവ്യത്വം.

ലോകത്തിൽനിന്ന് ഒളി ച്ചോടുകയല്ല, മറിച്ച് ദൈവകൃപ യിൽ അതിനെ സമഗ്രമായി രൂപാ ന്തരപ്പെടുത്താൻ അനുവദിക്കുക എന്നതാണ് ഓരോ മനുഷ്യജന്മ ത്തിന്റെയും അടിസ്ഥാനവിളി എന്ന് മറിയത്തിന്റെ സ്വർഗാരോപണം നമ്മെ ഓർമ്മിപ്പിക്കുന്നു. മാനുഷിക തയ്ക്ക് കൈവരിക്കാനാവുന്ന അവാച്യമായ മഹത്വീകരണം മറി യത്തിലൂടെ നാം തിരിച്ചറിയുന്നു. മറിയമാകുന്ന കിളിവാതിലിലൂടെ മനുഷ്യനു സാധ്യമായ മഹത്വീകര ണത്തിന്റെ സാക്ഷാത്കാരവി സ്മയം നമുക്ക് കാണാറാവുന്നു; അത് ആത്മശരീരങ്ങൾ തമ്മിലുള്ള വിഭജനമോ സ്വർഗത്തിനും ഭൂമിയി ക്കുമിടയിലുള്ള കീറിമുറിക്കപ്പെ ടലോ അല്ല, മറിച്ച് ദൈവത്തിൽ പൂർണ്ണമായി ഐക്യപ്പെട്ട സജീവത യാകുന്നു.

സ്വർഗാരോപിതയായ കന്യകാമാതാവേ,
ഞങ്ങൾക്കുവേണ്ടി അപേ ക്ഷിക്കണമേ.
ആമ്മേൻ.

## ഓർമ്മച്ചെപ്പ്



*1987 മാർച്ച് 19ന് ആർച്ച്ബിഷപ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ വരാപ്പുഴ അതിരൂപത മെത്രാനായി അഭിഷിക്തനായപ്പോൾ നൽകിയ സ്വീകരണം*

*( കടപ്പാട് : ആർകൈവ്സ് വരാപ്പുഴ അതിരൂപത )*

**ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ഓഗസ്റ്റ് മാസത്തെ പരിപാടികൾ:**

**വിവാഹ ഒരുക്ക കോഴ്സ് : ഓഗസ്റ്റ് 15, 16, 17**

**രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.**

**മാതൃവേദി കൂട്ടായ്മ : ഓഗസ്റ്റ് 9, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന്**

**വിധവ സംഗമം (അൽമാന) : ഓഗസ്റ്റ് 16, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്**

**ഏകസ്ഥ കൂട്ടായ്മ : ഓഗസ്റ്റ് 21, വ്യാഴാഴ്ച, രാവിലെ 10.30 ന്**

# വാർത്തകൾ

NEWS

DIRECTORATE OF
FAMILY UNITS
ARCHDIOCESE OF VERAPOLY

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2025 ആഗസ്റ്റ് മാസം 30, 31 തീയതികളിൽ ആശിർഭവനിൽ (Residential Exodus)



*ആർച്ച് ബിഷപ്പ്സ് സ്നേഹ ഭവന പൂർത്തീകരണ പദ്ധതി :* എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ, 2025 ജൂൺ 30-ാം തീയതി 40 കുടുംബങ്ങൾക്ക് അഭിവന്ദ്യ ആർച്ച്ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് ധനസഹായം (10,95,000 രൂപ) വിതരണം ചെയ്തു.

## *ആർച്ച് ബിഷപ്പ്സ് സ്നേഹ ഭവന പൂർത്തീകരണ പദ്ധതി*

എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ, 2025 ജൂൺ 30-ാം തീയതി 40 കുടുംബങ്ങൾക്ക് അഭിവന്ദ്യ ആർച്ച്ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് ധനസഹായം വിതരണം ചെയ്തു. വരാപ്പുഴ അതിരൂപത അതിർത്തിയിൽ താമസിക്കുന്ന നാനാ മതസ്ഥരായ 40 കുടുംബൾക്ക് ഭവന നിർമ്മാണ പൂർത്തികരണത്തിനായുള്ള സഹായധനം ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ നൽകി. അതിമെത്രാസന മന്ദിരത്തിൽ വച്ച് നടന്ന ചടങ്ങിൽ ആർച്ച് ബിഷപ്പ് അധ്യക്ഷത വഹിച്ചു. എല്ലാവർക്കും സ്വന്തമായൊരു ഭവനം എന്നത് എന്റെ ഏറ്റവും വലിയ സ്വപ്നവും പ്രാർത്ഥനയുമാണെന്ന് അഭിവന്ദ്യ മെത്രാപ്പോലിത്ത എല്ലാവരെയും ഓർമിപ്പിച്ചു. പ്രസ്തുത ചടങ്ങ് സംഘടിപ്പിച്ചതും സ്നേഹഭവനം പദ്ധതി നടപ്പിലാക്കുന്നതും അതിരൂപത സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിലുമാണ്. ഡയറക്ടർ ഫാദർ ആന്റണി സിജൻ മണുവേലിപ്പറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാദർ റോഷൻ നെയ്ശ്ശേരി എന്നിവർ ചടങ്ങിൽ സംസാരിച്ചു.

## അതിരൂപത വിശ്വാസ പരിശീലന കമ്മീഷൻ അറിയിപ്പുകൾ

### *ആഗസ്റ്റ് 3 - ദൈവവിളി ദിനം*

വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമായ ഓഗസ്റ്റ് 3 ന് ഇടവകകളിൽ വിശ്വാസ പരിശീലകരുടെ നേതൃത്വത്തിൽ വികാരി അച്ചന്മാരെയും മറ്റ് വൈദികരേയും ആദരിക്കണം. ഇടവകയിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണം.

.

### *മതാധ്യാപകർക്കായുള്ള ദ്വിദിന പരിശീലനപരിപാടി*

.

ഐ.സി.ടി.സി. മതാധ്യാപകർക്കായുള്ള ദ്വിദിന പരിശീലന പരിപാടി ആഗസ്റ്റ് 9, 10 തിയതികളിൽ ആശീർഭവനിൽ സംഘടിപ്പിക്കുന്നു. ഇടവകകളിൽ പരിശീലനം ലഭിക്കാത്ത എല്ലാ അധ്യാപകരും പരിശീലന പരിപാടിയിൽ പങ്കെടുത്ത് പരിശീലനം

നേടേണ്ടതാണ്. രജിസ്ട്രേഷനും വിശദ വിവരങ്ങൾക്കും അതിരൂപത വിശ്വാസപരിശീലന കമ്മീഷൻ ഓഫീസുമായി ബന്ധപ്പെടുക.

## *കൈയെഴുത്ത് സുവിശേഷം സമർപ്പിക്കൽ*

വിശുദ്ധ മർക്കോസിന്റെ സുവിശേഷം കൈപ്പടയിൽ എഴുതിയവർ ഓഗസ്റ്റ് 15 ന് ഇടവകകളിൽ നടക്കുന്ന ദിവ്യബലി മധ്യേ തങ്ങളുടെ സുവിശേഷങ്ങൾ സമർപ്പിക്കേണ്ടതാണ്. സുവിശേഷം എഴുതി തയ്യാറാക്കിയവരുടെ ലിസ്റ്റ് ഓഗസ്റ്റ് 24ന് അതിരൂപത ഓഫീസിൽ സമർപ്പിക്കണം.

## *എയ്ഞ്ചൽസ് മീറ്റ്*

വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഭിന്നശേഷി കുട്ടികളുടെ സംഗമം ഓഗസ്റ്റ് 15-ന് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ നടക്കുന്നു. നിങ്ങളുടെ ഇടവകയിൽ ഉള്ള ഭിന്നശേഷിയുള്ള കുട്ടികളുടെ പേരുകൾ എത്രയും വേഗം ഓഫീസിൽ എത്തിക്കണം.

## *ബോധപൂർണ്ണിമ - ലഹരി വിരുദ്ധ വാക്കത്തോണും ബോധവൽക്കരണവും സംഘടിപ്പിച്ചു*



അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് എറണാകുളം ലൂർദ് ആശുപത്രിയുടെയും ലൂർദ് കോളേജ് ഓഫ് നഴ്സിംഗ് എൻ.എസ്.എസ്. യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ ചാത്യാത്ത് LMCC ഹയർ സെക്കൻഡറി സ്കൂളുമായി സഹകരിച്ച് ബോധപൂർണ്ണിമ വാക്കത്തോണും ബോധവൽ ക്കരണ പരിപാടികളും സംഘടിപ്പിച്ചു. ഈ വർഷത്തെ ലഹരി വിരുദ്ധ മുദ്രാവാക്യങ്ങളായ ലഹരിയുടെ ചങ്ങല തകർക്കൽ, പ്രതിരോധം, ചികിത്സ, വീണ്ടെടുക്കൽ എന്നീ നാലുകാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് വാക്കത്തോണും ബോധവൽക്കരണ പരിപാടികളും നടത്തിയത്. എറണാകുളം ലൂർദ് ആശുപത്രിയിൽ നിന്ന് ആരംഭിച്ച വാക്കത്തോൺ കൊച്ചി സിറ്റി പോലീസ് നടപ്പിലാക്കുന്ന ചിൽഡ്രൻ ആന്റ് പോലീസ് പദ്ധതിയുടെ കോർഡിനേറ്റർ ശ്രീ. ബാബു ജോൺ പി. ഫ്ളാഗ് ഓഫ് ചെയ്തു. ലൂർദ് ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ്, ലൂർദ് ആശുപത്രി വെൽഫെയർ ഓഫീസർ ഫാ. ആൻറണി റാഫേൽ കൊമരംചാത്ത് എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് ചാത്യാത്ത് ഘങഇഇ ഹയർസെക്കൻഡറി സ്കൂളിൽ നാലാം സെമസ്റ്റർ BSc നേഴ്സിങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സന്ദേശം നല്കുന്ന ഫ്ളാഷ് മോബ്, മൈം, ബോധവൽക്കരണ ക്ലാസ്, ലഹരി വിരുദ്ധ പ്രതിജ്ഞ എന്നിവ സംഘടിപ്പിച്ചു. ഏകദേശം എഴുനൂറ് വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത ലഹരി വിരുദ്ധ ദിനാചരണ പരിപാടികൾക്ക് കോളേജ് ഓഫ് നേഴ്സിങ് പ്രിൻസിപ്പൽ സിസ്റ്റർ റുഫീന എട്ടുരുത്തിൽ, വൈസ് പ്രിൻസിപ്പൽ പ്രൊ. ജോസി എ. മാത്യു, എൻഎസ്എസ് നോഡൽ ഓഫീസർ സിസ്റ്റർ വിജി സി.ടി.സി, LMCC ഹൈസ്കൂൾ പ്രിൻസിപ്പൽ സുബി സെബാസ്റ്റ്യൻ, എൽ.പി. വിഭാഗം പ്രിൻസിപ്പൽ സിസ്റ്റർ അലീന സി.ടി.സി. എന്നിവർ നേതൃത്വം നൽകി.


## *സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു*




വരാപ്പുഴ അതിരൂപതയും, എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയും കാരിത്താസ് ഇന്ത്യയും സംയുക്തമായി തീരദേശ മേഖലയിൽ കടൽക്ഷോഭം അനുഭവിക്കുന്നവർക്ക് സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. പദ്ധതിയിൽ വൈപ്പിൻ തീരദേശ മേഖലയായ മുരുക്കുംപാടം, പുതുവൈപ്പ്, സൗത്ത് പുതുവൈപ്പ്, വളപ്പ്, ഞാറക്കൽ ആറാട്ടുവഴി, നായരമ്പലം പുത്തൻകടപ്പുറം എന്നീ പ്രദേശങ്ങ ളിലായി 1200 കുടുംബങ്ങൾക്കാണ് കിറ്റ് വിതരണം ചെയ്തത്. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടന കർമ്മം പുത്തൻ കടപ്പുറത്തു വരാപ്പുഴ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ഡോ. ആന്റെണി വാലുങ്കൽ പിതാവ് 455 കുടുംബങ്ങൾക്ക് കിറ്റ് വിതരണം ചെയ്തു നിർവഹിച്ചു. ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ആന്റെണി സിജൻ മണുവേലിപ റമ്പിൽ, ഫാ. റോഷൻ നെയ്ശ്ശേരി എന്നിവർ പദ്ധതിയെ കുറിച്ച് വിശദികരിച്ചു. മുരിക്കുംപാടം ജപമാല രാജ്ഞി പള്ളി വികാരി ഫാ. ജോർജ്ജ് മംഗലത്ത്, നായരമ്പലം വാടേൽ സെന്റ്. ജോർജ്ജ് പള്ളി വികാരി ഫാ. മാത്യു ഡെന്നി പെരിങ്ങാട്ട്, സഹവികാരി ഫാ. ജിക്സൺ ജോണി ചേരിയിൽ, CTC സിസ്റ്റേഴ്സ്, ഇ.എസ്.എസ്.എസ്. പ്രവർത്തകർ, കേന്ദ്ര കമ്മറ്റി അംഗങ്ങൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## *വരാപ്പുഴ അതിരൂപത യുവജന കോഡിനേറ്റർമാരുടെ സംഗമം സംഘടിപ്പിച്ചു*

വരാപ്പുഴ അതിരൂപത യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ ഇടവകകളിലെ



കേന്ദ്ര നിർവാഹക സമിതി യുവജന കോഡിനേറ്റർമാരുടെ സംഗമം സംഘടിപ്പിച്ചു. 2023-2025 കാലയളവിൽ കോഡിനേറ്റർമാരായിരുന്നവരും 2025-2027 കലഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപെട്ടവ രും സംഗമത്തിൽ പങ്കെടുത്തു. വരാപ്പുഴ അതിരൂപത ചാൻസിലർ റവ. ഫാ. എബിജിൻ അറക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. വരാപ്പുഴ അതിരൂപത യുവജന കമ്മീഷൻ ഡയറക്ടർ റവ. ഫാ. ജിജു ക്ലീറ്റസ് തിയ്യാടി യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. വരാപ്പുഴ അതിരൂപത ബി.സി.സി. ഡയറക്ടർ റവ. ഫാ. യേശുദാസ് പഴമ്പിള്ളി, കെ.സി.വൈ. എം. അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക്ക് സി.എൽ.സി. അതിരൂപത പ്രസിഡന്റ് അലൻ ടൈറ്റസ് അതിരൂപത ജീസസ് യൂത്ത് അംഗം റോജൻ, അതിരൂപത യുവജന കമ്മീഷൻ (ജോ) സെക്രട്ടറി സിബിൻ യേശുദാസൻ എന്നിവർ യോഗത്തിൽ സംസാരിച്ചു. കെ.സി.വൈ.എം, സി.എൽ.സി ., ജീസസ് യൂത്ത്, അതിരൂപത ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു.2025-27 അതിരൂപത യുവജന കോഡിനേറ്റർമാരായി വിനോജ് (മാനാട്ടുപറമ്പ്), അലീന ജോർജ് (കത്തീഡ്രൽ) എന്നിവരെ യോഗം തിരഞ്ഞെടുത്തു. അതിരൂപതയിൽ 2023-2025 കാലഘട്ടത്തിൽ ഇടവക കേന്ദ്രനിർവാഹക സമിതി യുവജന കോഡിനേറ്റർമാരായി ശുശ്രൂഷ ചെയ്ത യുവജനങ്ങൾക്ക് മെമന്റൊ നൽകി ആദിരിച്ചു.

### *കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത യുവജനദിനാഘോഷം കൊണ്ടാടി*

കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത യുവജന ദിനാഘോഷങ്ങളുടെ ഭാഗമായി തേവര, സെന്റ് ജോസഫ് & സെന്റ് ജൂഡ് ഷ്റൈൻ, ദൈവാലയത്തിൽ വച്ച് ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ആന്റണി സിജൻ മണുവേലിപറമ്പിൽ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും അതിരൂപതാതല യുവജന ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക്ക് കെ.സി.വൈ.എം. പ്രസ്ഥാന ത്തിന്റെ ത്രിവർണ്ണ പതാക ഉയർത്തി. ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ., കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന വൈസ് പ്രസിഡന്റ് അക്ഷയ് അലക്സ്, യൂത്ത് കമ്മീഷൻ ജോയിൻ സെക്രട്ടറി സിബിൻ യേശുദാസ്, കെ.സി.വൈ.എം. വരാപ്പുഴ

# വാർത്തകൾ

NEWS

## ആർച്ച്ബിഷപ്പ്സ് 'സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*1.സേക്രട്ട് ഹാർട്ട് ചർച്ച്, ഇടപ്പള്ളി നോർത്ത്10,000 രൂപ*
*2.സേക്രട്ട് ഹാർട്ട് ചർച്ച്, കോതാട്35,000 രൂപ*
*3.സേക്രട്ട് ഹാർട്ട് ചർച്ച്, ആലുവ10,000 രൂപ*
*4.താന്നിപ്പിള്ളി ബെന്നി & നിഷ2,000 രൂപ*
*5.നിത്യസഹായമാതാ തിരുനാൾ, SOCCORSO വില്ല, ചെമ്പുമുക്ക്15,000 രൂപ*
*ആകെ72,000 രൂപ*



അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ദിൽമ മാത്യു, വിനോജ് വർഗീസ്, ലെറ്റി എസ്.വി., ഫെർഡിൻ ഫ്രാൻസിസ്, അരുൺ സെബാസ്റ്റ്യൻ, മേഖലാ ഭാരവാഹികൾ, വിവിധ യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

### *കരുതലായി കെ.സി.വൈ.എം വരാപ്പുഴ അതിരൂപത വിദ്യാഭ്യാസ പദ്ധതി*



കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന 'കരുതൽ വിദ്യാഭ്യാസ പദ്ധതി' ആറാംഘട്ട ഉദ്ഘാടനം സെന്റ്. തെരേസാസ് കോളേജിൽ വെച്ച് കോളേജ് ഡയറക്ടർ സി. ടെസ്സ CSST ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ഡയറക്ടർ ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി ആമുഖ പ്രഭാഷണം നടത്തി. ഓച്ചന്തുരുത് സ്കൂൾ

പ്രിൻസിപ്പാൾ സി. നിരഞ്ജന CSST ആശംസ അർപ്പിച്ച് സംസാരിച്ചു. വൈപ്പിൻ പ്രദേശത്തെ കുട്ടികൾക്കാണ് കരുതൽ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള ബാഗ് അടങ്ങിയ കിറ്റ് നൽകുന്നത്. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ദിൽമ മാത്യു, വിനോജ് വർഗ്ഗീസ്, ഫെർഡിൻ ഫ്രാൻസിസ്, അരുൺ സെബാസ്റ്റ്യൻ, കത്തീഡ്രൽ-തൈക്കൂടം മേഖലാ വൈസ് പ്രസിഡന്റ് അമല റോസ് കെ.ജെ., യൂണിറ്റ് ഭാരവാഹികൾ സന്നിഹിതരായിരുന്നു.

### *അശരണർക്ക് തണലായി കെ.സി.വൈ.എം വരാപ്പുഴ*



അതിരൂപത 'സുഭിക്ഷം' പദ്ധതി മൂന്നാം ഘട്ടത്തിലേക്ക് നിരാലംബരായവർക്ക് കൈത്താങ്ങാകാൻ കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിവരുന്ന സുഭിക്ഷം പദ്ധതിയുടെ മൂന്നാം ഘട്ടം സെന്റ് ഫ്രാൻസീസ് അസ്സീസി കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് ടി.ജെ. വിനോദ് എം.എൽ.എ., കത്തീഡ്രൽ സഹവികാരി ഫാ. റോഷൻ റാഫേൽ നെയ്ശ്ശേരിക്ക് ഭക്ഷ്യകിറ്റ് കൈമാറി ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷത വഹിച്ചു.ഡയറക്ടർ ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി ആമുഖ പ്രഭാഷണം നടത്തി. കത്തീഡ്രൽ സെൻട്രൽ കമ്മിറ്റി ലീഡർ ആന്റണി ലൂയിസ്, സെക്രട്ടറി ബെൻ പോൾ, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ട്രഷറർ ജോയ്സൺ പി.ജെ., സെക്രട്ടറി ഫെർഡിൻ ഫ്രാൻസിസ്, കത്തീഡ്രൽ-തൈക്കൂടം മേഖലാ വൈസ് പ്രസിഡന്റ് അമല റോസ് കെ.ജെ., കത്തീഡ്രൽ, എടവനക്കാട് യൂണിറ്റ് ഭാരവാഹികൾ സന്നിഹിത രായിരുന്നു. എറണാകുളം നഗരത്തിലെ വിവിധ കോളനിയിലെ അശരണരായ ആളുകൾക്ക് 500 കിലോ അരി വിതരണം ചെയ്തു.

### *മൂലമ്പിള്ളി പാക്കേജിൽ ഉൾപ്പെട്ടവർക്ക് സർക്കാർ എവിറ്റിസ് കാർഡ് ഉടനടി നൽകുക*

കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ ആരംഭിച്ച സോഷ്യൽ - പൊളിറ്റിക്കൽ അക്കാദമി മൂലമ്പിള്ളി സമരവുമായി ബന്ധപ്പെട്ട സംവാദം മഹാരാജാസ് കോളേജിന്റെ മുൻ പ്രിൻസിപ്പാൾ പ്രൊഫ. കെ. അരവിന്ദാക്ഷൻ ഉദ്



ഘാടനം നിർവഹിച്ചു. എവിറ്റിസ് കാർഡ് ലഭ്യമാക്കുന്നതുവഴി മൂലമ്പിള്ളി പാക്കേജിൽ ഉൾപ്പെട്ടവർക്ക് വിവിധങ്ങളായ ആവശ്യങ്ങളിൽ മുൻഗണന ലഭിക്കുന്നതിനും മറ്റും സഹായകരമാവുന്നതാണ്. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതാ പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷനായിരുന്നു. മൂലമ്പിള്ളി റീഹാബിലിറ്റേഷൻ പാക്കേജ് കോർഡി നേഷൻ കമ്മിറ്റി ജനറൽ കൺവീനർ ഫ്രാൻസിസ് കളുത്തങ്കൽ സംവാദം നയിച്ചു. മൂലമ്പിള്ളി ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ കൂട്ടുങ്കൽ, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ഡയറക്ടർ ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി, ട്രഷറർ ജോയ്സൺ പി.ജെ., വൈസ് പ്രസിഡന്റ് ദിൽമ മാത്യു, ചാത്യാത്ത് മേഖല യൂത്ത് കൗൺസിലർ ആന്റണി ഫെലിക്സ്, മൂലമ്പിള്ളി യൂണിറ്റ് സെക്രട്ടറി ഫെബിൻ അഗസ്റ്റിൻ, വിവിധ യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

### *അഭിനന്ദനങ്ങൾ*



എറണാകുളം: കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ഫെഡറേഷൻ സിഐറ്റിയു സംസ്ഥാന സെക്രട്ടറിയായി അഡ്വ. യേശുദാസ് പറപ്പിള്ളി തിരഞ്ഞെടുക്കപ്പെട്ടു.

ഏരൂർ സെന്റ് ജോർജ് പള്ളി ഇടവക അംഗമായ ജോഷ്വാ ജോർജ് മൈക്കിൾ ഇന്ത്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT) ഗാന്ധിനഗറിൽ നാലു വർഷ എഞ്ചിനീയറിംഗ് അഡ്മിഷൻ കരസ്ഥമാക്കി.



കെ.എസ്.ഇ.ബി. സീനിയർ സുപ്രണ്ട് ആയ ബിജു ചുള്ളിക്കലിന്റെയും രാജഗിരി എഞ്ചിനീയറിംഗ് കോളേജിൽ അസോസിയേറ്റ് പ്രൊഫസറായ ട്രെസ മൈക്കിളിന്റെയും മകനാണ് ജോഷ്വാ ജോർജ് മൈക്കിൾ..

ബൈബിൾ
വിചിന്തനം

# പൗരോഹിത്യത്തിലെ ആനന്ദം

യോഹ 15: 15-17




ഡോ. വിൻസെന്റ് വാര്യത്ത്

2025 ജൂൺ 26-ാം തീയതി പോപ്പ് ലെയോ പതിനാലാമൻ വിളിച്ചുകൂട്ടിയ പുരോഹിതരുടെ ജൂബിലിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 17,000 വൈദികർ പങ്കെടുത്തു. ഈ വൈദികരെ അഭിസംബോധന ചെയ്തുകൊണ്ട് പാപ്പാ പറഞ്ഞത് 'ഇന്നത്തെ ലോകത്തിൽ ആനന്ദം ഉള്ള വൈദികരായി ജീവിക്കുക' എന്നാണ്. പാപ്പ പറഞ്ഞ കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

**1.“സദാ സന്തോഷമുള്ള വൈദികർ ആയിരിക്കുക.** സന്തോഷമുള്ള വൈദികനാണ് ഏറ്റവും വലിയ സുവിശേഷ പ്രഘോഷകൻ! Happy Priest is the best Proclaimer of the Gospel.” സന്തോഷം നിറഞ്ഞ ജീവിതംകൊണ്ട് സുവിശേഷപ്രഘോഷണം നടത്തുവാൻ നിങ്ങളുടെ സ്വന്തം അച്ചൻമാരെ എത്രത്തോളം സഹായിക്കുന്നുണ്ട് എന്ന് ചിന്തിച്ച് നോക്കുക. സന്തോഷവും സ്നേഹവും നിറഞ്ഞ ഒരു അന്തരീക്ഷം നാം ഇടവകയിൽ ഒരുക്കുന്നുണ്ടോ?
പാപ്പ പറയുന്നു, സന്തോഷം ഉണ്ടാകേണ്ടത് ദൈവവും മനുഷ്യരുമായുള്ള അടുപ്പത്തിൽ നിന്നാണ്. പോപ്പ് ലെയോ, അച്ചൻമാരെ ഇങ്ങനെ ഓർമ്മപ്പെടുത്തി “നമ്മളാരും പൂർണ്ണരല്ല. പക്ഷേ നമുക്ക് സ്വന്തമായി ഒരു സ്വർഗ്ഗ പിതാവുണ്ട്, ഒരു അമ്മയുണ്ട്, പരിശുദ്ധ കന്യകാമറിയം. നമ്മെ സുഹൃത്തുക്കൾ എന്ന് വിളിക്കാൻ ഈശോ ഉണ്ട്, നമുക്ക് പരസ്പരം സ്നേഹിക്കുവാനായി ഒരു വലിയ കുടുംബമുണ്ട്. ഹാപ്പിയാകാൻ അത്രയും മതി!” ഇങ്ങനെ ഒരു ഹാപ്പിനസ് നമ്മുടെ ഇടവക കുടുംബത്തിൽ വളർത്തിയെടുക്കാൻ വൈദികരെ സഹായിക്കാൻ നമ്മളോരോരുത്തരും എന്ത് ചെയ്യുന്നുണ്ട് എന്നുകൂടി സ്വയം ഒന്ന് ചോദിക്കാൻ ശ്രമിക്കുക.

**2.“ഇടയനും അജഗണവും ഒരുമിച്ച് മുന്നേറണം”**
ആരും ഒറ്റപ്പെട്ട തുരുത്തല്ല. കൗദാശിക ജീവിതം കൂട്ടായ്മയുടെ ആഘോഷമാണ്. കൂട്ടായ്മയുടെ ഏറ്റവും ഉന്നതമായ പ്രതീകമാണ് വിശുദ്ധ കുർബാന. കൂദാശകളിൽ സജീവമായി പങ്കെടുത്തു സഭയുടെ കൂട്ടായ്മയിൽ നമ്മളും അണിചേരുന്നുണ്ടോ എന്ന് സ്വയം ചോദിക്കുക. പള്ളിയിൽനിന്നും പട്ടക്കാരനിൽ നിന്നും അകന്നുമാറി സ്വന്തം കംഫർട്ട് സോണുകളിൽ ഒതുങ്ങിക്കൂടുന്ന പ്രവണത നമ്മുടെ ഇടയിൽ കൂടുന്നുണ്ടോയെന്ന് സ്വയം ഒന്ന് വിശകലനം ചെയ്യുക. പള്ളിക്കാര്യം സ്വന്തം കാര്യമായി നമ്മൾ കാണുന്നുണ്ടോ?
ജൂൺ 27-ാം തീയതി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 20 രാജ്യങ്ങളുടെ പ്രതിനിധികളായ 32 ഡീക്കന്മാരെ പോപ്പ് ലെയോ പൗരോഹിത്യത്തിലേക്ക് കൈവയ്പ്പ് ശുശ്രൂഷ വഴി ഉയർത്തി. അവരോട് സംസാരിച്ചുകൊണ്ട് പാപ്പാ പറഞ്ഞ കാര്യങ്ങളും കൂടി വിചിന്തനത്തിനായി എടുക്കാം.
പാപ്പ ഇങ്ങനെ ആഹ്വാനം




ചെയ്തു: യഥാർത്ഥ സന്തോഷം ഉണ്ടാകാൻ മൂന്ന് കാര്യങ്ങൾ വേണം.
*ഒന്ന്: ദൈവത്തിന് പൂർണ്ണമായും സ്വയം സമർപ്പിക്കുക.*
*രണ്ട്: ദൈവജനത്തിനുവേണ്ടി ഉദാരതയോടെ സ്വയം സമർപ്പിക്കുക.*
*മൂന്ന്: ഇടയനും അജഗണവും ലോക വഴിയിലല്ല, ക്രിസ്തു വഴിയിൽ നടക്കുക.*
ഈ ആഹ്വാനങ്ങൾ വൈദികർക്കു മാത്രമല്ല നമുക്കെല്ലാവർക്കും ബാധകമാണ്. ഈ മൂന്ന് കാര്യങ്ങൾ പാലിക്കുന്നതുവഴി നമ്മളും യഥാർത്ഥ സന്തോഷത്തിന്റെ വഴിയിൽ എത്തും.

***ചോദ്യങ്ങൾ***

1.വൈദികരുടെ മാസമായ ഓഗസ്റ്റ് മാസത്തിൽ അവരെ ആദരിക്കാൻ എന്തൊക്കെ ചെയ്യാനാവും?

2.ദൈവവിളി പ്രോത്സാഹിപ്പിക്കാൻ നാം എന്തൊക്കെ ചെയ്യുന്നുണ്ട്?

# ബലിപീഠമേ...സ്വസ്തി



ഫാ. ഫെലിക്സ്
ചുള്ളിക്കൽ

ഒരാളുടെകൂടെ
എത്രകാലം നടന്നുവെന്നും
എത്രയെത്ര ദിനരാത്രങ്ങൾ
ഒപ്പമിരുന്നെന്നും
പറഞ്ഞിട്ടെന്താ,
അയാളുടെ സങ്കടനേരത്ത്
ഒന്നും മിണ്ടാതെ
അടുത്തിരിക്കാനായില്ലെങ്കിൽ...

എത്ര ഉയരത്തിൽ പറന്നാലും
ഇരപിടിക്കാൻ
ഭൂമിയിലിറങ്ങണമെന്ന് കഴുകനും
ഏത് ചേറിലായാലും
പൂക്കൾക്ക്
ഭംഗിയുണ്ടാകുമെന്ന് താമരയും
ഏത് കുപ്പയിൽ വളർന്നാലും
പഴങ്ങൾക്ക്
അയിത്തമില്ലെന്ന് വാഴയും
എത്രകണ്ട് സ്നേഹിച്ചാലും
വീണ് ഉടഞ്ഞാൽ
വെറുത്തുപോകുമെന്ന് കണ്ണാടിയും
എത്ര പടികൾ കയറിയാലും
തെന്നി വീഴാൻ
ഒരു പടി മതിയെന്ന് കോണിപ്പടിയും
ബന്ധങ്ങളുടെ ഇഴകൾക്ക്
ഒരു വൈറസ്സോളം ബലമേയുള്ളൂ എന്ന്
കോവിഡും പഠിപ്പിക്കുന്നു
.
സന്തോഷം വന്നാലും
വേദനവന്നാലും
ചെന്നു കെട്ടിപ്പിടിക്കാൻ
ഒരു ബലിപീഠം ഉള്ളതാണ്
മറ്റാർക്കും കിട്ടാത്ത
ഒരു പുരോഹിതന്റെ ഭാഗ്യം.



ജീവദീപ്തിയിലെ പരസ്യങ്ങൾക്കും
വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം
ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004